Reg. M. No. 2293 ഒററപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 ചിങ്ങം 17—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 സെപ്ററംബർ 2 | ലക്കം 3

# തൊഴിലാളികളുടെ ആശാദീപം

## അമേരിക്കയിലെ 14-ാമത്തെ കത്തോലിക്കാമന്ത്രി


(എ. ജി. അഗസ്റ്റിൻ ബി. എ. ബി. എൽ.)

അമേരിക്കയിലെ പ്രസിഡണ്ട് ഐസനോവരുടെ മന്ത്രിസഭയിൽ തൊഴിൽവകുപ്പിന്റെ മേധാവിയാണ് മാർട്ടിൻ പി. ഡർക്കിൻ. ദിവസേന മുടക്കംകൂടാതെ ദേവാലയത്തിൽ പോയി ദിവ്യബലി കാണുകയും വിശുദ്ധ കുർബാന ഉൾക്കൊള്ളുകയും ചെയ്യുന്ന വിനീതനായ ഈ നേതാവ് ഇന്നു അമേരിക്കയിലെ തൊഴിലാളിലോകത്തിന്റെ ഒരു ആശാദീപമായിക്കഴിഞ്ഞിരിക്കുകയാണ്.

1894 മാർച്ച് 8-ാംനു ചിക്കാഗോയിൽവച്ച് ഐറിഷ് വംശജരായ മാതാപിതാക്കന്മാരിൽനിന്നു ജാതനായ മാർട്ടിനു ചെറുപ്പകാലത്തു ദാരിദ്ര്യക്ലേശങ്ങൾ സഹിക്കേണ്ടിവന്നു. കുടുംബത്തെ സഹായിക്കുവാൻവേണ്ടി അദ്ദേഹം 14-ാമത്തെ വയസ്സിൽ വിദ്യാഭ്യാസം വേണ്ടെന്നുവച്ച് സ്റ്റീംഫിറ്ററുടെ ജോലിയിൽ ഏർപ്പെട്ടു. ചിക്കാഗോയിലെ വൃത്തികെട്ട സ്റ്റോക്കുയാർഡ് പരിസരങ്ങളിലാണ് ചെറുപ്പകാലം മുഴുവനും കഴിച്ചുകൂട്ടിയതു്. ആദ്യകാലത്തെ നിരാശാജനകങ്ങളായ പരിതസ്ഥിതികളോടു് മല്ലിട്ടു തൊഴിലാളിലോകത്തിൽ സമുന്നതമായ ഒരു സ്ഥാനം കരസ്ഥമാക്കാൻ അദ്ദേഹത്തിനു സാധിച്ചതു് നിരന്തരമായ യത്നവും നയതന്ത്രവും സത്സ്വഭാവവുംകൊണ്ടു മാത്രമാകുന്നു.

സേവനബഹുലമായ ഒരു ജീവിതമാണ് മാർട്ടിനു് ആദ്യംമുതൽ നയിക്കേണ്ടിവന്നിട്ടുള്ളതു്. 14-ാമത്തെ വയസ്സിൽ സ്റ്റീംഫിറ്ററുടെ ജോലിയിൽ പ്രവേശിച്ച് അദ്ദേഹം സ്വപരിശ്രമംമൂലം പടിപടിയായി ഉയർന്നുവന്നു. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലും ഗണ്യമായ ഭാഗഭാഗിത്വം വഹിക്കുകയുണ്ടായി. ഹെൻറി ഹോർണർ ഇല്ലിനോയിഡ് 'സംസ്ഥാനത്തെ ഗവർണ്ണറായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മാർട്ടിൻ തൊഴിൽവകുപ്പിന്റെ മേധാവിയായി നിയമിക്കപ്പെട്ടു. ഈ ഉദ്യോഗം മൂന്നു ഗവർണ്ണറന്മാരുടെ കീഴിൽ അത്യധികം പ്രശംസനീയമായവിധം അദ്ദേഹം നിർവ്വഹിച്ചുപോന്നു. ആ സ്ഥാനത്തിരുന്നുകൊണ്ടു് മാർട്ടിൻ നടപ്പാക്കിയ പരിഷ്കാരങ്ങൾ തൊഴിലാളികൾക്കു വളരെയധികം ഉപകരിച്ചിട്ടുണ്ടു്. ഫാക്ടറികളിലെ തൊഴിലാളികളുടെ ജീവിതത്തോതു് ഉയർത്താനും തൊഴിലുടമകളുടെ ചൂഷണം അവസാനിപ്പിക്കാനും അദ്ദേഹം പല കർശനനടപടികളുമെടുത്തു. തൊഴിൽക്കുഴപ്പങ്ങൾ പരിഹരിച്ചു തൊഴിലാളിയും മുതലാളിയും തമ്മിൽ സഹകരണമനോഭാവം കൈവളർത്തുന്നകാര്യത്തിലാണ് മാർട്ടിൻ മുഖ്യമായി വിജയം നേടിയതു്. തൊഴിൽക്കുഴപ്പങ്ങൾ പടർന്നുപിടിക്കാതെ രമ്യതയിൽ പറഞ്ഞവസാനിപ്പിക്കുന്നതിനു അദ്ദേഹം പ്രത്യേകം വ്യവസ്ഥകൾ ഏർപ്പെടുത്തുകയുണ്ടായി.

ഇല്ലിനോയിഡ് സംസ്ഥാനത്തെ തൊഴിൽവകുപ്പുമേധാവിയുദ്യോഗം വിട്ടതിനുശേഷം ഇൻറർനാഷനൽ പ്ലംബേഴ്സ് ആൻറു് പൈപ്പ് ഫിറ്റേഴ്സ് യൂണിയന്റെ സെക്രട്ടറിയും ട്രെഷററുമായും 1943-ൽ അതിന്റെ പ്രസിഡണ്ടുമായും മാർട്ടിൻ തിരഞ്ഞെടുക്കപ്പെട്ടു. പ്രസ്തുതയൂണിയന്റെ നേതാവ് എന്ന നിലയിൽ അദ്ദേഹം വിശ്വവ്യാപകമായ പ്രശസ്തി സമ്പാദിച്ചു. അദ്ദേഹം നേതൃത്വം കൈയേററപ്പോൾ ഒരുലക്ഷം അംഗങ്ങളുണ്ടായിരുന്ന പ്രസ്തുതയൂണിയനു് ഇന്നു രണ്ടേകാൽ ലക്ഷംപേരുടെ അംഗശക്തിയാണ് ഉള്ളതു്. ഒമ്പതുകൊല്ലംകൊണ്ടു 125 ശതമാനം അംഗശക്തി വർദ്ധനവാണ് യൂണിയനുണ്ടായിട്ടുള്ളതു്. ഇപ്പോഴത്തെ ഉദ്യോഗം സ്വീകരിക്കുന്നതുവരെ മാർട്ടിൻ പ്രസ്തുതയൂണിയന്റെ പ്രസിഡണ്ടായി തുടർന്നുപോന്നു. തൊഴിലാളികളും തൊഴിലുടമകളും തമ്മിൽ കഴിയുന്നേടത്തോളം രമ്യതയിലും സഹകരണത്തിലും കഴിഞ്ഞുകൂടാവുന്ന ഒരന്തരീക്ഷം സൃഷ്ടിക്കുകയാണ് മാർട്ടിന്റെ പ്രവർത്തനലക്ഷ്യം. അതിൽ അദ്ദേഹം അത്യധികം വിജയം പ്രാപിക്കുകയുമുണ്ടായിട്ടുണ്ടു്. തൊഴിൽക്കുഴപ്പം എല്ലാവർക്കും ദോഷകരമാണെന്നു് അദ്ദേഹത്തിനറിയാം. യൂണിയൻ പ്രസിഡണ്ടെന്ന നിലയിൽ യൂണിയന്റെ 740-ൽപ്പരം ശാഖകൾ സന്ദർശിച്ചും മീററിംഗുകളിൽ സംബന്ധിച്ചും സംഭവബഹുലമായ ഒരു പരിപാടിയാണ് അദ്ദേഹം നിർവ്വഹിച്ചുപോന്നിരുന്നതു്. എത്ര കഠിനമായ അദ്ധ്വാനവും വിശ്രമരഹിതമായി ചെയ്തു് ഉത്തരവാദിത്വമേറിയ തന്റെ ജോലികൾ നടത്തിക്കൊണ്ടുപോകാൻ അദ്ദേഹത്തിനു സന്തോഷമേയുള്ളു.



ഡബ്ളിനിലെ ഒരു സാധുതൊഴിലാളിയായിരുന്ന മാററ ററാൽബട്ട്. പകൽനേരത്തെ കഠിനാദ്ധ്വാനത്തിനുശേഷം രാത്രി പ്രാർത്ഥനയിലും പ്രായശ്ചിത്തത്തിലും ചെലവഴിച്ചിരുന്ന ഒരു താപസവര്യനാണിദ്ദേഹം. ഇദ്ദേഹത്തെ സിദ്ധൻ എന്നു പേർവിളിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടു്.

അമേരിക്കയിലെ തൊഴിലാളിമന്ത്രിയെന്ന പുതിയ ഉദ്യോഗം വിജയകരമായി നിർവ്വഹിക്കാൻ വേണ്ട പരിചയസമ്പത്തും വൈദഗ്ദ്ധ്യവും ഹൃദയവിശാലതയും മാർട്ടിനുണ്ടു്. ഇപ്പോൾ അമേരിക്കയിൽ ഭരണം നടത്തുന്ന റിപ്പബ്ളിക്കൻ കക്ഷിയിൽപ്പെട്ട ഒരാളല്ല അദ്ദേഹം. കൂടാതെ, കഴിഞ്ഞ പ്രസിഡണ്ടുതിരഞ്ഞെടുപ്പിൽ ഐസനോവരുടെ എതിരാളിയായിരുന്ന ഡെമൊക്രാററു് സ്ഥാനാർത്ഥി അഡ്‌ലെ സ്റ്റീവൻസണിന്റെ ഉററസഹായിയുമായിരുന്നു മാർട്ടിൻ. ഇങ്ങനെയൊക്കെയാണെങ്കിലും എതിർകക്ഷിയിൽപ്പെട്ട അദ്ദേഹത്തെത്തന്നെ തൊഴിലാളിമന്ത്രിയായി ഐസനോവർ നിയമിച്ചതു് പ്രത്യേകം ശ്രദ്ധാർഹമാണ്. മാർട്ടിന്റെ സാമർത്ഥ്യവിശേഷങ്ങൾ സർവ്വത്ര അംഗീകരിക്കപ്പെടുന്നുണ്ടെന്നത്രെ ഇതിൽനിന്നും ഗ്രഹിക്കേണ്ടതു്. തൊഴിലാളികളും മുതലാളികളും തമ്മിൽ കൂടുതൽ സൗഹൃദമായ സഹകരണബന്ധം പുലർത്തി രാജ്യക്ഷേമം കൈവരുത്തുന്നതിനുള്ള ശേഷി അദ്ദേഹത്തിനുണ്ടെന്നു് അമേരിക്കൻ ഭരണമേധാവികൾ അറിഞ്ഞുകഴിഞ്ഞിട്ടുണ്ടു്. ഐസനോവരുടെ മന്ത്രിസഭയിലെ ഏക ഡെമൊക്രാററുകക്ഷിയംഗവും അദ്ദേഹംതന്നെ.

അതിവഭക്തനായ ഒരു കത്തോലിക്കനാണ് മാർട്ടിൻ. കഴിഞ്ഞ ഇരുപതുകൊല്ലമായി അദ്ദേഹം എല്ലാദിവസവും ദിവ്യബലിയിൽ സംബന്ധിച്ചുവരുന്നു. "ഫ്രാൻസിസ്കൻ വൈദികർ നടത്തിയ ഒരു ധ്യാനത്തിൽ ആദ്യമായി സംബന്ധിച്ചതിനുശേഷം, എല്ലാദിവസവും കുർബാന കാണണമെന്നു ഞാൻ തീർച്ച

പ്പെടുത്തി. ഇതു് എന്റെ ജീവിതത്തിൽ വലിയൊരു പങ്കു വഹിച്ചിട്ടുണ്ടെന്നു് എനിക്കറിയാം" എന്നു ആ തൊഴിലാളിനേതാണു് പറയുന്നു. അദ്ദേഹം പുകവലിക്കുകയോ ലഹരിസാധനങ്ങൾ ഉപയോഗിക്കുകയോ ചെയ്യുന്നില്ല. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള കത്തോലിക്കാസഭയുടെ ഉൽബോധനങ്ങൾ നടപ്പിലാക്കാൻ അദ്ദേഹത്തിനുമോഹമുണ്ടു്. അത്യധികം സമാധാനപരവും മാതൃകാപരവുമായ ഒരു കുടുംബജീവിതമാണു് അദ്ദേഹത്തിനുള്ളതു്. മൂന്നു പുത്രന്മാരുള്ളതിൽ മൂത്ത രണ്ടുപേരും ജോലിയിൽ പ്രവേശിച്ചിരിക്കുകയാണു്. നാലു കൊല്ലം മുമ്പു് അന്താരാഷ്ട്രീയ തൊഴിൽ സംഘടനയുടെ സമ്മേളനത്തിൽ അമേരിക്കയുടെ പ്രതിനിധികളിലൊരാളായി മാർട്ടിൻ ജനീവായിലേക്കുപോയി മടങ്ങിയപ്പോൾ അദ്ദേഹവും ഭാര്യയും വത്തിക്കാനിൽ ചെന്നു പരിശുദ്ധപിതാവിനെ സന്ദർശിക്കുകയുണ്ടായി. എത്ര ജോലിത്തിരക്കുണ്ടെങ്കിലും ഏതു രാജ്യത്തായിരുന്നാലും ശരി, ദിവ്യബലിയിൽ സംബന്ധിക്കുക മുതലായ തന്റെ മതചടങ്ങുകൾക്കു് അദ്ദേഹം യാതൊരു മുടക്കവും വരുത്തുകയില്ല. തിരുനാമസംഘടനയിലേയും പതിമൂന്നാം ലിയോ കൗൺസിലിലേയും നൈററ്സ് ഓഫ് കൊളമ്പസ് സംഘത്തിലേയും ഒരു അംഗമാണു് അദ്ദേഹം. തൊഴിൽപ്രശ്നങ്ങൾ സംബന്ധിച്ചുള്ള കത്തോലിക്കാകോൺഫറൻസിന്റെ വൈസ്പ്രസിഡന്റായി അദ്ദേഹം ഏതാനുംനാൾ സേവനം ചെയ്തിട്ടുണ്ടു്. അമേരിക്കയുടെ ചരിത്രത്തിൽ മന്ത്രിസഭാംഗങ്ങളായിരുന്നിട്ടുള്ള കത്തോലിക്കരിൽ പതിന്നാലാമത്തെയാളാണു് അദ്ദേഹം.



മാർട്ടിൻ പി. ഡർക്കിൻ

മാർട്ടിനെ അമേരിക്കയിലെ തൊഴിലാളിമന്ത്രിയായി നിയമിച്ചതു് പൊതുവെ സഹർഷം അംഗീകരിക്കപ്പെട്ടുകയാണുണ്ടായതു്. അത്യധികം വിഷമകരമായ ഇക്കാലസന്ധിയിൽ തൊഴിൽരംഗത്തു് ഭദ്രതയും സുസ്ഥിതിയും കൈവരുത്താൻ വേണ്ടകെല്പു അദ്ദേഹത്തിനുണ്ടെന്നു് രാഷ്ട്രീയവിരോധികൾപോലും സമ്മതിച്ചുകഴിഞ്ഞിരിക്കയാണു്. ദീർഘകാലം പിടിച്ചു അനേകം പ്രശ്നങ്ങളെ അദ്ദേഹത്തിനു നേരിടേണ്ടതായിവരും. സ്വതസിദ്ധമായ ശാന്തതയോടും പ്രഗത്ഭതയോടുംകൂടി ഈ മഹാരഥൻ അവയെ പരിഹരിച്ചു വിജയംവരിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം. "ശരിയായ സഹകരണം നൽകുന്നപക്ഷം മാർട്ടിൻ ഡർക്കിൻ നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ ഏററവും സമർത്ഥനായ തൊഴിലാളിമന്ത്രിയായിത്തീരും" എന്നു് അമേരിക്കയിലെ ഒരു പ്രമുഖതൊഴിലാളിനേതാവു പറഞ്ഞതു് ഇവിടെ സ്മരണീയമാണു്.

ചെറുകഥ

# കൊച്ചുതൊമ്മൻ

(ജോസഫ് മററം, ചേർപ്പുങ്കൽ)

ചക്രവാളരേഖയെ മുട്ടി, നീണ്ടുനീണ്ടു കിടക്കുന്ന വയലിലേക്കു നോക്കി അവൾ നിന്നു. ആ നേരിയ നിലാവിൽ അച്ചാമ്മയുടെ മുഖം ഒരു പാതിരാപ്പൂവുപോലെ പ്രശോഭിച്ചു. ആ ഗ്രാമം മുഴുവൻ മയങ്ങിക്കഴിഞ്ഞു. പിറന്നിട്ടഞ്ചുനാളുകൾ മാത്രമായ അമ്പിളിക്കല ഒരു വെൺമേഘത്തിന്റെ കൈക്കുപിടിച്ചു പതുക്കെപ്പതുക്കെ നീലാകാശത്തിൽക്കൂടി പിച്ചവയ്ക്കുന്നുണ്ടായിരുന്നു.

എങ്ങും മരവിച്ച നിശ്ശബ്ദത. എല്ലാവരുമുറക്കമായി. അവൾക്കു മാത്രമുറക്കം വരുന്നില്ല. ഹൃദയത്തിൽ നീറുന്ന വേദനകളും, മനസ്സിൽ തേരട്ടകളെപ്പോലെയിഴഞ്ഞുകയറുന്ന ചുട്ടചിന്തകളുമായി അച്ചാമ്മ കുറേനേരം തിരിഞ്ഞും മറിഞ്ഞും കിടന്നു. അവസാനമവളെഴുന്നേററു പുറത്തേക്കു നോക്കി നില്ക്കുകയാണു്. കരഞ്ഞുകരഞ്ഞു മടുത്തു് തന്റെ പിഞ്ചുകുഞ്ഞു് തളർന്നുറക്കമായി. ചന്ദ്രപ്രകാശത്തിൽ തന്റെ പിഞ്ചുശിശുവിന്റെ ഓമനമുഖം തെളിഞ്ഞുകണ്ടപ്പോൾ നിരവധി സ്മരണകൾ അവളുടെ മുമ്പിലേക്കു കെട്ടഴിഞ്ഞുവീണു.

ആ പിഞ്ചുകുഞ്ഞിനേയും മാറോടുചേർത്തുപിടിച്ചുകൊണ്ടു് അവൾ ഭർത്തൃഗൃഹത്തിൽ നിന്നിറങ്ങിപ്പോന്നതന്നാണു്. വേച്ചുവേച്ചു പടികയറി വരുന്ന അവളുടെ കൈയിൽ ഒരു ചെറിയ ഭാണ്ഡക്കെട്ടുകൂടി കണ്ടപ്പോൾ വീട്ടുകാരസ്ഥാളിച്ചു. താനിപ്രകാരം വരുവാനിടയായ സാഹചര്യങ്ങൾ വിവരിച്ചപ്പോൾ അവളുടെ അമ്മ പൊട്ടിക്കരഞ്ഞു.

അവളെല്ലാമോർമ്മിക്കുവാൻ ശ്രമിക്കുകയാണു്. കഴിഞ്ഞകാലങ്ങളുടെ മധുരമായ അനുഭൂതികളിലേക്കവളുടെ ചേതന പറന്നുപോയി. ഒരു വിദ്യാർത്ഥിനിയായിരുന്ന കാലം. വ്യഥ എന്തെന്നറിഞ്ഞിട്ടുപോലുമില്ലവൾ. അവൾ മാതാപിതാക്കന്മാരുടെ പ്രഥമസന്താനമായിരുന്നു. വികസിച്ചുവരുന്ന ഒരു കൊച്ചു പനിനീർപ്പുഷ്പമായിരുന്നവൾ. അവളെ വിവാഹം കഴിച്ചുവിടാനപ്പനു നിർബന്ധമായി. തന്റെ പ്രഥമസന്താനത്തെ ഒരുവന്റെ കൈയിലേൽപ്പിച്ചു കൊടുക്കുന്നതു കാണുവാനമ്മയ്ക്കെന്തു തിടുക്കമായിരുന്നു! അപ്പനുമമ്മയുംകൂടി അതിൻ രഹസ്യമായി ആലോചനനടത്തിയിരുന്നതവളറിഞ്ഞില്ല. പെൺമക്കൾ പ്രായമായാൽ മാതാപിതാക്കന്മാർക്കാധിയാണല്ലോ. എല്ലാ മാതാപിതാക്കന്മാരുമങ്ങനെയായിരിക്കും.

ആഴ്ചയോ തീയതിയോ ഒന്നുമോർമ്മിക്കുന്നില്ല. ഒരുദിവസം നാലഞ്ചുപേർ വീട്ടിൽവന്നു. ഒരു ചെറുപ്പക്കാരനും മൂന്നുനാലു മുതിർന്നവരും. അമ്മയവളോടെന്തൊക്കെയോ പറഞ്ഞു; അവളെല്ലാമനുസരിച്ചു. ജനാലപ്പടിവഴി ഒന്നേ നോക്കിയുള്ളു; ആ ചെറുപ്പക്കാരനെ അവൾക്കു പിടിച്ചു.

പോക്കുവെയിലിൽ അയാളുടെ കവിളുകൾ തിളങ്ങി. മൂന്നുനാലു ചുരുണ്ട തലമുടിയിഴകൾ ആ നെററിയിൽ നൃത്തംവയ്ക്കുന്നുണ്ടായിരുന്നു. ക്ലേശകരമായ ഒരു യാത്രകഴിഞ്ഞാണദ്ദേഹത്തിന്റെ വരവെന്നാ മുഖം വ്യക്തമാക്കി.

വിലകുറഞ്ഞ സാരികൾക്കുപകരം അവൾക്കു നല്ല കസവുവസ്ത്രങ്ങൾ ലഭിച്ചു. പഴയ കമ്മലിന്റെ സ്ഥാനത്തു വെള്ളക്കല്ലു വച്ച "ക്ലാവർ"ക്കമ്മലുകൾ വെട്ടിത്തിളങ്ങി. "മുതിരമാല"യുംമുത്തുമാലയും ആ കൊച്ചുകഴുത്തിനെ അലങ്കരിച്ചു കൂട്ടുകാരെല്ലാം അവളെ കളിയാക്കി. അവൾ തല കുനിച്ചു നടന്നു.

അവൾ കുഞ്ഞിന്റെ മുഖത്തേക്കു നോക്കി. അവനങ്ങുളള തളർന്നുകിടക്കുന്നു. ഓലപ്പഴുതിലൂടെ ചന്ദ്രപ്രകാശം ഒരു സ്വർണ്ണനാണയംപോലെ അവന്റെ വലത്തെ കവിളിൽ പതിക്കുന്നുണ്ടായിരുന്നു. അപ്പുറത്തു് അപ്പൻ കൂക്കാവലിച്ചുറങ്ങുന്ന ശബ്ദം.

ഓ! ആഭരണങ്ങൾക്കും മററും വേണ്ടി അപ്പനെന്തുമാത്രം ക്ലേശിച്ചു! ഒരു മുറി പറമ്പൊററികൊടുത്തതു്, ആ കറവയാടിനെ വിററുകളഞ്ഞതു്......ഇതൊക്കെയവളോർത്തുപോയി.

അപ്പന്റെ കഴിവുകളോടുള്ള ഒരു വെല്ലുവിളിയായിരുന്നു ആ സംഭവം. പലരുമുപദേശിച്ചു, അത്ര വലുതാക്കാൻ പോകേണ്ടെന്നു്. "കത്രീച്ചേടത്തി, നിങ്ങളെങ്ങനെ നടത്തുമിതു്?" ഒരുത്തി ചോദിച്ചതാണവളുടെ അമ്മയോടു്. അമ്മ അപ്പനോടു പറഞ്ഞു, "ക്രുനറിയാതെ ഞെളിയരുതേ"യെന്നു്. അപ്പനതു ഗൗനിച്ചില്ല. "ഒക്കെ നടത്തുവെടി. അച്ചാമ്മയെന്റെ മകളാ." അദ്ദേഹം അമ്മയെ ഓർമ്മിപ്പിച്ചു.

അച്ചാമ്മ ഭർത്തൃഗൃഹത്തിലേക്കു പോകുവാനിറങ്ങിയപ്പോൾ അപ്പൻ പൊട്ടിക്കരഞ്ഞുപോയി. അതൊരാഹ്ളാദത്തിന്റെ ദിനമായിരുന്നെങ്കിലും മകളുടെ വേർപാടു് ആ പുത്രീവത്സലനസഹ്യമായിരുന്നു.

ഭർത്തൃഗൃഹത്തിലവൾക്കു സുഖമായിരുന്നു. പക്ഷേ പരിഷ്കാരിയായ ഭർത്താവു് "നിങ്ങളുടെയാരുടേയും വീട്ടുവേലയ്ക്കുവന്നതല്ലാ അവൾ" എന്നമ്മയോടു പറഞ്ഞതു് ഒരു ബഹളത്തിനു കാരണമായി. ഭാര്യ പണിയെടുക്കുന്നതയാൾക്കസഹ്യമായിരുന്നു. അവൾ വെള്ളംകോരുന്നതും വിറകു പെറുക്കുന്നതും, ചിലപ്പോഴൊക്കെ നെല്ലുകുത്തുന്നതും, അടുപ്പങ്കലിരുന്നു് തീയൂതി വിഷമിക്കുന്നതുമയാൾക്കു് സഹിക്കാൻ സാധിക്കയില്ല. അപ്പോഴൊക്കെ വേദനിക്കുന്നതു് അയാളുടെ ഹൃദയമാണു്.

മാതാപിതാക്കന്മാർക്കവളുടെ "വീട്ടുകാരനെ" വലിയ കാര്യമായിരുന്നു. അവരുടെ ആ ഏററവും ഇളയസന്താനത്തെ അവരോമനിച്ചുവളർത്തി. ശാഠ്യക്കാരനായും ഒരു കൊച്ചുതെമ്മാടിയായും കൊച്ചുതൊമ്മൻ വളർന്നുവന്നു. മകന്റെ ഏതാവശ്യവും നടത്തിക്കൊടുക്കുവാനവർ മടിച്ചില്ല. "കൊച്ചുതൊമ്മാ" എന്നു മുഴുവൻ വിളിക്കുകയില്ലവർ.

അതുപോലായിരുന്നു അവക്കവളോടും. അവൾക്കു വിഷമം വരത്തക്ക രീതിയിലവർ യാതൊന്നും പറഞ്ഞിട്ടുമില്ല, പ്രവർത്തിച്ചിട്ടുമില്ല. അമ്മയെ ക്ലേശിപ്പിക്കാതിരിക്കാനവളും ശ്രമിച്ചു. പക്ഷേ കൊച്ചുതൊമ്മനു കല്യാണം കഴിഞ്ഞയുടനെ ഭാഗംനടത്തണം. ഭാര്യ മററക്കും കലംതേക്കുവാനുള്ളവളല്ല. ഭാഗത്തിനു മുമ്പായി, അയാൾക്കു കിട്ടിയ സ്ത്രീധനസംഖ്യ ചിലവായ വഴിയറിയണം. അതുടൻ തിരിച്ചു കിട്ടിയേ മതിയാവൂ. കല്യാണമാണെങ്കിൽ പേരിനുമാത്രമേയുണ്ടായിരുന്നുള്ളതാനും. തന്റെ വിദ്യാഭ്യാസച്ചിലവിനുണ്ടായ ചില കടങ്ങൾ വീട്ടുവാനാണതെടുത്തതെന്നദ്ദേഹമറിയാതിരുന്നില്ല. ശല്യം സഹിക്കവയ്യാതായപ്പോളപ്പൻ പറഞ്ഞു: "ഇവിടെക്കാണെണ്ട. എങ്ങോട്ടാന്നാ പൊയ്ക്കോ നിന്റെ ചരക്കിനേംകൊണ്ടു്!"

അപ്പനും മകനും തമ്മിൽ ക്രമേണ അകന്നുകൊണ്ടിരുന്നു. കൊച്ചുതൊമ്മനു വീട്ടിലാരേയും കാണാരുതെന്നായി. അവരെല്ലാം അയാളുടെ പുരോഗതിയുടെ കുമ്പുനുള്ളുന്നവർ: പാവം അച്ചാമ്മ! അവളെന്തുചെയ്യും? അവൾക്കദ്ദേഹത്തെ ഉപദേശിക്കുവാൻ സാധിക്കയില്ല. ഉപദേശിച്ചാലവളും ആ പിന്തിരിപ്പൻ പാർട്ടിയിൽ പെട്ടവളായി. ഇതെല്ലാം കാണുവാനും സഹിക്കുവാനുമായി അവൾ അവരുടെ നടുവിൽപ്പെട്ടു. ഒരു ദിവസം—അവളിന്നുമോർക്കുന്നു—ഒരു ഞായറാഴ്ച അദ്ദേഹമവളോടു പറഞ്ഞതു്. അപ്പനുമമ്മയും രാവിലെ പള്ളിയിൽ പോയിരിക്കുകയായിരുന്നു. "ഇവരുടെയിടയിൽനിന്നു പോയാലല്ലാതെ നമുക്കു രക്ഷയില്ലെടീ" എന്നു്.

ഇതിനിടയ്ക്കു് അവളുടെ ഒരു മാലയ്ക്കു വേറാരുടെയോ പെട്ടിയിലേക്കു സ്ഥലംമാററം കിട്ടി. ചായക്കടയിലെ കണക്കുതീർക്കുവാനാണതു ഭർത്താവു വാങ്ങിക്കൊണ്ടുപോയതെന്നവൾക്കറിയാമായിരുന്നു. ആ പതിഭക്ത അതൊരു രഹസ്യമായി മൂടിവയ്ക്കാൻ ശ്രമിച്ചു.

കൊച്ചുതൊമ്മന്റെ മൂക്കിനുതാഴെ അല്പം പഴുതാരമീശ മുളച്ചുവന്നു. മേൽച്ചുണ്ടിനോടുചേർന്നു്, അതു താഴേക്കു് ഇഴഞ്ഞിറങ്ങി. അനുദിനം മാറിക്കൊണ്ടിരിക്കുന്ന പരിഷ്കാരത്തിനൊത്തു ജീവിക്കുവാൻ അദ്ദേഹം ശ്രമിക്കയായിരുന്നു. "ഇതിനൊക്കെയാവശ്യമുണ്ടെടീ." മീശയെടുത്തുകളയുവാനുപദേശിച്ച ഭാര്യയോടദ്ദേഹം പറഞ്ഞു. അദ്ദേഹത്തിനു ജീവിതത്തിനൊരു പുതിയ വ്യാഖ്യാനം കൊടുക്കുവാനുണ്ടിന്നു്. ജീവിതത്തിലൊട്ടേറെ ഉയരണമെന്നും, പേരെടുക്കണമെന്നും, ഒരു "താര"മായി വിളങ്ങണമെന്നുമാശകൾ വച്ചുപുലർത്തുന്ന ഒരാളാണദ്ദേഹം. തന്റെ പേരും പ്രതാപവും ശവക്കുഴിയിൽവച്ചു വിസ്മൃതമാകുന്നതദ്ദേഹത്തിനസഹ്യമാണു്. പേരെടുക്കുവാനും പണം സമ്പാദിക്കുവാനും അദ്ദേഹം കണ്ട എളുപ്പമാർഗ്ഗം ഒരു താരമാകുകയെന്നതായിരുന്നു—ഒരു സിനിമാതാരം.

അതിനുള്ള പ്രഥമപടി, നിരവധി സിനിമാ കാണുന്നതാണെന്നദ്ദേഹം വിശ്വസിച്ചു. അതിനുവേണ്ട പണവും സൗകര്യവുമുണ്ടാകണമെങ്കിൽ മാതാപിതാക്കന്മാരുടെ പിടിയിൽനിന്നൊഴിഞ്ഞുനില്ക്കുക. അതിനുള്ള എളുപ്പമാർഗ്ഗം വീട്ടിൽനിന്നു മാറിത്താമസിക്കുക. ഇതിനുവേണ്ടിയദ്ദേഹം പരിശ്രമിച്ചു. ഒരു ദിവസം തന്നെ നാലു ചിത്രങ്ങൾ, മോർണിംഗ്ഷോയും, മാററിനിയും, ഫസ്റ്റ്ഷോയും, സെക്കൻഡ്ഷോയും പല തിയേററുകളിലായി അദ്ദേഹം കണ്ടെന്നവളോടു പറഞ്ഞു.

അവളോടാണെങ്കിലുമദ്ദേഹം കുറച്ചേ സംസാരിക്കുകയുള്ളു. അതും ഗൗരവത്തിൽ, മീശ തടവിക്കൊണ്ടു്, സ്തോഭങ്ങളും ഭാവങ്ങളും പ്രകടിപ്പിച്ചുകൊണ്ടു്. ഒരു നടനു ചേർന്ന രൂപത്തിലേ അദ്ദേഹം സംസാരിക്കുകയുള്ളു. അതൊക്കെ ഓരോ റിഹേഴ്സലുകളാണുപോലും!

സ്ത്രീധനപ്രശ്നത്തിൽ തുടങ്ങിയ ബഹളം ഭാഗംചെയ്യലിലവസാനിച്ചു.

കുറെ വാരികളും, പത്തുനാല്പതുമടലോലയും ചിലവാക്കിയപ്പോൾ അതൊരു കൊച്ചുവീടായിത്തീർന്നു. ഇഷ്ടികകൊണ്ടു ഭിത്തികെട്ടി, രണ്ടുമുറിയും ചായ്പുമുണ്ടാക്കി വെള്ളയടിച്ചപ്പോൾ അതിനാകപ്പാടെ ഒരു ചന്തം വന്നു.

കൊച്ചുതൊമ്മനു വിശേഷാൽ ജോലിയൊന്നുമില്ല. നേരം വെളുത്താലും എട്ടൊൻപതുമണിവരെ ഉറക്കമായിരിക്കും. കുളിയും കാപ്പിയും മററും കഴിഞ്ഞാൽ കുറെയെഴുതും; വായിക്കും. എഴുത്തുകൾ സിനിമാക്കമ്പനികൾക്കും വായന സിനിമാമാസികകളുമായിരിക്കും. ഒരു പത്തിരുപതുപ്രാവശ്യം തലചീകും, മീശതടവും, ഷർട്ടിന്റെ കോളർ ശരിപ്പെടുത്തും. ഊണു കഴിഞ്ഞൊന്നു മയങ്ങിയെഴുന്നേററാൽ പറമ്പിൽക്കൂടിയൊന്നു ചുററും, കാററുകൊള്ളുവാൻ. കാപ്പി കഴിയുമ്പോൾ ടൗണിലേക്കിറങ്ങും. തീയേറററിന്റെമുമ്പിൽ ബീടിയും വലിച്ചിരുന്നു സ്വപ്നംകാണും. പാതിരായോടടുത്തു ചേക്കേറുവാൻ വീട്ടിലേക്കു തിരിക്കും.

തുച്ഛമായ ആദായംകൊണ്ടു ചിലവു നടക്കാതെവരുമ്പോൾ, അദ്ദേഹം ഭാര്യയുടെ ആഭരണങ്ങളിൽ കൈവയ്ക്കും. മനസ്സായിട്ടല്ല, നിവൃത്തിയില്ലാഞ്ഞിട്ടു്! അവളോർക്കുകയാണു്, വള...മോതിരം ...മാല... ഇതെല്ലാം ഓരോന്നോരോന്നായപ്രത്യക്ഷമായതു്.

ജ്യേഷ്ഠന്മാരവരുടെ പറമ്പുകളിൽ വിയർത്തു പണിയെടുക്കുമ്പോൾ, കൊച്ചുതൊമ്മൻ തിയേററുകളുടെ സമീപം, വായിൽനിന്നു പോകുന്ന പുകച്ചുരുളുകളിലേക്കുനോക്കി അലക്ഷ്യമായിരിക്കുകയായിരിക്കും. അവരുടെ കുരുമുളകുചെടികൾ തളിർത്തുല്ലസിച്ചു പൊട്ടിച്ചിരിക്കുകയും അതിൽ കനകം വിളയുകയും ചെയ്യുമ്പോൾ, അദ്ദേഹം സിനിമാമാസികകളിലെ ചഞ്ചലാക്ഷിമാരെ നോക്കി രസിച്ചിരിക്കുകയായിരിക്കും.

അവളെല്ലാമോർത്തുപോവുകയാണു്. വീട്ടുജോലികളെല്ലാം വിസ്മരിക്കപ്പെട്ടു. തുച്ഛമായ ആദായം മേക്കപ്പിനും മാസികകൾക്കുമായി മാററിവയ്ക്കപ്പെട്ടപ്പോൾ അവിടെ ദാരിദ്ര്യം പല്ലിളിച്ചുകാട്ടി. അവളുടെ മുഖത്തെ പ്രസാദമസ്തമിച്ചു. പിഞ്ചുകുഞ്ഞു മെലിഞ്ഞുവിളറി.

കേടുപാററിയ യാനപാത്രംപോലെ കുഞ്ഞമ്പിളിക്കല യാത്ര തുടരുന്നതവൾക്കു കാണാമായിരുന്നു.

അവസാനത്തെ ആഭരണവുമപഹരിക്കപ്പെട്ടതവളോർത്തു. കുഞ്ഞിന്റെ മാല. അവർ തമ്മിലൊരു വാഗ്വാദംതന്നെ നടന്നു. പക്ഷേ അവിടെ കരബലം വിജയിച്ചു. ഒരു താരമായാലുണ്ടാവുന്ന നേട്ടങ്ങളദ്ദേഹം അവിടെ തന്മയത്വമായി അഭിനയിച്ചു വിവരിച്ചു. ഭിത്തിയിൽ തൂക്കിയിട്ടിരുന്ന വിവിധ ഭാവത്തിലും രൂപത്തിലുമുള്ള അദ്ദേഹത്തിന്റെ ഫോട്ടോകൾ പോലുമപ്പോൾ ലജ്ജിച്ചുകാണും.

അവളകലേക്കുനോക്കി. ചക്രവാളത്തിന്റെ മടിയിൽ, ശശികല ഒരു കൊച്ചുകുഞ്ഞിനെപ്പോലെ തളർന്നുറങ്ങുന്നു. കീറിപ്പറിഞ്ഞ കസവുവസ്ത്രങ്ങൾപോലെ ചില കൊച്ചുമേഘങ്ങളവിടെ പാറിച്ചേർന്നു കിടപ്പുണ്ടു്.

തന്റെ ഓമനശിശുവിന്റെമുമ്പിൽ, ദാമ്പത്യത്തിന്റെ ഒരു തകർന്ന പളുങ്കുപാത്രംപോലെ അവൾ നിന്നു. അവൾക്കിനിയുറക്കംവരുന്നില്ല. ചുടുചിന്തകൾ മലവെള്ളപ്പാച്ചിൽപോലെ മനസ്സിൽ വന്നുപതിക്കുകയാണു്. ആ നയനങ്ങളിൽ നിന്നു രണ്ടു കണ്ണുനീർച്ചാലുകൾ പൊട്ടിയൊഴുകി.

അവൾ കവിൾത്തടം തടവിനോക്കി. ഓ! വേദന. തന്റെ പ്രിയ ഭർത്താവിൽനിന്നു തനി

# ആസാമിലെ ആരാമങ്ങളിൽ

(പ്രൊഫസർ ജോസഫ് മീനാട്ടൂർ)

IV

കമനീയമായ കാമരൂപവനാന്തരങ്ങളിൽ ഉഴവുവെട്ടി നെൽകൃഷിചെയ്യുകയാണ് ആദിവാസികളുടെ സമ്പ്രദായം. ആദിവാസികളിൽപ്പെട്ട ചിലക്കൂട്ടർ ഇപ്പോഴും ഇടം മാറി മാറി കുടിവെച്ചു ജീവിക്കുന്നവരാണ്. ഒരു കൂട്ടം ജനങ്ങൾ ഒരുകൊല്ലം ഒരേടത്തു നെൽകൃഷിചെയ്താൽ വേറൊരേടത്ത് അടുത്തകൊല്ലം കൃഷിചെയ്യുന്നതിനായിപ്പോകുന്നു. ആസാമിൽ ധാരാളം സ്ഥലമുള്ളതുകൊണ്ട്, ഈ സമ്പ്രദായം ഇപ്പോൾ സാദ്ധ്യമാണ്. ആദ്യം കൃഷിചെയ്ത സ്ഥലത്തു വീണ്ടും കൃഷി ചെയ്യുവാൻ



വരുന്നതു അഞ്ചോ ആറോ വർഷങ്ങൾക്കുശേഷമായിരിക്കും. സർക്കാർ ഈ സമ്പ്രദായത്തെ നിരുത്സാഹപ്പെടുത്തുകയും ഒരു സ്ഥലത്തു സ്ഥിരമായി താമസിക്കുവാൻ ആദിവാസികളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ആസാമിൽ കുരുമുളകുകൃഷി അധികമില്ലെങ്കിലും അതിനു വളരെപ്പററിയവയാണ് പല പ്രദേശങ്ങളുമെന്നു കൃഷിവിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു. ഈയിടെ തെന്നിന്ത്യയിൽനിന്നു എണ്ണായിരം കൊടിത്തലകൾ നടുന്നതിനായി ആസാമിൽ കോണ്ടുവരികയുണ്ടായി.

കശുമാവു കൃഷിചെയ്യുന്നതിനായും സർക്കാർ വേണ്ട ഏർപ്പാടുകൾ ചെയ്യുകയാണ്. തിരുവിതാംകൂറിൽ നിന്നു കുറെ കർഷകർ ഇവിടെ എത്തിയിരുന്നെങ്കിൽ എത്ര വിജയകരമായി ഇവിടെ കൃഷിചെയ്യാമായിരുന്നു എന്നു ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്.

ഖാസികളും ജയിന്തിയാവർഗ്ഗക്കാരും വസിക്കുന്ന ഗിരിപ്രദേശങ്ങളിൽ മരച്ചീനി നട്ടുപിടിപ്പിക്കാറുണ്ട്. എന്നാൽ ഖാസികൾക്കു മരച്ചീനി ഉപയോഗിക്കേണ്ടതു് എങ്ങനെയാണെന്നു അറിയാൻ പാടില്ലാത്തതുകൊണ്ട്, മരച്ചീനിക്കു അതർഹിക്കുന്ന സ്ഥാനം ഇതുവരെ ലഭിച്ചിട്ടില്ല. അവർ പച്ചക്കപ്പ കടിച്ചുതിന്നുകയാണ് സാധാരണയായി ചെയ്യുന്നതു്. കുറുത്തുപോകുന്നതുവരെ കപ്പ സൂക്ഷിച്ചതിനുശേഷം അരുചി പ്രദർശിപ്പിക്കുന്ന മുഖത്തോടെ "സലിയ" (സൊല്ല അല്ലെങ്കിൽ ശല്യം എന്നർത്ഥം) എന്നു പറഞ്ഞുകൊണ്ടു് കടിച്ചുതിന്നുന്ന കാഴ്ച അസാധാരണമല്ല. ചുരുക്കം ചിലർ മരച്ചീനി വേവിച്ചു ഉപ്പുചേർത്തു തിന്നാറുണ്ട്.

നസ്രാണിക്രിസ്ത്യാനികളുടെ അപദാനബോധത്തിനു്, മലബാറും മൈസൂറും പോലെ, കാമരൂപവും വിധേയമാവുകയില്ലെന്നു് ആരറിഞ്ഞു!

നെല്ലരിയാണ് പ്രധാന ഭക്ഷ്യപദാർത്ഥം. സമതലങ്ങളിലെ ആര്യവംശജർ "തുമ്പപ്പൂമലർതോറേറാടീടിനോരന്ന"ത്തോടാണു് ഇമ്പംകാണിക്കുന്നതെങ്കിൽ, ആദിവാസികളിലെ പല വർഗ്ഗക്കാരും തവിടുകളയാത്ത ചെമ്പനരി കഞ്ഞിവെള്ളം വററിച്ചു വേവിച്ചു് ഉപയോഗിക്കുന്നു. ഇക്കാര്യത്തിലെങ്കിലും, പരിഷ്കൃതരെന്നു



ആബോർവർഗ്ഗക്കാർ

ഭാവിക്കുന്ന സമതലക്കാരെക്കാൾ, കൂടുതലായി ആരോഗ്യനിയമങ്ങൾ പാലിക്കുന്നതു് ആദിവാസികളത്രെ.

## ശീതോഷ്ണാവസ്ഥ

ആസാം സമതലങ്ങളിലെ ശീതോഷ്ണസ്ഥിതി ഏതാണ്ടു കേരളത്തിലേതുതന്നെ. ഡിസംബർ, ജാനുവരി മാസങ്ങളിൽ മാത്രമേ സാരമായ തണുപ്പുള്ളു.

ആസാം സമതലങ്ങളിൽ ശിവസാഗരംപോലെയുള്ള പ്രദേശങ്ങൾ കാണുമ്പോൾ, തിരുവിതാംകൂറിൻെറ, അല്ല, എനിക്കു ഏററവും പരിചിതമായ മീനച്ചിൽ താലൂക്കിൻെറ പ്രതീതിയാണ് ഉളവാകുക. കുറെ കമുകുകൾ, ഒരു ചെറിയ വാഴത്തോപ്പ്, പൂച്ചെടികൾകൊണ്ടു വേലിചാർത്തിയ ഒരു വൃത്തിയുള്ള മുററം, അതിനുമദ്ധ്യേ മനോഹരമായ ഒരു ചെറിയ വീട്, അതിൻെറ തിണ്ണയിൽ മലയാളികളുടെ മുഖച്ഛായയുള്ള അസാമീയർ, നായർ സ്ത്രീകളുടെ വേഷത്തെ




അംഗമീനാഗാബാലിക. വാഴയും മുളവേലിയും പടത്തിൽക്കാണാം.

അനുസ്മരിപ്പിക്കുന്ന വേഷമണിഞ്ഞ അസാമീയസ്ത്രീകൾ—ഇവയെല്ലാം ഒരു കേരളീയ പ്രേഷിതൻ കാണുമ്പോൾ, ആസാമിൽ പ്രേഷിതനായി വരുന്നതിനുവേണ്ടി സാരമായ ത്യാഗമൊന്നും കഴിച്ചില്ലല്ലോ എന്നു വിചാരിച്ചു് ഒരു ത്യാഗശീലനായ യുവാവിനു ഇച്ഛാഭംഗമുണ്ടായേക്കാം.

ഗിരിപ്രദേശങ്ങളിൽ തണുപ്പു വളരെയുണ്ട്. എന്നാൽ ശീതോഷ്ണാവസ്ഥ ആരോഗ്യപ്രദായകമാണ്. അല്പമൊരു ആത്മകഥാകഥനത്തിനു ഒരുമ്പെടുന്നതു അനുവാചകന്മാർ ക്ഷമിക്കുമെങ്കിൽ, എൻെറ കാര്യംതന്നെ പറയാം. ഇവിടത്തെ കോളേജുക്ലാസ്സുകളിൽ ഞാൻ ആഴ്ചയിൽ ഇരുപത്തിയെട്ടു മണിക്കൂർ പഠിപ്പിക്കുന്നുണ്ട്. എന്നിട്ടും എൻെറ ആത്മാവു് (അതു ലോകായതികമായതുകൊണ്ടാവാം) ശരീരവുമായി ബന്ധപ്പെട്ടു ജീവിക്കുവാൻ വൈമനസ്യം പ്രദർശിപ്പിക്കുന്നില്ല. തിരുവിതാംകൂർ-കൊച്ചിയിലെ കോളേജുകളിൽ യാതൊരു പ്രാദ്ധ്യാപകനും ആഴ്ചയിൽ പന്ത്രണ്ടു മണിക്കൂറിൽ കൂടുതൽ പഠിപ്പിക്കുന്നില്ല എന്ന വസ്തുത ഓർക്കുമ്പോൾ, ഇരുപത്തിയെട്ടുമണിക്കൂർ വളരെ അസാധാരണമായി ഗണിക്കണം. (എൻെറ ഈ നല്ല ദൃഷ്ടാന്തം നാട്ടിലെ കോളേജുകളിൽ ഏല്പെട്ടിത്തി പ്രൊഫസർമാരെ ക്ലേശിപ്പിക്കുകയില്ലെന്നു പ്രതീക്ഷിക്കുന്നു.) ഗിരിപ്രദേശങ്ങളിൽ തണുപ്പുകാലത്തു ആർക്കും യാതൊരു സുഖക്കേടും വരാറില്ല. അതിനാൽ "തണുപ്പുകാലം കഷ്ടകാലം" എന്നു വൈദ്യന്മാർ പറയാറുണ്ട്.

## ഭാഷ

ഹിന്ദുസ്ഥാനി കുറച്ചെങ്കിലും വശമാക്കിയിട്ടുള്ളവർക്കു് ആസാമിൽ ഭാഷ ഒരു വിഷമപ്രശ്നമല്ല. ആസാമിലെ സമതലങ്ങളിൽ അഹോമിയ (Assamese) യും ബംഗാളിയുമാണ് ജനങ്ങൾ സംസാരിക്കുന്നതെങ്കിലും ഒരുതരം



ഖാസിസ്ത്രീകൾ

ഹിന്ദി മിക്കപേർക്കും സംസാരിക്കുവാൻ കഴിയും. ഒരു അഭ്യസ്തവിദ്യനായ കേരളീയനു്, സംസ്കൃതഭാഷാപദങ്ങളും അവയുടെ തത്ഭവങ്ങളുംകൊണ്ടു നിബിഡമായ ഈ ഭാഷകൾ എളുപ്പത്തിൽ അഭ്യസിക്കുവാൻ കഴിയും. പ്രേഷിതവൃത്തിചെയ്യുന്ന പ്രദേശത്തെ ഭാഷമാത്രം അഭ്യസിച്ചാൽ മതിയാകുമെന്നുള്ളതിനാൽ ഒന്നിലധികം ഭാഷകൾ ഒരു പ്രേഷിതൻ പഠിക്കേണ്ടിവരികയില്ല.

ആസാമിലെ ഗിരിപ്രദേശങ്ങളിൽ ഏകദേശം ഇരുപതുഭാഷകളുണ്ട്. ഒരു പ്രേഷിതൻ അവയിൽ ഒന്നെങ്കിലും പഠിച്ചേ തീരൂ. ആ ഭാഷകളെല്ലാം റോമൻലിപിയിലാണ് എഴുതുന്നതു് എന്നുള്ളതുകൊണ്ടു് അവ പഠിക്കുവാൻ എളുപ്പമുണ്ട്. ചില ഗിരിപ്രദേശങ്ങളിലെ ആദിവാസികൾ ഹിന്ദുസ്ഥാനിയും അഹോമിയാഭാഷയുടെ ഒരു പ്രാകൃതരൂപവും സംസാരിക്കും. ആദിവാസികളുടെയിടയിൽ സാക്ഷരത്വം ലഭിച്ചിട്ടുള്ള മിക്കപേരും ഇംഗ്ലീഷ് സംസാരിക്കുന്നവരാണ്. അതിനാൽ മിക്ക പ്രദേശങ്ങളിലും ഭാഷ സാരമായ യാതൊരു പ്രയാസത്തിനും ഇടനൽകുന്നില്ല.

പോരെങ്കിൽ, ഗിരിപ്രദേശങ്ങളിലെ ഭാഷകളിൽ അധികം പദങ്ങളില്ല. കുറെ പദങ്ങളും ചില വ്യാകരണനിയമങ്ങളും പഠിച്ചുകഴിഞ്ഞാൽ ഇംഗ്ലീഷ് പദങ്ങളോ ഹിന്ദി പദങ്ങളോ ചേർത്തു് ആശയവിനിമയം ചെയ്യുവാൻ പ്രയാസമില്ല. ഉദാഹരണമായി ഖാസിഭാഷയിൽ കാര്യപരിപാടി എന്നതിനു ഒരു പദമില്ല. അതിനാൽ ഖാസിമാർ പ്രോഗ്രാം എന്ന പദംതന്നെ പ്രയോഗിക്കുന്നു. മരുമക്കത്തായം പാലിച്ചുപോരുന്ന ഖാസികൾ പ്രാധാന്യം അർഹിക്കുന്ന പല വസ്തുക്കളുടേയും പേരിനു സ്ത്രീലിംഗരൂപമാണ് നൽകുക. അതിനാൽ അവർ കാര്യപരിപാടിക്കു "കാ പ്രോഗ്രാം" (അതായതു ശ്രീമതി കാര്യപരിപാടി) എന്നു പറയും.

സംസ്കൃതഭാഷയിലെ പ്രസിദ്ധമായ ഉത്പ്രേക്ഷകളെ വെല്ലുന്ന വർണ്ണനപരനാമങ്ങൾ (descriptive epithet) ആദിവാസികളുടെ ഭാഷകളിലുണ്ട്. ലുഷായിഭാഷയിൽ മണ്ണെണ്ണ "ഉജ്ജ്വലസ്നേഹ"മാണെങ്കിൽ, പാലു് "ഹൃദയജല"മത്രെ. ഗാരോഭാഷയിൽ കൃത്തികാനക്ഷത്രത്തെ "ഒരു തടവിരിഞ്ഞകോഴിക്കുഞ്ഞുങ്ങൾ" എന്നു വിളിക്കുന്നു. ജയിന്തയാഭാഷയിലാകട്ടെ, കൃത്തികാനക്ഷത്രം "കുഞ്ഞുങ്ങൾ നിറഞ്ഞ ഒരു കോഴിക്കൂടാ"ണ്.

ഒരു അന്യദേശിയൻ അവരുടെ ഭാഷ സംസാരിച്ചുകേൾക്കുന്നതു ആദിവാസികൾക്കു് അത്യാനന്ദകരമാണെന്നുള്ളതിനാൽ, ഒരു പ്രേഷിതൻ അവരുടെ ഭാഷ വശമാക്കുന്നതു്, അയാൾക്കും അയാൾവഴി ഈശോയ്ക്കും അവരുടെ ഹൃദയങ്ങളിലേക്കു് എളുപ്പത്തിൽ എത്തുവാനുള്ള ഒരു സുവർണ്ണസരണിയായിരിക്കും.

---

ക്കാദ്യമായി ലഭിച്ച സമ്മാനം. ... അതവൾക്കൊരു കാളരാത്രിയായിരുന്നു. അദ്ദേഹത്തിനു് ഇൻറർവ്യൂവിനുചെല്ലുവാൻ കാർഡു കിട്ടിയിരിക്കുന്നു മദ്രാസിൽ. ഉടൻ പോകണം. പോയാൽ സെലക്റ്റ് ചെയ്യും. "ഒരുപനായകനെങ്കിലുമാകാം." അദ്ദേഹം പറഞ്ഞു.

അതിനു പണംവേണം. അദ്ദേഹത്തിൻെറ ദൃഷ്ടികൾ കുഞ്ഞിൻെറ മാലയിലും, അവളുടെ താലിമാലയിലും മാറിമാറിപ്പതിഞ്ഞു, അവൾ സമ്മതിക്കുകയില്ല. തൻെറ സകല ആഭരണങ്ങളും അദ്ദേഹം വിററുതീർന്നു. ചായവെള്ളവും സിഗററുപുകയും, മാസികയുമെല്ലാമായതു തീർന്നു.

അദ്ദേഹം ആ മാലയിൽ കടന്നുപിടിച്ചു. താനൊരു പുരുഷനാണെന്നും ഭർത്താവാണെന്നും പിതാവാണെന്നുമുള്ള കാര്യം വിസ്തരിച്ചുകൊണ്ടദ്ദേഹമതു പൊട്ടിച്ചെടുത്തു. അവളെ അസഭ്യം പറഞ്ഞു. അവളുടെ അപ്പനെ മര്യാദപഠിപ്പിക്കുമെന്നു പറഞ്ഞു. "വഞ്ചകി — ഭർത്താവിൻെറ പുരോഗമനത്തിനു വിലങ്ങുതടി" എന്നെല്ലാം നാടകീയമായ രീതിയിലട്ടഹസിച്ചു. ഒരു വില്ലൻപാർട്ടഭിനയിക്കുന്നതുപോലെ.

"എൻെറ അപ്പൻതന്ന മൊതലെല്ലാം വിററുതീർന്നുവാൻ നാണമില്ലല്ലോ!" അവൾ പറഞ്ഞു നിറുത്തിയതും വലത്തെ കവിളിലടിവീണതും ഒരുമിച്ചായിരുന്നു.

അവളറിയാതെ കവിൾത്തടം തടവിനോക്കി. തടിപ്പും വേദനയും ചുളുചുളുപ്പും മാറിയിട്ടില്ല.

അദ്ദേഹം ബാഗുമെടുത്തു ചാടിയിറങ്ങിപ്പോകുന്നതു നോക്കി അവൾ നിശ്ചലയായിനിന്നു. കവിളത്തുതിരുമ്മിക്കൊണ്ടവൾ പ്രാർത്ഥിച്ചു, "പോയകാര്യം സാധിച്ചുവരണേ!" എന്നു്.

ദിവസങ്ങൾ നീങ്ങി. ഒന്നു്-രണ്ടു്-മൂന്നു്. യാതൊരു വിവരവുമില്ല. തളർന്നകുഞ്ഞും തകർന്നപ്രതീക്ഷകളുമവശേഷിച്ചു. "അദ്ദേഹമുടൻവന്നെങ്കിൽ"! അവളാശിച്ചു.

ഭർത്താവിൻെറ അപ്പൻെറ അനുവാദത്തോടെ അവൾ സ്വന്തം വീട്ടിലേക്കു തിരിച്ചു മാറത്തു് തളർന്നുറങ്ങുന്ന കുഞ്ഞും, കൈയിൽ വസ്ത്രക്കെട്ടും. അവളുടെ അപ്പൻ പറഞ്ഞു: "തലതെറിച്ചതെണ്ടി. എൻെറ പെണ്ണിനെ ചതിച്ചു അവൻ തുലഞ്ഞു തുന്നംപാടി വരും."

അവളങ്ങനെ വിദൂരതയിലേക്കു നോക്കിനില്ക്കുകയാണ്. ഉറക്കംവരുന്നില്ല. സ്മരണകൾ. വേദനപൂണ്ടതും കയ്പേറിയതുമായ സ്മരണകൾ. എല്ലാം ഒരു സിനിമായിലെന്നതുപോലെ അവളുടെ മുമ്പിലൂടെ നീങ്ങിമറയുന്നു.

അവൾ തേങ്ങിക്കരഞ്ഞു. നക്ഷത്രമാലകളെ മോഷ്ടിച്ചുകൊണ്ടു്, അമ്പിളിക്കലയുടെ കൈയ്ക്കു പിടിച്ചോട്ടുന്ന ഒരു ക്രൂരൻ മേഘത്തെ നോക്കിയവൾ നിശ്ചലയായിനിന്നു.

---

## ചോദ്യോത്തരപംക്തി

പത്രോസിൻെറ പരമാധികാരത്തിനു് എതിരായുള്ള ആക്ഷേപങ്ങളുടെ തുടർന്നുള്ള ചർച്ച:

12) എഫേ: 2:20: "നിങ്ങൾ ശ്ലീഹന്മാരുടേയും പ്രവാചകന്മാരുടേയും അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്നു. പണിയുടെ മൂലക്കല്ലു് ഈശോമിശിഹ തന്നെയാകുന്നു."

ഈശോമിശിഹ മൂലക്കല്ലാണെന്നസംഗതി ആരും നിഷേധിക്കുന്നില്ല. ശ്ലീഹന്മാരുടെ കാര്യമെടുക്കുക. രാഷ്ട്രം പണിചെയ്യപ്പെട്ടിരിക്കുന്നതു ഉദ്യോഗസ്ഥവൃന്ദത്തിന്മേലാണ് എന്നു പറഞ്ഞാൽ ഉദ്യോഗസ്ഥന്മാർതമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നുവരുമോ? വെളിപാടു 21:14-ൽനിന്നുള്ള ആക്ഷേപത്തിനു മറുപടി പറഞ്ഞപ്പോൾ, അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനങ്ങൾതമ്മിൽ വ്യത്യാസമുണ്ടാകാമെന്നു സ്ഥാപിച്ചിട്ടുള്ളതാണ്.

13) യോഹ. 1:12. "എന്നാൽ അവനെ കൈക്കൊണ്ടവർക്കു് (എന്നുവച്ചാൽ) അവൻെറ നാമത്തിൽ വിശ്വസിക്കുന്നവർക്കു്, ദൈവത്തിൻെറ മക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു."

ക്രിസ്തുവിനെ സ്വീകരിക്കുന്നവർക്കു ദൈവമക്കൾ ആകുവാൻ സാധിക്കുമെന്നും പത്രോസിനെ സ്വീകരിക്കേണ്ട ആവശ്യമില്ലെന്നുമായിരിക്കാം ചോദ്യകാരൻെറ വിവക്ഷ. എന്നാൽ ക്രിസ്തുവിൻെറ പ്രതിനിധിയായ പത്രോസിനെ സ്വീകരിക്കുന്നവൻ ക്രിസ്തുവിനെയാണ് സ്വീകരിക്കുന്നതെന്നും പത്രോസിനെ നിരസിക്കുന്നവൻ ക്രിസ്തുവിനെയാണ് നിരസിക്കുന്നതെന്നും മനസ്സിലാക്കണം. "നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവനോ എന്നെ അയച്ചവനെ സ്വീകരിക്കുന്നു" (മത്താ. 10:40) എന്നു പൊതുവിൽ ശ്ലീഹന്മാരെ ഉദ്ദേശിച്ചു ദിവ്യനാഥൻ അരുളിച്ചെയ്തിട്ടുള്ളതു ശ്ലീഹന്മാരുടെ തലവൻെറകാര്യത്തിൽ കൂടുതൽ സാർത്ഥകമാണ്.

"ദൈവമക്കൾ" ആകുന്നതിനു ക്രിസ്തുവിലുള്ള വിശ്വാസംമാത്രം മതിയെന്നാണ് ചോദ്യകർത്താവിൻെറ വാദമെങ്കിൽ, വിശ്വാസം അതിൻെറ പ്രഥമപദമാണെന്നും അതിൻെറ പൂർത്തീകരണത്തിനു മററുകാര്യങ്ങൾകൂടി ആവശ്യമാണെന്നും സമാധാനം പറയാം. "വിശ്വസിച്ചു സ്നാനപ്പെടുന്നവൻ രക്ഷപ്രാപിക്കും" (മർക്കോസ് 16 : 16) എന്നാണല്ലോ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു്. ജ്ഞാനസ്നാനാനന്തരം പാപംചെയ്യുന്നവനു രക്ഷപ്രാപിക്കുന്നതിനു് ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും ശുശ്രൂഷമുഖേനയുള്ള പാപമോചനവും ആവശ്യമാണ്. (യോഹ. 20:23). "നിങ്ങൾ മനുഷ്യപുത്രൻെറ ശരീരം ഭക്ഷിക്കയും അവൻെറ രക്തം പാനംചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു നിങ്ങളിൽത്തന്നെ ജീവനില്ല" (യോഹ. 6:54) എന്നും കർത്താവു് അരുളിച്ചെയ്തിട്ടുണ്ട്. പ. കുർബ്ബാനയെയാണ് അവിടുന്നിവിടെ വിവക്ഷിക്കുന്നതു്. ആകയാൽ "ദൈവമക്കൾ" എ

ന്ന സ്ഥാനം അനന്വർത്ഥമാകുന്നതിനും അതു് അന്യൂനം പാലിച്ചുകൊണ്ടുപോകുന്നതിനും നിത്യജീവൻ പ്രാപിക്കുന്നതിനും ജ്ഞാനസ്നാനം, കുമ്പസാരം, കുർബ്ബാന തുടങ്ങിയ കൂദാശകൾക്കു ടീ ആവശ്യമാണെന്നു സിദ്ധിക്കുന്നു. സഭാതലവനോടു യോജിച്ചു നില്ക്കുന്നവർക്കുമാത്രമേ ഈ കൂദാശകൾ നൽകുന്നതിനുള്ള ന്യായമായ അവകാശവും അധികാരവുമുള്ളൂ. ആകയാൽ സഭാതലവനായ പത്രോസിനെ പരോക്ഷമായിട്ടെങ്കിലും അംഗീകരിക്കാതെ, ദൈവമക്കൾ ആകുവാനോ രക്ഷ പ്രാപിക്കുവാനോ സാദ്ധ്യമല്ല.

14) I പത്രോസ് 4:1. "ആകയാൽ മിശിഹാ നിങ്ങൾക്കുവേണ്ടി ജഡത്തിൽ മരിച്ചു എങ്കിൽ നിങ്ങളും ഈ വിചാരത്തെത്തന്നെ ആയുധമായി ധരിക്കുവിൻ."

ജഡത്തിൽ മരിക്കണമെന്നു്, അതായതു് പാപത്തെ വിട്ടകലണമെന്നു് വി. പത്രോസ് ഉപദേശിക്കുന്നു. ഈ വാക്യം പത്രോസിന്റെ പരമാധികാരത്തിനു് എതിരാണെന്നു വാദിക്കുവാൻ സാധിക്കുന്നതു് എങ്ങനെയെന്നു എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ചോദ്യകർത്താവു് സദയം അതു വിശദമാക്കുമോ?

15) മത്തായി 18:1—4. "ആ നാഴികയിൽത്തന്നെ ശിഷ്യന്മാർ ഈശോയുടെ അടുക്കൽവന്നു്: സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരാകുന്നു എന്നു ചോദിക്കുന്നു. അപ്പോൾ ഈശോ ഒരു പൈതലിനെ വിളിച്ചു് അവനെ അവരുടെ ഇടയിൽ നിറുത്തി, അരുളിച്ചെയ്തു: ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: നിങ്ങൾ വീണ്ടും പൈതങ്ങളെപ്പോലെ ആകയില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല. ആകയാൽ ഈ പൈതലിനെപ്പോലെ തന്നെത്തന്നെ താഴ്ത്തുന്നവൻ ആരോ അവനായിരിക്കും സ്വർഗ്ഗരാജ്യത്തിൽ വലിയവൻ." ചോദ്യകർത്താവു് ചൂണ്ടിക്കാണിച്ചിരിക്കുന്ന ലൂക്കാ 9:46, മർക്കോസ് 9:34 എന്നീ വേദവാക്യങ്ങളിൽ ഈ സംഗതിയെക്കുറിച്ചുതന്നെയാണു് പ്രതിപാദിക്കുന്നതു്. ആകയാൽ അവയെക്കുറിച്ചു് പ്രത്യേകം ചർച്ചചെയ്യേണ്ട ആവശ്യമില്ല.

മേലുദ്ധരിച്ച വാക്യങ്ങളെ ആധാരമാക്കി രണ്ടുതരത്തിലുള്ള വാദം ഉന്നയിക്കാറുണ്ടു്.

1) "സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരാകുന്നു"വെന്നു ശ്ലീഹന്മാർ ചോദിക്കുന്നതിൽനിന്നു പത്രോസിനു പരമാധികാരം വാഗ്ദാനംചെയ്ത സംഗതി അവർക്കു് അറിവില്ലായിരുന്നു. 2) ശിശുവിനെപ്പോലെ സ്വയം താഴ്ത്തുന്നവനാണു് പ്രഥമസ്ഥാനം; പത്രോസിനല്ല.

ആദ്യത്തെ വാദമുഖത്തിനുള്ള മറുപടി ഇതാണു്: പത്രോസിനു പരമാധികാരം വാഗ്ദാനംചെയ്ത സംഗതി മററു ശ്ലീഹന്മാർക്കു് അറിവില്ലാതിരുന്നാലും, അങ്ങനെയൊരു വാഗ്ദാനം നടന്നില്ല എന്നു് അനുമിച്ചുകൂടാ. ക്രിസ്തുവിന്റെ വാക്കുകളുടെ അർത്ഥം അവർ ശരിയായി ഗ്രഹിച്ചില്ല എന്നേ അതിൽനിന്നു സിദ്ധിക്കുന്നുള്ളൂ. പല കാര്യങ്ങളും അങ്ങനെ അവർക്കു് ശരിയായി ഗ്രഹിക്കാൻ കഴിയാതെവന്നിട്ടുണ്ടു്. പരമാധികാരം വാഗ്ദാനംചെയ്തതു ഗ്രഹിക്കാതിരുന്നാലും, പരമാധികാരം കർത്താവിന്റെ ഉത്ഥാനശേഷം "നീ എന്റെ ആടുകളെ മേയ്ക്കുക, എന്റെ കുഞ്ഞാടുകളെ മേയ്ക്കുക" എന്നു പറഞ്ഞു പ്രദാനംചെയ്തപ്പോഴെങ്കിലും അവർ ശരിയായി ഗ്രഹിച്ചാൽ മതിയല്ലോ. മാത്രമല്ല, വാഗ്ദാനത്തിന്റെ അർത്ഥം അവർ ശരിയായി ഗ്രഹിച്ചിട്ടില്ലെങ്കിലും, എന്തോ വാഗ്ദാനം നടന്നിട്ടുണ്ടെന്നാണു് അവരുടെ ചോദ്യം സൂചിപ്പിക്കുന്നതു്.

"സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരാണു്" എന്ന ചോദ്യം "സഭാതലവൻ ആരാണു്" എന്ന വിഷയത്തെ പരാമർശിക്കുന്നതാണെന്നു പറയാൻതന്നെ പ്രയാസം. കാരണം, ക്രിസ്തുവിന്റെ മറുപടി, ഓരോരുത്തരുടേയും ജീവിതത്തിനു് അനുസരണമായി സ്വർഗ്ഗത്തിൽ അവർ പ്രാപിക്കുവാനിരിക്കുന്ന മഹത്വീകരണത്തെ പരാമർശിച്ചുള്ളതാണു്. ഇതു നമ്മെ മുകളിൽപ്പറഞ്ഞ 2-ാം വാദമുഖത്തിലേക്കാനയിക്കുന്നു. ഇഹത്തിൽ സ്വയം താഴ്ത്തുന്നവനു സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനം ലഭിക്കുമെന്നാണു് ക്രിസ്തുവിന്റെ വാക്കുകളുടെ അർത്ഥം. വ്യക്തിഗതമായ ജീവിതവിശുദ്ധിയും സൗഭാഗ്യപ്രാപ്തിയുമാണു് ചർച്ചാവിഷയം. പത്രോസു സഭാതലവനാണെങ്കിലും, സ്വർഗ്ഗീയസൗഭാഗ്യത്തെ സംബന്ധിച്ചിടത്തോളം പ്രഥമസ്ഥാനമുണ്ടായിരിക്കണമെന്നില്ലല്ലോ. സ്വർഗ്ഗത്തിൽ ലഭിക്കുന്ന സ്ഥാനം ഒരു വ്യക്തിയെന്നനിലയിൽ അദ്ദേഹം നയിക്കുന്ന ജീവിതത്തെ ആശ്രയിച്ചിരിക്കും. ഇക്കാരണത്താൽ, വീരോചിതമായ ജീവിതവിശുദ്ധിയിൽ സഭാതലവനായ മാർപ്പാപ്പയെ അതിശയിക്കുന്ന ഒരു സാധുസ്ത്രീ ഉണ്ടാകാവുന്നതാണെന്നു സ്പഷ്ടമാണല്ലോ.

16) ലൂക്കാ 22:24. "എന്നാൽ തങ്ങളിൽ ആരാകുന്നു വലിയവൻ എന്നു് ഒരു തർക്കവും അവരുടെ ഇടയിൽ ഉണ്ടായിരുന്നു."

ഒടുവിലത്തെ അത്താഴസമയത്തുണ്ടായ തർക്കത്തെപ്പററിയാണു് ഇവിടെ പ്രതിപാദിക്കുന്നതു്. ക്രിസ്തു ഉത്തരമായി വാക്കാലും പ്രവൃത്തിയാലും എളിമയുടെ പാഠം ശിഷ്യന്മാരെ പഠിപ്പിക്കുകയുംചെയ്യുന്നു. ഈ വേദവാക്യത്തെ ആധാരമാക്കിയുള്ള ആക്ഷേപത്തിനും മുമ്പിലത്തേതുപോലെതന്നെ മറുപടി പറയാവുന്നതാണു്.


# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്.

## ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | " | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | " | 5,95,750—0—0 |

## ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. എ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. " കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. " തോമസ് ററി. കുരിയാളശ്ശേരിൽ, ചമ്പക്കുളം
4. " ഡോമിനിക്കു് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
5. " മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടൂപറമ്പിൽ, വിളക്കുമാടം
6. " തോമസ് ററി. മാററാട്ടുകുളം എം. എ., ചങ്ങനാശേരി
7. " മൈക്കൾ ജെ. കള്ളിവയലിൽ ബി. എസ്സ് സി, കാളകെട്ടി (സെക്രട്ടറി)
8. " കുഞ്ചെറിയാ ററി. മാററാട്ടുകുളം എം. എ., ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)


## വീട്ടപകടങ്ങൾ

(ശിവറാം)

"വീട്ട്"—മധുരമായ ഒരു പേരാണു്. നല്ല ആഹാരസാധനങ്ങൾ കാണുമ്പോൾ നാവിൽ വെള്ളം ഊറുകയില്ലേ? നല്ല കറികളുടെ ഗന്ധമേററാൽമതി ചിലർ മൂക്കു വിടർത്തി മണത്തുകൊണ്ടു ഞൊട്ടുക്കും. അതുപോലെ വീടെന്നു കേൾക്കുമ്പോൾ സ്നേഹമുള്ള കുറെ നല്ലയാളുകൾ, നല്ല കിടക്ക, കുഞ്ഞുങ്ങൾ, ചിരി, നേരംപോക്കു്, വിശ്രമം ഇതെല്ലാമാണു് ഒരുത്തന്റെ മനസ്സിൽ പെട്ടെന്നു് ഉദിക്കുന്നതു്. എല്ലാവരുടേയും വീട്ടു് സുഖസമ്പൂർണ്ണമാകണമെന്നാണു് നാമെല്ലാമാഗ്രഹിക്കുന്നതു്. ആ ആഗ്രഹം പൂർണ്ണതയിലെത്തിക്കാൻ നാമെല്ലാവരും പ്രവർത്തിച്ചുവരുന്നു. അപകടങ്ങൾ വീട്ടുസുഖത്തെ ഇല്ലാതാക്കുന്നതുപോലെ അനാശാസ്യമായ മററുസംഭവങ്ങളും വീട്ടുസുഖത്തെ ഹനിക്കുന്നു.

തൊഴിലില്ലായ്മ ഇന്നു് വർദ്ധിച്ചുവന്നിരിക്കുന്നു. തൊഴിലില്ലാത്തതിനാൽ പരീക്ഷായോഗ്യതയുള്ളവർപോലും പണക്കുഴപ്പത്താൽ വിഷമിക്കുന്നു. അതിനാൽ വക്രബുദ്ധികളായ ചില ചെറുപ്പക്കാരിന്നു് പല പുതിയ ജോലികളിലും ഏർപ്പെട്ടിരിക്കയാണു്. അവരുടെ ജോലി അഭിമാനമുള്ളതല്ല. എങ്കിലും അത്യന്തം ലാഭകരമാണു്. പത്രം വായിക്കാറുള്ള വീട്ടുകാരെല്ലാം ഈ പുതിയ ജോലിക്കാരുടെ കുനയങ്ങളെക്കുറിച്ചു് വായിച്ചിരിക്കും. ഇങ്ങനെയുള്ള പുതിയ ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെക്കുറിച്ചു് അറിഞ്ഞിരിക്കേണ്ടതു് വീട്ടിലെ ശാന്തത കാത്തുമായിക്കരുതുന്നവർക്കു് അത്യാവശ്യമാണു്. അല്ലെങ്കിൽ ഒരപകടം വരുത്തുന്ന വേദനപോലെതന്നെ കഠിനമായ വിഷമതകൾ വീട്ടുകാർ അനുഭവിക്കേണ്ടിവരും.

നന്നായി അഭിനയിക്കാനറിയാവുന്ന ചെറുപ്പക്കാരാണീ പുതിയ തട്ടിപ്പുവ്യവസായത്തിലേർപ്പെടുന്നതു്. ഒരു യുവാവു് നിങ്ങളുടെ വീട്ടിൽവരും. അവൻ ആണുങ്ങളില്ലാത്ത അവസരത്തിലാണു് മിക്കപ്പോഴും വരുന്നതു്. നിങ്ങൾക്കു് ഏററവും പ്രിയപ്പെട്ട നിങ്ങളുടെ മകനെക്കുറിച്ചോ, ആങ്ങളയുടെ ക്ഷേമത്തെക്കുറിച്ചോ സംസാരം തുടങ്ങും. പട്ടാളത്തിലോ പുറമെ ജോലിക്കോ പോയിരിക്കുന്ന മക്കൾ നിങ്ങൾക്കുണ്ടെന്ന അറിവോടെയായിരിക്കും ഈ പുതിയ മാന്യന്റെ വരവു്. അയാൾ വർത്തമാനത്തിൽ നിങ്ങളെ വിശ്വസിപ്പിക്കുന്നു. നിങ്ങളുടെ മകനോ, ഭർത്താവോ, അച്ഛനോ, അമ്മാവനോ, നിങ്ങൾക്കു് പണമയച്ചിരിക്കുന്നെന്നും, അതു ഒപ്പിട്ടുവാങ്ങാൻ ചെല്ലണമെന്നും ഒക്കെ തട്ടിമൂളിക്കുകയായി. ഇതൊക്കെ വിശ്വസിക്കുന്ന വീട്ടുകാരി അവന്റെ പുറകെ തിരിക്കുന്നു. അവൻ തട്ടിപ്പറഞ്ഞു് അവരുടെ ആഭരണമോ പണമോ കൈവശപ്പെടുത്തുന്നു. നാടുവിടുന്നു. ഇമ്മാതിരി കബളിപ്പു് പലേടത്തും പല വീട്ടുകാർക്കും പററി.

കമ്പനിയിൽ ജോലിചെയ്യുന്ന തന്റെ ഭർത്താവു് അപകടത്തിൽ കുടുങ്ങിയെന്നും ഉടൻ രക്ഷയ്ക്കു് പണം അയക്കണമെന്നുമാണു് മറെറാരു ചെറുപ്പക്കാരൻ ഒരു വീട്ടുകാരിയോടു് ചെന്നുപറഞ്ഞതു്. അവർ അതു വിശ്വസിച്ചു. ആരും വിശ്വസിച്ചുപോകും. അവരുടെ ഭർത്താവിനെന്തെങ്കിലും പററിയെന്നറിയുകയും രക്ഷിക്കാനാളെത്തിയിരിക്കയും ചെയ്യുമ്പോൾ പണം വച്ചിട്ടുള്ളവർ കൊടുക്കാൻ മടിക്കുമോ? ആ സാധുസ്ത്രീ പണംകൊടുത്തു. അവനതുംകൊണ്ടു കടന്നു. വൈകുന്നേരം പതിവുപോലെ ഭർത്താവു് പണിവിട്ടു വന്നപ്പോഴാണു് തനിക്കു പററിയ അമളിയെക്കുറിച്ചാ സ്ത്രീ അറിഞ്ഞതു്.

ചതിയന്മാർ പല വേഷത്തിലും വീടുകളിൽ വന്നേക്കും. അവരെ മനസ്സിലാക്കാനുള്ള മനക്കരുത്തു് വീട്ടുകാർക്കുണ്ടായിരിക്കണം. ഗൃഹനാഥന്മാർ ഇങ്ങനെയുള്ള കുഴപ്പക്കാരെക്കുറിച്ചു് കൂടുതലായി വീട്ടുകാരികളെ പറഞ്ഞു മനസ്സിലാക്കിയിരിക്കണം. മോഷ്ടിക്കാനും പകൽപോലും കൊള്ളനടത്താനും ബോക്കററടിക്കാനും ചതിക്കാനും സ്കൂളിൽപ്പോകുന്ന കുട്ടികളുടെപോലും ആഭരണം തട്ടിയെടുക്കാനുമൊക്കെ നമ്മുടെ നാട്ടിൽ ധാരാളംപേർ നടക്കുന്നുണ്ടു്. എല്ലാവരെയും പോലീസ് പിടിച്ചു എന്നു വരികയില്ല. ഇങ്ങനെയുള്ളവർ സമുദായദ്രോഹികളാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. എല്ലാവർക്കും ജോലിയുണ്ടാക്കിക്കൊടുക്കുക യാതൊരു ഗവർമ്മെന്റിനും സാദ്ധ്യമല്ല. ജോലിയില്ലാത്തവരിൽ ഒരു വിഭാഗം ഇങ്ങനെയുള്ള പുതിയ ജോലികളിൽ ഏർപ്പെട്ടു് ജനങ്ങളെ ദുരിതത്തിലാക്കാൻ പുറപ്പെട്ടിരിക്കയാണു്. ആരുതന്നെയായാലും ഇക്കൂട്ടരെ വേണ്ടവിധം ശിക്ഷിക്കുവാൻ ഭരണാധികാരികൾ ശ്രദ്ധ നൽകുകയും നിരപരാധികളായ അനേകം സാധുകുടുംബക്കാരെ ചതിവിൽനിന്നും രക്ഷിക്കയും ചെയ്യേണ്ടതു് ഓരോരുത്തരുടേയും ധർമ്മമായി വിചാരിക്കണം.

അറിവില്ലായ്മയും ശ്രദ്ധക്കുറവും അമിതമായ അലിവും വീട്ടുകാരികളെ വഞ്ചനയിൽ കുടുക്കും എന്നോർമ്മിക്കുക. മനുഷ്യരുടെ ഇടയിലുള്ള കുടിലബുദ്ധികളെ വീടുകളിൽനിന്നും അകററിനിറുത്തുക. ഒരനിഷ്ടസംഭവം കുടുംബസൗഖ്യത്തെ ഇല്ലായ്മചെയ്യുന്നതിനു് ഇടയാകാതിരിക്കാൻ പരസ്പരം സഹായിക്കുക.


രൈക്കാട്ടു് മൂസ്സ് വക

## ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു് സമീപം)

എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ

ഇ. ടി. ആര്യൻമൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നതുമാണു്.





കമ്പനിയിൽ ജോലിചെയ്യുന്ന ഭർത്താവു് അപകടത്തിൽ കുടുങ്ങി. ഉടൻ രക്ഷയ്ക്കു് പണം തന്നയക്കണം.

# അന്ത്യോക്യൻ റീത്ത് എന്നു സ്വീകരിക്കപ്പെട്ടു?

(ജോസഫ് തളിയത്ത്)

കഴിഞ്ഞ ഒരു ലക്കം സത്യദീപത്തിൽ മാർ ഇവാനിയോസ് തിരുമേനിയെപ്പററി ഞാൻ എഴുതിയിരുന്ന ലേഖനത്തിൽ ചില തെററുകൾ വന്നുപോയിട്ടുണ്ട്. അവ തിരുത്തിക്കൊണ്ട് ഒരു മാന്യദേഹം എനിക്കു അയച്ചുതന്ന കത്താണ് താഴെ ഉദ്ധരിക്കുന്നത്. അന്ത്യോക്യൻ റീത്തിന്റെ സ്വീകരണം സംബന്ധിച്ചു നടന്നിട്ടുള്ള ചില പ്രധാനസംഗതികൾ ഈ കത്തിൽ പ്രതിപാദിച്ചിരിക്കുന്നതിനാൽ സന്തോഷത്തോടുകൂടി ഞാൻ അതു പ്രസിദ്ധംചെയ്തുകൊള്ളുന്നു.

"താങ്കൾ ഈ ആഗസ്റ്റ് 19-ാം തീയതിയിലെ സത്യദീപത്തിൽ "കാലംചെയ്ത മാർ ഇവാനിയോസ് തിരുമേനി" എന്ന ശീർഷകത്തിൽ പ്രസിദ്ധംചെയ്തിരുന്ന ലേഖനം ഞാനും വായിച്ചു അതിൽ ഒന്നു രണ്ടു സ്ഖലിതങ്ങൾ കടന്നുകൂടിയിട്ടുണ്ടെന്നു അറിയിച്ചുകൊള്ളട്ടെ.

"യാക്കോബായ സഭയിൽ നിന്നു കത്തോലിക്കാസഭയിലേക്കു മാർ ഇവാനിയോസു തിരുമേനിയുടെ പുനരൈക്യത്തിനു മുമ്പു പ്രവേശിച്ചവർ "കൽദായസുറിയാനിറീത്താണു അനുകരിച്ചതു" എന്നതു മുഴുവൻ ശരിയല്ല അവരിൽ അന്ത്യോക്യൻറീത്തു അനുകരിച്ചവർ പലരുണ്ട്. ക്നാനായ യാക്കോബ്യരിൽനിന്നു കത്തോലിക്കാസഭാമാതാവിന്റെ മടിയിലേക്കു തിരിച്ചുവന്ന ബ. പുലയൻകാട്ടിലച്ചൻ. ബ. ഓററത്തെകലച്ചൻ, ബ. എരണ്ണൂലച്ചൻ, ബ. നെടുഞ്ചിറ അച്ചൻ ആദിയായവർ അവരുടെ പുനരൈക്യവേളയിൽ കൽദായ റീത്തല്ല, പ്രത്യുത അന്ത്യോക്യ റീത്താണ് അനുകരിച്ചതു്. അവരുടെ പുനരൈക്യം മാർ ഇവാനിയോസ് തിരുമേനി കത്തോലിക്കാസഭയുമായിപുനരൈക്യപ്പെടുന്നതിനു പലകൊല്ലങ്ങൾക്കു മുമ്പുതന്നെ നടന്നിട്ടുള്ളതാണ്.

"പുനരൈക്യപ്രസ്ഥാനത്തിൽ തന്നെ മാർ ഇവാനിയോസ് തിരുമേനി സാധിച്ചിട്ടുള്ള അതിപ്രധാനമായ സംഗതി യാക്കോബായസഭയിൽ ആചരിച്ചുപോരുന്ന ആരാധനക്രമങ്ങളെ അവശ്യം വേണ്ട ചില തിരുത്തലുകളോടുകൂടി സ്വീകരിക്കുന്നതിന് റോമിലെ മേലധികാരികളെ സമ്മതിപ്പിച്ചു എന്നുള്ളതാണ്" എന്നതും അത്ര ശരിയല്ലെന്നാണു കാണുന്നതു്. യാക്കോബായസഭയിൽ ആചരിച്ചുപോരുന്ന ആരാധനക്രമങ്ങളെ അവശ്യം വേണ്ട തിരുത്തലുകളോടുകൂടി റോമിലെ മേലധികാരികൾ 1921-ലേ സ്വീകരിച്ചിരുന്നു. ആയതിന് പ്രധാനമായി പരിശ്രമിച്ചതു് ദിവംഗതനായ കോട്ടയം ബിഷപ്പ് മാർ അലക്സാണ്ടർ തിരുമനസ്സുകൊണ്ടായിരുന്നു.

"1091 ധനുമാസത്തിൽ ചിങ്ങവനത്തുകൂടിയ ക്നാനായ യാക്കോബായപ്രധാനന്മാർ ചെയ്ത ഒരു നിശ്ചയം അവരുടെ റീത്തു് റോമിൽനിന്നും അംഗീകരിക്കയാണെങ്കിൽ കത്തോലിക്കാസഭയുമായി യോജിക്കണമെന്നായിരുന്നു. ഈ കാര്യം പിന്നീട് അവർ കോട്ടയം ബിഷപ്പ് തിരുമേനിയെ അറിയിച്ചു അവിടുന്നു ക്നാനായയാക്കോബായ പ്രമാണികളുമായി പല ആലോചനകളും നടത്തി. അനന്തരം 1920 നവമ്പർ 18-ാംനു ചങ്ങനാശേരിയിൽ കൂടിയ അഭിവന്ദ്യ തിരുമേനിമാരുടെ കോൺഫറൻസിൽനിന്നും, അഭിവന്ദ്യ ചൂളപ്പറമ്പിൽ തിരുമേനിയുടെ പ്രേരണാഫലമായി, ഈ സംഗതിയെപ്പററി റോമിൽ അറിയിച്ചു. തൽഫലമായി പൗരസ്ത്യതിരുസംഘത്തിന്റെ മഹാമഹിമശ്രീ കർദ്ദിനാൾ സെക്രട്ടറി തിരുമനസ്സുകൊണ്ടു് അ. ഉ. ഡലഗാദപ്പസ്തോലിക്കവഴി ഇവിടത്തെ സുറിയാനിമെത്രാന്മാർ നാലുപേർക്കും 1921 ജൂലായി 5-ാംനു അയച്ചുകൊടുത്ത കല്പനയിൽ താഴെ കാണുന്നപ്രകാരം പറഞ്ഞിരിക്കുന്നു: "This Sacred Congregation after maturely examining the matter has come to the decision to permit the Jacobite priests who return to the Catholic Church to preserve their own Rite, provided nothing is found contrary to the integrity of faith and does not result in any way superstitious. In accepting the said priests the Most Rev. Ordinaries should make an accurate inquiry in order to satisfy themselves that the sacraments, especially Baptism and Sacred Ordination have been validly administered to them. In any case, I recommend the greatest prudence on such an arrangement so that no regrettable consequence may come forth."

"ഇതിൽ നിന്നു സംഗതികളുടെ യഥാർത്ഥ നില ഗ്രഹിക്കാൻ കഴിയുമല്ലോ. കൂടുതൽ വിവരങ്ങൾ ബ. ജയിക്കബ് നെടുഞ്ചിറ അവർകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "പുനരൈക്യപ്രകാശിക" എന്ന ഗ്രന്ഥത്തിൽനിന്നു ഗ്രഹിക്കാവുന്നതാണ്."

## ജീവചരിത്രപംക്തി

### വാഴ്ത്തപ്പെട്ട ജോൺ സ്ലാഡേ

മാർസ്റ്റൺ എന്ന സ്ഥലത്തു ജാതനായി. ഓക്സ്ഫോർഡിൽ പഠിച്ചശേഷം കുറെനാൾ അദ്ധ്യാപകനായി ജീവിതം നയിച്ചു പിന്നീടു് വൈദികപഠനം ആരംഭിച്ചു ഒരു മിഷനറിയായി ഇംഗ്ലണ്ടിൽ പ്രവേശിച്ച ഇദ്ദേഹം വിനാവിളം ബം 1583-ൽ ഒരു ബന്ദിയായിത്തീർന്നു. കൊലക്കളത്തിലേക്കാനീതനായപ്പോൾ ഇദ്ദേഹം പറയുകയാണ്: "എന്റെ വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിക്കുവാൻ ഇതാ ഞാൻ തയാർ" എന്നു്.

കുപിതനായ ഷെറീഫ് അമർഷത്തോടെ അലറി: "നിറുത്തു നിങ്ങളുടെ പുലമ്പൽ. ഇംഗ്ലണ്ടിലെ രാജ്ഞിക്കു് സഭയുടെമേൽ പരമാധികാരം നിഷേധിച്ച നിങ്ങൾ കൊടുംവഞ്ചകനാണ്." ജോൺ സ്ലാഡേ പ്രത്യുത്തരിച്ചു: "നിങ്ങൾ മറിഞ്ഞുകൂടേ. സഭാസ്തംഭങ്ങളായ പത്രോസും പൗലോസും അവരുടെ ലൗകീക ചക്രവർത്തികളെ അനുസരിച്ചെങ്കിൽ രക്തസാക്ഷികളായിത്തീരുകയില്ലായിരുന്നുവെന്നു്."

"സകല വിശുദ്ധരേ, എനിക്കുവേണ്ടി അപേക്ഷിക്കണമെ. സ്വർഗ്ഗത്തിലെ സകല പരിശുദ്ധരുടേയും സഹവാസത്തിനായി ഞാൻ ദാഹിക്കുന്നു" എന്നിവയായിരുന്നു അദ്ദേഹത്തിന്റെ അന്ത്യവചസ്സുകൾ.

1929-ൽ ആണ് ഇദ്ദേഹത്തെ വാഴ്ത്തപ്പെട്ടവൻ എന്ന പേരു വിളിച്ചതു്.

---

## ഇൻറർനൺഷ്യോ തിരു-കൊച്ചിയിൽ

പേപ്പൽ ഇൻറർനൺഷ്യോ മോസ്റ്റ് റവ. ഡോ. മാർട്ടിൻ ലൂക്കാസ് തിരുമനസ്സുകൊണ്ടു് തന്റെ ദക്ഷിണേന്ത്യൻ പര്യടനത്തിനിടയ്ക്കു് ആഗസ്റ്റ് 25-ാംനു തൂത്തുക്കുടിയിൽനിന്നു് തിരുവനന്തപുരത്തെത്തി മാർ ഇവാനിയോസ് തിരുമേനിയുടെ കബറിടത്തുങ്കൽ പ്രാർത്ഥന നടത്തുകയും റീത്തു സമർപ്പിക്കുകയുംചെയ്കയുണ്ടായി 27-ാംനു തിരുമനസ്സുകൊണ്ടു് ചങ്ങനാശ്ശേരി, കോട്ടയം, തൃശൂർ എന്നീ രൂപതാകേന്ദ്രങ്ങൾ സന്ദർശിച്ചശേഷം 28-ാംനു കാലത്തു എറണാകുളത്തെത്തിച്ചേരുകയും എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയെ സന്ദർശിച്ചു് തിരുമനസ്സിലെ നാമഹേതുകത്തിരുനാൾ സംബന്ധിച്ചു് ഭാവുകങ്ങൾ ആശംസിച്ചശേഷം ഉച്ചതിരിഞ്ഞു വിമാനമാർഗ്ഗം ബാംഗളൂർക്കു് പുറപ്പെടുകയുംചെയ്തിരിക്കുന്നു.

---

എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ

## നാമഹേതുകദിനം

എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ കണ്ടത്തിൽ മാർ ആഗസ്തീനോസ് തിരുമനസ്സിലെ നാമഹേതുകദിനം ആഗസ്റ്റ് 28 ാംനു സാഘോഷം കൊണ്ടാടിയിരിക്കുന്നു. അന്നു കാലത്തു് 11 മണിയോടുകൂടി ഇൻറർനൺഷ്യോ തിരുമേനി ചങ്ങനാശേരി മെത്രാൻ, തൃശൂർ മെത്രാൻ എന്നീ തിരുമേനിമാരുമൊരുമിച്ചു എറണാകുളം അതിമെത്രാസനാരമനയിലെത്തി മെത്രാപ്പോലീത്താ തിരുമേനിയെ സന്ദർശിച്ചു് തിരുനാൾ മംഗളങ്ങളാശംസിക്കുകയുണ്ടായി വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയെ പ്രതിനിധീകരിച്ചു് വികാരി ജനറാൾ റൈററ് റവ. മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിൽ അവർകളുൾപ്പെടെ, വൈദികപ്രമുഖരും പൗരമുഖ്യരുമായ മററനവധിപേരും മെത്രാപ്പോലീത്താ തിരുമേനിയെ സന്ദർശിച്ചു് മംഗളങ്ങളാശംസിക്കുകയുണ്ടായി.

രാവിലെ അരമനച്ചാപ്പലിൽ വച്ചു് റവ. ഫാ. പിണക്കാട്ടു അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ സ്തുപ്രസ് കുർബാന അർപ്പിക്കപ്പെട്ടു. വികാരി ജനറാൾ റൈററ് റവ. മോൺ. മാത്യു പോത്തനാമൂഴി അവർകൾ ലാക്ക്‌ആലാഹാ എന്ന സ്തോത്രഗീതം പാടുകയും ദിവ്യകാരുണ്യാശീർവ്വാദം നൽകുകയും ചെയ്തു. അനന്തരം മെത്രാപ്പോലീത്താ തിരുമേനി ആശീർവ്വാദം നൽകി. ഉച്ചകഴിഞ്ഞു നാലുമണിയോടുകൂടി അരമനഹാളിൽ കൂടിയ അനുമോദനയോഗത്തിൽവച്ചു് അതിരൂപതയിലെ വൈദികരുടെയും അൽമായരുടെയും വകയായുള്ള മംഗളപത്രം വെരി റവ. ഫാ. ജോൺ പുത്തൻകരി അവർകൾ വായിച്ചു മെത്രാപ്പോലീത്താ തിരുമേനിക്കു സമർപ്പിച്ചു. മൂക്കന്നൂർ ചെറുപുഷ്പ സന്യാസസഭാ സുപ്പീരിയർ വെരി റവ. ഫാ. ബസീലിയോസ് അവർകൾ തിരുമേനിയെ ഹാരമണിയിച്ചു. തുടർന്നു് വിവിധസ്ഥാപനങ്ങളുടെയും സംഘടനകളുടെയും ആഭിമുഖ്യത്തിൽ നിരവധി ജ്ഞാനപുഷ്പമഞ്ജരികളും ബൊക്കെകളും സമർപ്പിക്കപ്പെട്ടു. പ്രാർത്ഥനകൾക്കും അനുമോദനാശംസകൾക്കുംശേഷം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് കൃതജ്ഞതാസൂചകമായി ഒരു ലഘുപ്രസംഗം ചെയ്തു. തിരുഹൃദയ പെററിസെമിനരി വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ വിവിധകലാപ്രകടനങ്ങൾ നടത്തപ്പെട്ട വസ്തുതയും പ്രസ്താവ്യമത്രെ.

# മാർത്തോമ്മാസ്മാരകം

ആർച്ച്ബിഷപ്സ് ഹൗസ്,
കിംഗ്സ് ഫോർഡ്, ചെട്ട്പെട്ട്
മദ്രാസ്—10, 1953 ആഗസ്റ്റ് 15

പ്രിയ പത്രാധിപർ,

മലബാറിലെ ക്രൈസ്തവർക്കാകമാനം തികച്ചും ഹൃദയാഹ്ലാദകരമായ ഒരു പദ്ധതിയെപ്പററി നിങ്ങളുടെ വായനക്കാരെ അറിയിക്കുന്നതിനു് പത്രസ്ഥലം അനുവദിക്കുവാൻ ദയവുണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നു.

മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ ആഗതനായതിന്റെ 19-ാം ശതാബ്ദജൂബിലി ആഘോഷിച്ച വേളയിൽ, കത്തീഡ്രലിൽവച്ചു ചെയ്ത പ്രസംഗത്തിൽ, ഞാൻ ഒരു നിർദ്ദേശം ഉന്നയിച്ചു ജൂബിലിസ്മരണയെ ശാശ്വതീകരിക്കത്തക്കവിധം സെൻറ് തോമസ് മൗണ്ടിന്റെ ഉച്ചിയിലേക്കു് ഒരു നല്ല റോഡ് നിർമ്മിക്കുക എന്നതായിരുന്നു ആ അഭിപ്രായം. അങ്ങനെ ഒരു റോഡുണ്ടായാൽ, പന്ത്രണ്ടു് ക്രിസ്തുശിഷ്യരിൽ ഒരുവനായ മാർത്തോമ്മാ രക്തസാക്ഷിത്വം വരിച്ച ആ പുണ്യഗിരി സന്ദർശിക്കുവാൻ ആഗ്രഹിക്കുന്ന തീർത്ഥകർക്കും മററുള്ളവർക്കും കാർമാർഗ്ഗം മലമുകളിൽ എത്തിച്ചേരാൻ സാധിക്കും. കൂടാതെ, നമ്മുടെ പരിത്രാണചിഹ്നമായ കുരിശു് ആദ്യമായി ഇന്ത്യയിൽ കൊണ്ടുവന്ന മാർത്തോമ്മായുടെ ഭാരതപ്രവേശസ്മാരകമായി, സെൻറ് തോമസ് ഗിരിമുകളിൽ, പൂർണ്ണകായ വെങ്കലപ്രതിമകളോടുകൂടിയ ഒരു കാൽവരിയും നിർമ്മിക്കപ്പെടണമെന്നു് ഞാൻ അഭിപ്രായപ്പെടുകയുണ്ടായി.

നിർദ്ദിഷ്ടമായ മോട്ടോർ റോഡിന്റെ പണിക്കു വേണ്ടുന്ന സർവ്വേ നടത്തിക്കഴിഞ്ഞിരിക്കുന്നു. കാൽവരിക്കാവശ്യമായ സ്വരൂപങ്ങൾ ഫ്രാൻസിൽനിന്നു വാങ്ങുന്നതിനു് ഓർഡർ ചെയ്തിരിക്കുകയാണ്. റോഡുപണി, കാൽവരി നിർമ്മാണം, മലമുകളിന്റെ നന്നാക്കൽ മുതലായവയ്ക്കു ഏകദേശം 80,000 രൂപാ ചെലവുവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ഭാരതത്തിലെ നമ്മുടെ എല്ലാ ക്രൈസ്തവർക്കും പ്രിയംകരമായ ഈ പദ്ധതിക്കായി, നിങ്ങളുടെ വിലയേറിയ പത്രത്തിൽ ഒരു അഭ്യർത്ഥന പുറപ്പെടുവിക്കുന്നതിനും, ഒരു സംഭാവനലിസ്റ്റ് തുറക്കുന്നതിനും, ദയവുണ്ടാകണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളട്ടെ.

സംഭാവനകൾ നിങ്ങൾ നേരിട്ടു വാങ്ങി എന്റെ പേർക്കു് അയച്ചുതന്നാൽ മതിയാവും. അതല്ലെങ്കിൽ സംഭാവനകൾ എന്റെ പേർക്കു് അയക്കാവുന്നതും, അതു് കൈപ്പററിയതായി ഞാൻ മറുപടി അയച്ചുകൊള്ളാവുന്നതുമാണ്. 500 ക. യിൽ കുറയാതെ സംഭാവന നൽകുന്നവരുടെ പേരുകൾ, കാൽവരിക്കു സമീപം സ്ഥാപിക്കപ്പെടുന്ന മാർബിൾ സ്ലാബിൽ രേഖപ്പെടുത്തുന്നതായിരിക്കും.

നിങ്ങളുടെ ദയാപൂർവ്വമായ സഹായത്തിനും വിലയേറിയ സഹകരണത്തിനും നന്ദി പറഞ്ഞുകൊണ്ടും, ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹങ്ങൾ നിങ്ങൾക്കുണ്ടാകട്ടെയെന്നു് ആശംസിച്ചുകൊണ്ടും,

വിധേയൻ
✠ ലൂയി മത്ത്യാസ് (ഒപ്പ്)
മദ്രാസ് മൈലാപ്പൂർ മെത്രാപ്പോലീത്താ

---

## ഇടവകവാർത്തകൾ

വായ്പൂരു പഴയപള്ളി ഇടവകയിലെ ചെറുപുഷ്പമിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 23-ാംനു റവ. ഫാ. അബ്രാഹം മുണ്ടിയാനിക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു് ഒരു ഇടവകകൗൺസിൽ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

—പറൂർ: കൊട്ടക്കാവുപള്ളിയിലെ ചെറുപുഷ്പ മരിയാസഖ്യത്തിന്റെ 19-ാമതു വാർഷികം റവ. ഫാ. മാത്യു മങ്കുഴിക്കരിയുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. കുമാരി ലില്ലി ജേക്കബ് ബി എ, ശ്രീ കെ. വി. തോമസ് ബി. എ. ബി. എൽ. എന്നിവർ ഓരോ പ്രസംഗം ചെയ്തു.

—ഒല്ലൂർ: ഫ്രെഡറിക് ഓസാനാമിന്റെ ചരമശതാബ്ദജൂബിലി പ്രമാണിച്ചു് സെപ്റ്റംബർ 14-ാംനു മുതൽ 20-ാംനു വരെ "ഓസാനാംവാരം" കൊണ്ടാടുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത വാരത്തിൽ ഒല്ലൂർ കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ പരിസരങ്ങളായ ഒയ്യനിശ്ശേരി, ചിയ്യാരം, ചിറാച്ചിക്കുളം, പെരുവാങ്കുളങ്ങര, മരത്താക്കര, പനങ്കുററിച്ചിറ എന്നീ സ്ഥലങ്ങളിൽ ദിവസേന ഓരോ യോഗവും അവസാനദിവസമായ ഞായറാഴ്ച ഒല്ലൂർ പള്ളിപ്പരിസരത്തിൽ ഒരു സമാപ്തിപൊതുയോഗവും നടത്തപ്പെടുന്നതാണെന്നറിയുന്നു.

—ചേറൂർ: മാതാവിന്റെ സ്വർഗ്ഗാരോപണദിനംപ്രമാണിച്ചു് കൂടിയ പൊതുയോഗത്തിൽ മി. എം. എ. ജോസഫ് ബി. എ., ബി. എൽ. ആദ്ധ്യക്ഷ്യം വഹിക്കുകയും മി. എം. എ. പൗലോസ് പ്രസംഗിക്കുകയുംചെയ്തു.

—ചേരാനല്ലൂർ: ആഗസ്റ്റ് 15-ാംനു സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ കൂടിയ പൊതുയോഗത്തിൽ റവ. ഫാ. ജോസഫ് ഇഞ്ചിപ്പറമ്പിൽ ആദ്ധ്യക്ഷ്യംവഹിക്കുകയും റവ. ഫാ. പോൾ കുഴിക്കാട്ടു്, മി. ജോർജ്ജ് പറനിലം എന്നിവർ പ്രസംഗിക്കുകയുംചെയ്തു.

—ഉമ്പോളി: കപ്പേളയിലെ ഫാത്തിമാതിരുനാൾപ്രമാണിച്ചു് ശ്രീ കൈമാപറമ്പൻ ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 27 | ERNAKULAM, SEPTEMBER 2, 1953 | No. 3


## വി. ഡി. പോൾ സംഘങ്ങളോട്

## പരിശുദ്ധ പിതാവിന്റെ പ്രഭാഷണം

റോമിൽ സമ്മേളിച്ച വിൻസെൻറ് ഡി പോൾ കോൺഫറൻസുകളുടെ ദേശീയകോൺഗ്രസ്സിൽ സംബന്ധിച്ചവരോടു പരിശുദ്ധ പിതാവ് ചെയ്ത പ്രസംഗത്തിന്റെ ആദ്യഭാഗം കഴിഞ്ഞലക്കത്തിൽ ഉദ്ധരിച്ചിരുന്നല്ലോ. ക്രിസ്തീയസ്നേഹത്തിന്റെ മാഹാത്മ്യത്തേയും വിൻസെൻറ് ഡി പോൾ സഖ്യാംഗങ്ങൾ അനുഷ്ഠിച്ചുവരുന്ന സേവനത്തിന്റെ വൈശിഷ്ട്യത്തേയും പ്രകീർത്തിച്ചശേഷം, തിരുമനസ്സുകൊണ്ടു് മൂന്നു സംഗതികൾ അവരുടെ ചിന്തയ്ക്കു് വിഷയീഭവിപ്പിക്കുന്നു. തിരുമേനിയുടെ വാക്കുകൾതന്നെ ഉദ്ധരിക്കാം:—

നിങ്ങളുടെ ധ്യാനത്തിനു വിഷയമാകുന്നതിനുവേണ്ടി മൂന്നു ചെറിയ ആശയങ്ങൾ നിങ്ങൾക്കു നൽകുവാൻ നാമാഗ്രഹിക്കുന്നു. അവ ഈ കൂടിക്കാഴ്ചയുടെ രക്ഷാകരമായ ഒരു സ്മാരകവും നിങ്ങളുടെ പ്രവർത്തനത്തിനുള്ള ഒരു പ്രചോദനവുമായിരിക്കും. ഓസാനാമിനും അദ്ദേഹത്തിന്റെ വത്തിക്കാൻസന്ദർശനം തന്റെ തീക്ഷ്ണതയെ നവീകരിക്കുന്നതിനുള്ള ഒരുത്തേജനമായി ഭവിച്ചു.

### 1. സ്നേഹം ആദ്ധ്യാത്മികത്വത്തിന്റെ ഒരു സുനിശ്ചിതരൂപമാണ്

ഓരോ ആത്മാവിനും ദൈവം നിശ്ചയിച്ചിരിക്കുന്ന അന്ത്യം, അതായതു് വിശുദ്ധി, വിവിധമാർഗ്ഗങ്ങളിൽക്കൂടി പ്രാപിക്കുവാൻ സാധിക്കുമെന്നുള്ളതു ക്രിസ്തുമതത്തിന്റെ ഒരു വിശേഷതയും അതിന്റെ സമൃദ്ധമായ ജീവചൈതന്യത്തിന്റെ ഒരടയാളവുമാകുന്നു. അരൂപി അതിനിഷ്ടമുള്ള വിധത്തിലും ഇഷ്ടമുള്ളിടത്തുമാണു വീശുന്നതു്. അതുകൊണ്ടത്രെ സഭയുടെ നഭോമണ്ഡലത്തിൽ നക്ഷത്രങ്ങളെപ്പോലെ ശോഭിക്കുകയും ദൈവദാനങ്ങളുടെ സമൃദ്ധിയെ പ്രഖ്യാപിക്കുകയും ചെയ്യുന്ന വിവിധഗണത്തിൽപ്പെട്ട പുണ്യവാന്മാർ നിരവധിപേർ ഉണ്ടായിട്ടുള്ളതു്. എന്നാൽ നിരന്തരമായും, ആവശ്യംവരുമ്പോൾ വീരോചിതമായും ഉപവി പരിശീലിക്കുന്നപക്ഷം അതു നേരെ വിശുദ്ധിയിലേക്കു നയിക്കുന്ന ഒരു മാർഗ്ഗമെന്നനിലയിൽ മറ്റൊന്നിനും പുറകിലായിരിക്കയില്ലെന്നു തീർച്ചയാണു്. ദൈവികപുണ്യങ്ങളാൽ പ്രചോദിതവും, വിവേകം, നീതി, ആത്മശക്തി, മിതത്വം എന്ന സാന്മാർഗ്ഗികപുണ്യങ്ങളാൽ സമന്വിതവുമായ പരസ്നേഹത്തിനു് ഉന്നതമായ പരിപൂർണ്ണതയുടെ സുരക്ഷിതമായ ഒരടിസ്ഥാനമായിരിക്കുവാൻ കഴിയുന്നതാണു്.

പാവപ്പെട്ടവരെ കൂടെക്കൂടെ സന്ദർശിക്കുക, പരിത്യക്തരായ ശിശുക്കൾക്കു സഹായഹസ്തം നീട്ടിക്കൊടുക്കുക, സാധുക്കൾക്കു ധനസഹായം നൽകുക മുതലായവയാണു് വിൻസെൻറ് ഡി പോൾ കോൺഫറൻസംഘങ്ങളുടെ പ്രവർത്തനങ്ങൾ. ഒരർത്ഥത്തിൽ അവർ പാവപ്പെട്ടവരെപ്രതി ഭിക്ഷുക്കളായിത്തീരുകയാണു ചെയ്യുന്നതു്. ആശ്രമഭിത്തികളും, (താപസന്മാരുടെ വാസസ്ഥാനങ്ങളായിരുന്ന) വിജനപ്രദേശങ്ങളും, പള്ളിക്കൂടങ്ങളും, പ്രത്യക്ഷത്തിലുള്ള പ്രേഷിതവൃത്തിയും, അക്രൈസ്തവരാജ്യങ്ങളിലെ മിഷൻരംഗങ്ങളും മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം വിശുദ്ധിയുടെ വിദ്യാലയങ്ങളും പുണ്യപരിപൂർണ്ണതയുടെ പരിശീലനകേന്ദ്രങ്ങളുമായിരുന്നിട്ടുണ്ടു്; ആയിരിക്കുന്നുമുണ്ടു്. അപ്രകാരമായിരിക്കുവാൻ നിങ്ങളെ സംബന്ധിച്ചിടത്തോളം വിൻസെൻറ് ഡി പോൾ കോൺഫറൻസുകൾക്കും കഴിയുന്നതാണു്. പാവപ്പെട്ടവരുടെനേർക്കുള്ള സ്ഥായിയായ അനുകമ്പ ധ്യാനത്തിനും വാചാപ്രാർത്ഥനയ്ക്കുമുള്ള പ്രചോദനവും തീക്ഷ്ണതയും പ്രദാനംചെയ്യുന്നു. ആശയടക്കത്തിനും സ്വാർത്ഥത്യാഗത്തിനും അതു പ്രേരണനൽകുന്നു. ചാരിത്രശുദ്ധിയേയും എളിമയേയും അതു ശക്തിപ്പെടുത്തുകയും ചെയ്യുന്നു. മറ്റെല്ലാ പുണ്യങ്ങളും സർവ്വപ്രധാനമായ ഈ പ്രേരണാശക്തിയിന്മേൽ കെട്ടിപ്പടുക്കാവുന്നതാണു്. ഇതു തന്നെയാണല്ലോ നമ്മുടെ ദിവ്യരക്ഷകൻ നൽകിയ ഏറ്റവും വലിയ കല്പനകളിൽ ഒരെണ്ണം "നിന്റെ അയല്ക്കാരനെ നീ നിന്നെപ്പോലെതന്നെ സ്നേഹിക്കണം" എന്നു അവിടുന്നു വ്യക്തമായി അരുളിച്ചെയ്തിരിക്കുന്നു.

### 2. സ്നേഹത്തിന്റെ പ്രേഷിതത്വം അപ്രതിഹതമാണു

നിങ്ങളുടെ കോൺഫറൻസുകൾ അപ്പസ്തോലികമായ ഒരുദ്ദേശ്യത്തോടുകൂടി ആരംഭിച്ചതാണെന്നു നിങ്ങൾക്കു നല്ലപോലെ അറിയാവുന്നതാണല്ലോ. കുറച്ചുകാലംകൊണ്ടു്, ഇന്നു സഭയിൽ പ്രയോഗത്തിലിരിക്കുന്ന ഏറ്റവും ഫലപ്രദമായ പ്രേഷിതവൃത്തികളിൽ ഒന്നായി വിരാജിക്കുവാനുള്ള ഭാഗധേയം അവയ്ക്കുണ്ടായി. മറിച്ചു സംഭവിക്കുക സാദ്ധ്യമായിരുന്നില്ല, കാരണം പ്രേഷിതവൃത്തിതന്നെ ഉപവിയുടെ പരിണതഫലമാണു്. എല്ലാ ആത്മാക്കളിലും മഹത്വീകരിക്കപ്പെട്ടുകാണുവാൻ നാമാഗ്രഹിക്കുന്ന ദൈവത്തിന്റെനേർക്കുള്ള സ്നേഹത്തിന്റെയും, പരമനന്മയിൽ ഭാഗഭാക്കായി കാണുവാൻ നാമാഗ്രഹിക്കുന്ന നമ്മുടെ അയല്ക്കാരന്റെ നേർക്കുള്ള സ്നേഹത്തിന്റെയും ഫലമാണതു്. പ്രേഷിതവൃത്തി ഉപവിയുടെ പ്രകാശനമാണു്. തദ്വാരാ അതു പൂർത്തിയാകയും ശക്തിപ്പെടുകയും ചെയ്യുന്നു.

വിൻസെൻറ് ഡി പോൾ കോൺഫറൻസുകളിലേക്കു നിങ്ങളെ വലിച്ചടുപ്പിക്കുന്ന പ്രേരണാശക്തിയെ ക്രിസ്ത്യാനികളെന്ന നിലയിൽ നിങ്ങൾ പരിശോധിക്കുന്നപക്ഷം ഒരു സംഗതി നിങ്ങൾ കണ്ടുപിടിക്കാനിടയുണ്ടു്; അതായതു്, നിങ്ങളുടെ സഹോദരന്മാരുടെ ലൗകികമായ ആവശ്യങ്ങളിലുള്ള മാനുഷികമായ സഹതാപം നിങ്ങളുടെ പ്രവർത്തനങ്ങൾക്കു് പ്രേരകമായിരിക്കുന്നതോടൊപ്പം, അത്തരം ലൗകികാവശ്യങ്ങളിൽനിന്നു പലപ്പോഴും ഉളവാകുന്ന അവരുടെ ആദ്ധ്യാത്മികാവശ്യങ്ങളിൽ അവരെ സഹായിക്കാനുള്ള ആഗ്രഹത്താൽ നിങ്ങൾ ഉൽക്കണ്ഠാകുലരായിരിക്കുന്നെന്നു്. അങ്ങനെ അവരെ അരൂപിയിൽ ധനവാന്മാരും, ക്ലേശങ്ങളിൽ പ്രശാന്തചിത്തരും, ദൈവത്തിന്റെ അക്ഷയമായ നല്ല വിഭവങ്ങളിൽ പങ്കുകാരും ആക്കുവാനുള്ള ആഗ്രഹത്താൽ നിങ്ങൾ അവരുടെ പക്കലേക്കു് ആകർഷിക്കപ്പെടുന്നു. യഥാർത്ഥത്തിൽ, മനുഷ്യരുടെ മനസ്സിനെ ക്രിസ്തുവിലേക്കും അവിടുത്തെ തിരുവിഷ്ടത്തിലേക്കും തിരിക്കാതെ, അവരുടെ ശരീരത്തിന്റെ വിശപ്പിനെമാത്രം പരിഹരിക്കുകയും അവരുടെ ആത്മാവിനെ സത്യത്തിന്റെയും നിത്യസൗഭാഗ്യത്തിന്റെയും സാക്ഷാത്തായ അപ്പത്തിനുവേണ്ടി വിശക്കുന്ന സ്ഥിതിയിൽ വിട്ടുപേക്ഷിക്കുകയും ചെയ്യുകയെന്നതു് അത്രനല്ല ഒരേർപ്പാടല്ല. തന്റെ മനുഷ്യസഹജമായ സഹതാപത്തെ സംതൃപ്തിപ്പെടുത്തുവാൻ വേണ്ടിമാത്രം മറ്റുള്ളവരുടെ ലൗകികക്ലേശങ്ങൾക്കു നിവാരണം വരുത്തുന്നവൻ കേവലം മാനുഷികമായ ഒരു കൃത്യമാണു ചെയ്യുന്നതു്. ഒരു ക്രിസ്ത്യാനി കുറച്ചുകൂടി മുന്നോട്ടുപോകുന്നുണ്ടു്; അവൻ അങ്ങനെ മുന്നോട്ടുപോകയും വേണം. ആത്മാക്കൾക്കു ദൈവത്തെ പ്രദാനംചെയ്യുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടുന്ന ഉൽകൃഷ്ടതരമായ ആ സഹതാപം അവനുണ്ടാകേണ്ടിയിരിക്കുന്നു.

ആകയാൽ, നല്ലവിതക്കാരേയും ശുഷ്കാന്തിയുള്ള ഇടയന്മാരേയുംപോലെ, സ്നേഹംനിറഞ്ഞ പിതാക്കളേയും മാതാക്കളേയുംപോലെ, പലപ്പോഴും അറിയപ്പെടാത്തവരാണെങ്കിലും എല്ലായ്പോഴും ദൈവത്തിനു പ്രിയപ്പെട്ടവരായിരിക്കുന്ന സത്യപ്രബോധകരേയുംപോലെ നിങ്ങൾ പാവപ്പെട്ടവരുടെ പക്കലേക്കു പോകുവിൻ. പാവപ്പെട്ടവരെ ക്രിസ്തു സ്നേഹിക്കുന്നതുപോലെ നിങ്ങളും സ്നേഹിക്കുന്നെങ്കിൽ, പ്രകാശം നൽകുകയും ബോദ്ധ്യംവരുത്തുകയും മനസ്സുതിരിക്കുകയും ചെയ്യുന്നതിനു പര്യാപ്തങ്ങളായ വാക്കുകൾ അവിടുന്നു നിങ്ങളുടെ അധരങ്ങളിൽ ഉല്പാദിപ്പിക്കും. സ്നേഹത്തിന്റെ ശക്തിയെ ചെറുത്തുനില്ക്കുവാൻ ആർക്കും കഴിയുന്നതല്ല.

### 3. സ്നേഹകൃത്യങ്ങൾ ഫലസന്ദായകങ്ങളാണു്

ലോകത്തിന്റെ രക്ഷയ്ക്കും നീതിയുടേയും സമാധാനത്തിന്റേയും വിജയത്തിനും ഇപ്പോഴത്തെ ഗുരുതരപ്രശ്നങ്ങളുടെ പരിഹാരത്തിനുംവേണ്ടി ഉണർന്നുപ്രവർത്തിക്കുവാൻ അടുത്തകാലത്തു നാം വിശ്വാസികളെ ഉദ്ബോധിപ്പിക്കുകയുണ്ടായി. നിങ്ങളുടെ കോൺഫറൻസുകളിൽ ഉപവി എന്ന പുണ്യം പ്രയോഗത്തിൽ വരുത്തിക്കൊണ്ടു് വിജയപ്രദമായി അതു നിർവ്വഹിക്കുന്നതിനു നിങ്ങൾക്കു കഴിയുന്നതാണു്. കാരണം, യഥാർത്ഥസ്നേഹം എപ്പോഴും ഫലസന്ദായകമാണു്. അതിന്റെ അനുഷ്ഠാനം എപ്പോഴും വിജയശ്രീലാളിതമാവുകയും ചെയ്യും. കത്തോലിക്കർ പ്രശംസനീയങ്ങളായ മറ്റു പല പ്രവർത്തനങ്ങളിലും ഏർപ്പെടുന്നുണ്ടു്. പല കാരണങ്ങളാലും അവ എല്ലായ്പ്പോഴും ഉദ്ദിഷ്ടഫലം പുറപ്പെടുവിച്ചില്ലെന്നു വരാം. എന്നാൽ ഉപവിയുടെ രംഗത്തു ചെയ്യുന്നതൊന്നും ഒരിക്കലും നഷ്ടപ്പെടുന്നില്ല. വാസ്തവത്തിൽ, അതെല്ലാം നാമേറ്റവും ഇഷ്ടപ്പെടുന്ന കാര്യങ്ങൾ സാധിക്കുന്നതിനു് അത്ഭുതകരമായ വിധത്തിൽ ഉപകരിക്കുന്നുണ്ടു്. വീണ്ടും നിങ്ങളുടെ പതാകാവാഹിയായ ഫ്രെഡറിക് ഓസാനാമിന്റെ കാര്യം ചിന്തിക്കുക. സഭയ്ക്കുവേണ്ടി തന്റെ ജീവിതത്തിൽ അദ്ദേഹം ചെയ്തുകൊണ്ടിരുന്ന സേവനങ്ങൾ എത്രയെത്ര! അദ്ദേഹം ഒരെഴുത്തുകാരനും ഒരു പ്രാസംഗികനും ഒരു പ്രൊഫസ്സറും ഒരു പണ്ഡിതനും ഒരു രാഷ്ട്രീയപ്രവർത്തകനുമായിരുന്നു. 40 കൊല്ലം മാത്രം ദീർഘിച്ച ആ ജീവിതം എത്ര സംഭവബഹുലമായിരുന്നു! എന്നിട്ടും ഏതു സംഗതിയാണു് അദ്ദേഹത്തെ ഏറ്റവുമധികം പ്രശസ്തനാക്കിയതു്? അദ്ദേഹം സ്ഥാപിച്ച കോൺഫറൻസുകളല്ലയോ?

കൂടാതെയും, നാം പലപ്പോഴും പ്രഖ്യാപിച്ചിട്ടുള്ള ഉദ്ദേശ്യങ്ങൾ സാധിതപ്രായമാകുന്നതിനുവേണ്ടി കോൺഫറൻസുകൾക്കു നേരിട്ടു സഹായം നൽകാൻ സാധിക്കുന്ന ഒരു പ്രവൃത്തിമണ്ഡലമുണ്ടു്: സാമൂഹികപ്രവർത്തനരംഗം. ഈ രംഗത്തു്, നിങ്ങളുടെ സംഘടനയുടെ പരിധിയിൽ കൃത്യമായി ഒതുങ്ങിനിന്നുകൊണ്ടുതന്നെ നിങ്ങൾക്കു സേവനമനുഷ്ഠിക്കാൻ സാധിക്കും. നിങ്ങൾക്കു നല്ലവണ്ണം അറിയാവുന്നതുപോലെ, സാമൂഹികനീതിയെ പ്രോത്സാഹിപ്പിക്കുകയും പാവപ്പെട്ട വർഗ്ഗങ്ങളുടെ സ്ഥിതി മെച്ചമാക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള ഏതൊരു പ്രവർത്തനത്തേയും പുരോഗമിപ്പിക്കുക എന്നതാണു് ആ സംഘടനയുടെ ലക്ഷ്യം. തന്നിമിത്തം, തൊഴിലാളികൾക്കുള്ള സഹായം, വയോജനവിദ്യാഭ്യാസത്തിനുള്ള പാഠശാലകൾ, തൊഴിൽ കണ്ടുപിടിച്ചുകൊടുക്കാനുള്ള സമിതികൾ, ഭവനനിർമ്മാണം, കുട്ടികൾക്കായുള്ള ഗ്രീഷ്മകാലവസതികൾ, യുവചൈതന്യത്തോടുകൂടിയ കോൺഫറൻസുകൾ നിങ്ങൾക്കു ചൂണ്ടിക്കാണിച്ചുതരുവാനിരിക്കുന്ന മറ്റു സാമൂഹികസേവനപദ്ധതികൾ—ഇത്തരം പ്രവർത്തനങ്ങൾ നിങ്ങളുടെ പരിധിയിൽപെടാത്തവയായി നിങ്ങൾ വിചാരിക്കരുതു്.

പ്രിയപ്പെട്ട പുത്രന്മാരേ, പുത്രിമാരേ, വിൻസെൻറു് ഡി പോൾ കോൺഫറൻസുകളിൽ അംഗങ്ങളായി ചേരുവാൻ നിങ്ങൾക്കു പ്രേരണ നൽകിയതിൽ ദൈവത്തിന്റെ പരിപാലന നിങ്ങളോടു് ഉദാരമായിട്ടാണു് വർത്തിച്ചിട്ടുള്ളതു്. എന്തുകൊണ്ടെന്നാൽ തൽഫലമായി വിശുദ്ധിയുടേയും പ്രേഷിതവൃത്തിയുടേയും സാമൂഹികപ്രവർത്തനത്തിന്റേയും ഒരതുല്യമാർഗ്ഗമാണു് നിങ്ങൾക്കു കൈവരുന്നതു്. നിങ്ങളുടെ സഹകരണവും ഉദാരമായിത്തന്നെ നൽകുവിൻ. നിങ്ങൾക്കും സഭയ്ക്കും അതിൽനിന്നു വിസ്മയാവഹങ്ങളായ ഫലങ്ങൾ ഉളവാകുമെന്നു് ഉറപ്പു വിചാരിക്കുകയും ചെയ്യുവിൻ. നിങ്ങളുടെ പരിപാടി മറ്റുള്ളവർക്കു ചൂണ്ടിക്കാണിച്ചുകൊടുക്കുവിൻ. ഉൽകൃഷ്ടമായ ഒരു ജീവിതാദർശത്തിനുവേണ്ടി അന്വേഷിച്ചിട്ടു ചിലപ്പോഴെല്ലാം കണ്ടെത്താൻ സാധിക്കാതെവരുന്ന യുവാക്കൾക്കും മറ്റാദർശങ്ങളാൽ വഞ്ചിതരായിത്തങ്ങളിലും തങ്ങളുടെ പരിസരങ്ങളിലും ഒരു മഹാശൂന്യത അനുഭവപ്പെടുന്നവർക്കും നിങ്ങളതു കാണിച്ചുകൊടുക്കുവിൻ. ക്രിസ്തീയസ്നേഹത്തിന്റെ കൊടിക്കീഴിൽ വിശ്വസ്തതയോടും ഐക്യബോധത്തോടുംകൂടി ഒറ്റക്കെട്ടായി നിലകൊള്ളുവിൻ. ഉത്സാഹത്തോടും എളിമയോടുംകൂടി വേലചെയ്യുവിൻ. ക്രിസ്തുവിന്റെ വിനയശീലത്തോടുകൂടി, കഷ്ടതയുടേയും നിർഭാഗ്യത്തിന്റേയും ചെറ്റപ്പുരകളിലേക്കു് നിങ്ങൾ പ്രവേശിക്കുവിൻ. രോഗശമനം നൽകിയും നന്മചെയ്തും ഈ ഭൂമിയിൽ ചുറ്റിസഞ്ചരിച്ച രക്ഷകനെ അവിടെ കൊണ്ടുചെല്ലുവിൻ. ആ ദിവ്യഹൃദയത്തിന്റെ ചൂടു് ആദ്യമേതന്നെ നിങ്ങളുടെ ആത്മാക്കളിൽ ഉണ്ടായിരിക്കട്ടെ. അനന്തരമതു അഹങ്കാരവും മന്ദതയുംനിറഞ്ഞ ലോകത്തിൽ അതിന്റെ പ്രകാശകതിരുകൾ വീശുകയും അനേകരുടെ ആത്മരക്ഷയ്ക്കു നിദാനമായി ഭവിക്കയുംചെയ്യട്ടെ.

നമ്മുടെ ഈ അഭിലാഷങ്ങൾ നിങ്ങളിലും നിങ്ങൾവഴിയായും പൂർത്തിയാകുന്നതിനുവേണ്ടി, ഇവിടെ സന്നിഹിതരായിരിക്കുന്നവർക്കും വിൻസെൻറു് ഡി പോൾ കോൺഫറൻസുകളോടു ബന്ധപ്പെട്ടവരായി ലോകം മുഴുവനിലുമുള്ള എല്ലാവർക്കും നമ്മുടെ പൂർണ്ണഹൃദയത്തോടുകൂടി നാം നമ്മുടെ പൈതൃകമായ ശ്ലൈഹികാശീർവ്വാദം നൽകുന്നു.

വിൻസെൻറു് ഡി പോൾ സഖ്യത്തിന്റെ സ്ഥാപകനായ ഫ്രെഡറിക് ഓസാനാമിന്റെ ചരമശതാബ്ദപൂർത്തി ആഘോഷിക്കുന്ന ഈയവസരത്തിൽ നാം സഖ്യപ്രവർത്തനങ്ങൾ പൂർവ്വാധികം ഊർജ്ജിതപ്പെടുത്തുന്നതു് സമുചിതമായിരിക്കുമല്ലോ. അതിനു പരിശുദ്ധ പിതാവിന്റെ കാര്യസമ്പുഷ്ടമായ ഈ പ്രഭാഷണം മാർഗ്ഗദർശകമായിരിക്കട്ടെ.

---


സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—0—0 |


---

## അടുത്തയാഴ്ചയിൽ

സെപ്റ്റംബർ

6 ഞാ: പന്തക്കുസ്താ 15-ാം ഞാ:

7 തി: അൽഫോൻസ് ലിഗോരി

8 ചൊ: കന്യകാമറിയത്തിന്റെ പിറവി

9 ബു: റോക്കോസ്

10 വ്യാ: നിക്കോലാവോസ് തൊലന്തീനോസ്

11 വെ: പ്രോന്തോസും ഹോഅസിന്തോസും

12 ശ: മറിയത്തിന്റെ തിരുനാമം

—

വാഴ്‌വിനുശേഷമുള്ള

### ജപം

പരി. കർബാനയുടെ വാഴ്‌വിനു ശേഷം ചൊല്ലുന്ന "ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ" എന്നാരംഭിക്കുന്ന ജപത്തിൽ ഒരു വാചകംകൂടി കൂട്ടിച്ചേർക്കണമെന്നു പരിശുദ്ധ സിംഹാസനം ആജ്ഞാപിച്ചിട്ടുണ്ടു്. "തന്റെ മഹത്വപൂർണ്ണമായ സ്വർഗ്ഗാരോപണം വാഴ്ത്തപ്പെട്ടതാകട്ടെ" എന്നതാണതു്. "കന്യകയും മാതാവുമായ മറിയത്തിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ" എന്ന വാചകം കഴിഞ്ഞാണു് ഇതു കൂട്ടിച്ചേർക്കേണ്ടതു്. ഏതത്സംബന്ധമായ ഡിക്രി ഏതാനും മാസങ്ങൾക്കുമുമ്പു വത്തിക്കാന്റെ ഔദ്യോഗികപത്രമായ "ആക്ത അപ്പസ്തോലിച്ചേ സേദിസ്" എന്ന മാസികയിൽ പ്രസിദ്ധംചെയ്യുകയുണ്ടായി. (See The Examiner April 18, 1953)

# ക്രൈസ്തവ എം.പി.മാരുടെ മെമ്മോറാണ്ഡം

ഇന്ത്യയിലെ വിദേശക്രിസ്ത്യൻ മിഷനറിമാരെ സംബന്ധിച്ച് പാർലമെൻറിലെ 14 ക്രൈസ്തവ മെംബറന്മാർചേർന്ന് ഇന്ത്യായൂണിയൻ പ്രധാനമന്ത്രിക്കും ആഭ്യന്തരവകുപ്പുമന്ത്രിക്കും സമർപ്പിച്ച മെമ്മോറാണ്ഡം താഴെ ചേർക്കുന്നു.

1. ഇന്ത്യയിലെ വിദേശ ക്രിസ്ത്യൻ മിഷനറിമാരുടെ സാന്നിദ്ധ്യത്തേയും പ്രവർത്തനങ്ങളേയും സംബന്ധിച്ച് ഈയിടെയായി ധാരാളം വാദപ്രതിവാദങ്ങൾ നടന്നുകൊണ്ടിരിക്കുന്നു എന്ന വസ്തുത ഗവമ്മെണ്ടിന് അറിവുള്ളതാണല്ലോ. ഈ സംവാദങ്ങൾ ക്രിസ്ത്യൻ സുവിശേഷപ്രചരണത്തിനു പല ഭാഗത്തുനിന്നും ശക്തിയായ എതിർപ്പിനു നിമിത്തമായിത്തീർന്നിട്ടുണ്ട്. മിഷനറിമാരുടെമേൽ പോലീസ് അധികാരികളുടെ കയ്യേററം, മിഷനറിമാരുടെ പ്രവർത്തനം പണസംബന്ധമായ ചുററുപാട് മുതലായവയെപ്പററിയുള്ള അന്വേഷണങ്ങൾ, ചിലേടത്ത് അറസ്റ്റുകൾ, മിഷനറിമാരുടെമേൽ ക്രിമിനൽ കേസ്സുകൾ ഇങ്ങനെ മിഷനറിമാർക്ക് നാനാവിധത്തിലുള്ള മർദ്ദനങ്ങൾ അനുഭവപ്പെടുന്നതായി, ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിലുള്ള സഭാധികാരികളിൽനിന്നും ക്രിസ്ത്യൻസംഘടനകളിൽനിന്നും ഞങ്ങൾക്കു പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്നു. വിദേശമിഷനറിമാരുടെ പ്രവേശനം കശ്ശനമായി നിരോധിക്കപ്പെടുന്നുവെന്നും, പ്രായംചെന്നവരുടെ സ്ഥാനത്ത് പകരം അത്യന്താപേക്ഷിതമായി നിയമിക്കപ്പെടേണ്ടുന്ന വിദ്യാഭ്യാസ സാമൂഹ്യപ്രവർത്തകർക്കും സുവിശേഷപ്രവർത്തകർക്കും വിസാകൾ നിഷേധിക്കപ്പെടുന്നുവെന്നും ഞങ്ങൾക്കു അറിവു ലഭിച്ചിരിക്കുന്നു. ഈ സംഭവവികാസങ്ങൾ ക്രൈസ്തവസമുദായത്തിനു ഉൽക്കണ്ഠാജനകങ്ങളായിത്തീർന്നിരിക്കുന്നു; വിദേശമിഷനറിമാരുടെ സുവിശേഷപ്രവർത്തനങ്ങൾ തീർത്തും നിർത്തലാക്കുമോ എന്നൊരു ഭീതി ഞങ്ങളിൽ വ്യാപിച്ചിരിക്കുന്നു; ഞങ്ങളുടെ വിദ്യാഭ്യാസ സാമൂഹ്യാദി പ്രവർത്തനങ്ങളുടെ വിജയം, പ്രവർത്തകരുടെ വൈരള്യംനിമിത്തം തകരാറിലാകുമോ എന്നൊരാശങ്കയും ഞങ്ങളിൽ അങ്കുരിച്ചിട്ടുണ്ട്.

2. ഇതു സംബന്ധിച്ച് എല്ലാ വിഭാഗങ്ങളിലുംപെട്ട സഭാനേതാക്കൾ പ്രധാനമന്ത്രിയേയും, ഹോംമന്ത്രിയേയും സമീപിച്ച് നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി എന്നു ഞങ്ങൾ അറിയുന്നു. യഥാകാലത്തുള്ള അവരുടെ ഇടപെടൽ ആശാവഹമായ ഫലം പുറപ്പെടുവിക്കുമെന്നു ഞങ്ങൾക്കു വിശ്വാസമുണ്ട്. ഞങ്ങൾ അവരുടെ സംരംഭത്തിനു പൂർണ്ണമായ പിന്തുണ നൽകുകയും, വിദേശമിഷനറിമാരെ സംബന്ധിച്ച് ഗവമ്മെണ്ടു നാളതുവരെ പാലിച്ചുപോന്നിരുന്ന നയം അഭംഗുരം തുടരുമെന്നും, ഇന്ത്യയിലെ ക്രൈസ്തവർക്കു ഒരിക്കൽക്കൂടി ഉറപ്പുനൽകത്തക്കവിധം ഒരു ഔദ്യോഗിക പ്രസ്താവന ഉണ്ടാകുമെന്നും ന്യായമായി അഭിലഷിക്കുന്നതിൽ, ക്രൈസ്തവസമുദായം അൽമായസഭാനേതാക്കളോടു പരിപൂർണ്ണമായിയോജിച്ചുകൊണ്ടു അൽമായനേതാക്കളും, ഒററക്കെട്ടായി നില്ക്കുന്നു എന്നു അറിയിക്കുകയും ചെയ്യുന്നു.

3. കഴിഞ്ഞ ഏപ്രിലിൽ പാർലമെൻറിൽ ചെയ്യപ്പെട്ട ചില പ്രസ്താവനകളിൽനിന്നാണു ഈ കുഴപ്പം ഉളവായതെന്നു ഗവമ്മെണ്ടിനു അറിവുള്ളതാണല്ലോ. ഏതോ അതിർത്തിപ്രദേശങ്ങളിൽ ക്രൈസ്തവമിഷനറിമാർ ഇന്ത്യൻ വിരുദ്ധപ്രവർത്തനത്തിൽ വ്യാപൃതരായിരിക്കുന്നുവെന്നും, ചില വർഗ്ഗങ്ങളിൽ അവർ വേർതിരിപ്പൻ മനോഭാവത്തിനു പ്രേരണചെലുത്തുന്നുവെന്നും മററും വിവരിക്കുന്ന പത്രറിപ്പോർട്ടുകൾ ഈ അന്തരീക്ഷത്തിനു അവസരംനൽകി. മുൻവിവരിച്ച രീതിയിലുള്ള മിഷനറിപ്രവർത്തനങ്ങൾ തടയേണ്ടവതന്നെയെന്നകാര്യത്തിൽ ഞങ്ങൾ ഗവമ്മെണ്ടിനോടു പൂർണ്ണമായി യോജിക്കുന്നു; അങ്ങനെയുള്ള മർമ്മപ്രദേശങ്ങളിൽ വിദേശികളുടെ പ്രവേശനത്തെ തടയണമെന്നുള്ള ഗവമ്മെണ്ടിൻെറ ഉദ്ദേശം ഞങ്ങൾക്കു മനസ്സിലാക്കാൻകഴിയും. ഇപ്പറഞ്ഞ രീതിയിലുള്ളപ്രവർത്തനങ്ങളിൽ വ്യാപരിക്കുകയോ നിർദ്ദിഷ്ടമായ കൃത്യപരിധിക്കപ്പുറത്ത് എന്തെങ്കിലും രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഇടപെടുകയോ ചെയ്യുന്നവരുടെമേൽ കർശനങ്ങളായ നടപടികൾ സ്വീകരിക്കുന്നതാണെന്നു ഉത്തരവാദിത്വമുള്ള സഭാധികാരികളിൽനിന്നു ഞങ്ങൾക്കു ഉറപ്പു ലഭിച്ചിട്ടുണ്ട്.

4. പാവങ്ങളെയും നിരക്ഷരകുക്ഷികളെയും അനുചിതമായ മാർഗ്ഗങ്ങളിലൂടെ മതത്തിൽ ചേർക്കുന്നതിനെ പ്രോത്സാഹിപ്പിക്കരുതെന്നു ഞങ്ങളും സമ്മതിക്കുന്നു. അങ്ങനെ അനുചിതമായ രീതിയിൽമതപരിവർത്തനം നടക്കുന്നു എന്നു മദ്ധ്യപ്രദേശത്തെയും, മദ്ധ്യഭാരതത്തിലെയും ഉദ്യോഗസ്ഥരിൽനിന്നു പരാതികൾ ലഭിച്ചു എന്നാണു പറയപ്പെടുന്നത്. ഈ പരാതികളിൽ ഏറിയക്കൂറും അതിശയോക്തിപരങ്ങളാണെന്നും, ബ്രിട്ടീഷ് വാഴ്ചക്കാലത്തു മിഷനറികൾക്കു പ്രവേശനം നൽകാതിരുന്ന പഴയ നാട്ടുരാജ്യങ്ങളിലെ ജന്മികളുടെ പ്രേരണനിമിത്തം ഉണ്ടായിട്ടുള്ളവയാണെന്നും പ്രസ്തുത സ്റ്റേററുകളിലെ ക്രൈസ്തവനേതാക്കന്മാരും സംഘടനകളും കാര്യകാരണസഹിതം ഞങ്ങളെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. ആ പ്രദേശങ്ങളിലെ പിന്നോക്കവർഗ്ഗക്കാരുടെ സാമൂഹ്യാഭിവൃദ്ധിക്കു ക്രൈസ്തവ സുവിശേഷപ്രവർത്തനങ്ങൾ വളരെയേറെ സഹായിക്കുന്നുണ്ടെന്നും, അക്കാരണത്താലാണു മുരടിച്ച യാഥാസ്ഥിതികർ അതിനെ എതിർക്കുന്നതെന്നും ഞങ്ങൾക്കറിയാം.

ആയതുകൊണ്ടു ആ പ്രദേശങ്ങളിലെ മിഷനറിമാരെ തുരത്തുന്നതിനുമുമ്പായി അവരുടെമേലുള്ള പരാതികളെ നിഷ്പക്ഷമായും, നിഷ്കൃഷ്ടമായും പരിശോധിക്കണമെന്നു ഗവമ്മെണ്ടിനോടു ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ജന്മിത്വമേധാവിത്വത്തിനു ഉലച്ചിൽ തട്ടിയേക്കുമോ എന്ന ഭീതിനിമിത്തം, അവിടത്തെ പിന്നോക്കവർഗ്ഗക്കാരുടെയിടയിലുള്ള മിഷനറിപ്രവർത്തനങ്ങൾ പാടേ നിർത്തലാക്കാനുള്ള സംരംഭങ്ങളാരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ഉദാഹരണമായി ഭാരതീയ ആദിമജാതി, സേവകസംഘം മുതലായ ചില സംഘടനകളുടെ [illegible]ഭാവത്തെ ഞങ്ങൾ ഏററവും ഉൽക്കണ്ഠയോടെ വീക്ഷിക്കുന്നു. വിദേശമിഷനറിമാരുടെ പ്രവർത്തനത്തെ അവർ ശക്തിയായി അവഹേളിക്കുന്നു. "ഗിരിവർഗ്ഗക്കാരുടെയും നാടിൻെറ പൊതുവെയും താല്പര്യത്തിനു വിദേശമിഷനറിപ്രവർത്തനം ഹാനികരമായിത്തീർന്നേക്കു"മെന്നാണു അവരുടെ വാദം. എല്ലാ മതങ്ങളെയും ഒരുപോലെ പരിഗണിക്കുന്ന ഒരു മതേതരരാഷ്ട്രത്തിൻെറപൂർണ്ണമായമതസ്വാതന്ത്ര്യതത്വത്തോടു തീരെ പൊരുത്തപ്പെടുന്നില്ല ഇമ്മാതിരിയുള്ള മനോഭാവം.

5. മിഷനറിമാരുടെമേലുള്ള അനധികൃതമായ കയ്യേററങ്ങൾ, അനഭിലഷണീയങ്ങളായ ചോദ്യം ചോദിക്കൽ, താണ ഗവർമ്മെൻറുദ്യോഗസ്ഥന്മാർ നടത്തുന്ന പരിശോധനകൾ മുതലായവയെപ്പററി മുമ്പു സൂചിപ്പിച്ചല്ലോ. ഈ നടപടികൾ മിഷനറിമാരെപ്പററി ജനങ്ങളുടെ ഇടയിൽ അവജ്ഞയും സംശയവും ഉണ്ടാക്കുന്നതിനു കാരണമായിട്ടുണ്ട്. പ്രാദേശികോദ്യോഗസ്ഥന്മാരുടെ അതിരുകടന്ന ആവേശമായിരിക്കാം ഇതിനു കാരണം. നിയമസഭകളിലെ ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിനും, ആദ്യമായി ഇൻഡ്യയിലേക്കുവരുന്ന മിഷനറിമാർക്കും വിസാ നൽകുന്നതിനും ഉള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുമുള്ള തീക്ഷ്ണതയിൽ അവർ അതിശയോക്തികൾക്കു വിധേയരായതാവാം. അതുകൊണ്ടു മിഷനറിമാരുടെ മേലുള്ള മർദ്ദനനടപടികൾ ഉടനെ നിർത്തിവയ്ക്കണമെന്നു ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു. മിഷനറിമാരെപ്പററി അധികൃതവിവരങ്ങൾ ഉത്തരവാദിത്വമുള്ള സഭാപ്രവർത്തകരിൽനിന്നു ലഭിക്കുന്നതാണ്.

6. വിദ്യാഭ്യാസപരവും സാമൂഹ്യവുമായ പ്രവർത്തനങ്ങൾ നടത്തുന്നതിനു ആഗ്രഹിക്കുന്ന മിഷനറിമാർക്കു യാതൊരു വിഷമവുംകൂടാതെ വിസാ നൽകപ്പെടുമെന്നും, സുവിശേഷപ്രവർത്തനം ഇന്ത്യാക്കാർതന്നെ നടത്തിക്കൊള്ളണമെന്നും ഹോംമന്ത്രി പ്രസ്താവിക്കുകയുണ്ടായി. ഇതിൽ താഴെപ്പറയുന്ന ചില കാര്യങ്ങൾ പരിചിന്തനത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

എ) ഇന്ത്യയിൽ വരുന്ന മിഷനറിമാരുടെ ലക്ഷ്യം മതപരമാണ്. മുഖ്യമായി വിദ്യാഭ്യാസപരവും സാമൂഹ്യവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരായാലും, സുവിശേഷവേലയ്ക്കു അവർക്കു ലഭിക്കുന്ന അവസരങ്ങളെ നിരോധിച്ചുകൂടാത്തതാകുന്നു.

ബി) പല ക്രിസ്ത്യൻ ഗ്രൂപ്പുകളുള്ളിടത്തും, വിദേശമിഷനറിക്കു പകരം നിയമിക്കപ്പെടാൻ വേണ്ടുന്ന പരിശീലനം സിദ്ധിച്ച ഇന്ത്യൻ പാസ്റ്ററോ വൈദികനോ ലഭ്യമല്ലാത്തിടത്തും, കേവലം സുവിശേഷപ്രചരണത്തിനോ, ആദ്ധ്യാത്മികപ്രവർത്തനത്തിനോ വിദേശമിഷനറിമാരുടെ ആവശ്യമുണ്ടാകുന്നു.

സി) ഇന്ത്യൻ വൈദികപാഠശാലകളിൽ അദ്ധ്യാപനത്തിനും വിദേശമിഷനറിമാരുടെ ആവശ്യമുണ്ട്. കേവലം മതപ്രചരണത്തിനു വരുന്നവർ, അല്ലെങ്കിൽ "അവരുടെ സാന്നിദ്ധ്യം ആവശ്യമെന്നു സ്ഥാപിക്കപ്പെട്ടിട്ടില്ല" എന്നിങ്ങനെയുള്ള ന്യായങ്ങൾ പറഞ്ഞു, അങ്ങനെയുള്ള മിഷനറിമാർക്കും ചില സ്റ്റേററുകളിൽ വിസാകൾ നിഷേധിക്കപ്പെട്ടതായി അറിയുന്നു.

ഡി) അക്രൈസ്തവരുടെ ഇടയിൽ മതപ്രചരണത്തിനായി വരുന്ന മിഷനറിമാർ, ആർക്കും ഒരു ശല്യവും ചെയ്യാതെ അവരുടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതായാൽ അങ്ങനെയുള്ളവരെ നിരോധിക്കുന്നതു നീതിയോ ബുദ്ധിയോ ആയിരിക്കയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു. മിഷനറിമാരുടെ മതഭക്തിയും സേവനതീക്ഷ്ണതയും തീർച്ചയായും ഇന്ത്യക്കു പ്രയോജനപ്രദമാണ്. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും മതാചാര്യന്മാർക്കു സ്വാഗതം നൽകിയിട്ടുള്ള നമ്മുടെ മാതൃഭൂമിയുടെ പഴക്കമേറിയ പാരമ്പര്യത്തിനു കടകവിരുദ്ധമായ ഒരു നടപടി ആയിരിക്കും വിദേശമിഷനറിമാരുടെ ബഹിഷ്കരണം. ലോകത്തിൽ ഇന്ത്യക്കിന്നു ലഭിച്ചിട്ടുള്ള പ്രശസ്തിയുടെമേൽ അതു കരിപൂരട്ടുന്ന ഒരു നടപടി ആയിരിക്കും.

7. ഗവമ്മെണ്ടുദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടുകളെ ആസ്പദമാക്കി വിദേശമിഷനറിമാർക്കു വിസാകൾ നിഷേധിക്കുന്നതു പലപ്പോഴും കഠിനമായ അതൃപ്തിക്കും നിരാശയ്ക്കും കാരണമാകുന്നുണ്ട്. വിസാകൾക്കുള്ള അപേക്ഷകളിന്മേൽ അന്വേഷണം നടത്തുന്നതിനു നിയുക്തരാകുന്ന ഉദ്യോഗസ്ഥർ "അങ്ങനെയൊരാളിൻെറ സാന്നിദ്ധ്യം ആവശ്യമാണെന്നു തെളിയുന്നില്ല" എന്നു റിപ്പോർട്ടുകൾ അയക്കുന്നു. ഇക്കാര്യത്തിൽ അംഗീകൃത സഭാധികാരികളുടെ അഭിപ്രായത്തിനു ഗവർമ്മെണ്ടു മുൻഗണന നൽകുന്നതായിരിക്കും ഉചിതം. കാരണം വിസാകൾക്കുള്ള അപേക്ഷകൾ പ്രസ്തുത അധികാരികളിൽനിന്നായിരിക്കുമല്ലോ ഉത്ഭവിക്കുന്നതു്. നാഷനൽ ക്രിസ്ത്യൻ കൗൺസിൽ അല്ലെങ്കിൽ കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് എന്നിങ്ങനെയുള്ള സംഘടനകളുടെ അഭിപ്രായം അധികൃതമായിരിക്കും. പ്രസ്തുത സംഘടനകളിലെ അംഗങ്ങൾ പ്രായേണ ഇന്ത്യാക്കാർതന്നെയാണ്. ദേശീയതാല്പര്യത്തിനു വിരുദ്ധമായ ഒരു പ്രവർത്തനത്തിനു അവർ വിദേശസഹായം ആവശ്യപ്പെടുമെന്നു തോന്നുന്നില്ല. വിസാകൾക്കു യഥാവിധി തയ്യാറാക്കപ്പെട്ടിട്ടുള്ള അപേക്ഷകൾ കഴിവതുംവേഗം അയക്കുന്നതിനു കേന്ദ്രഗവർമ്മെണ്ടു സ്റ്റേററുഗവർമ്മെണ്ടുകൾക്കു നിർദ്ദേശം നൽകണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

8. ഒരു ന്യൂനപക്ഷസമുദായമെന്നനിലയിൽ, ഞങ്ങൾ, ഇന്ത്യൻ ക്രിസ്ത്യാനികൾ, ഭൂരിപക്ഷസമുദായത്തിൻെറ അനുഭാവത്തെയും സൗഹൃദത്തെയും പരിപൂർണ്ണമായി വിശ്വസിച്ചുകൊണ്ടു്, ഞങ്ങൾക്കുള്ള രാഷ്ട്രീയാവകാശങ്ങളെയും സംവരണങ്ങളെയും സസന്തോഷം പരിത്യജിക്കുകയാണു ചെയ്തതു്. ഭരണഘടനയിൽ പരിപൂർണ്ണമായ മതസ്വാതന്ത്ര്യത്തിനും ന്യൂനപക്ഷാവകാശങ്ങൾക്കും നൽകപ്പെട്ട ഉറപ്പു ഞങ്ങൾക്കു ആഹ്ലാദജനകമായിരുന്നു. നമ്മുടെ ഭരണഘടനയുടെ മൗലികാവകാശങ്ങളോടുകൂടി ഒരുമപ്പെടുന്ന ഒരു നയം വിദേശമിഷനറിമാരുടെ കാര്യത്തിൽ ഇന്ത്യാഗവമ്മെണ്ടു പാലിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു. അതു സാമുദായിക സ്വച്ഛതയ്ക്കും, രാഷ്ട്രൈക്യത്തിനും നിദാനമായിരിക്കുകയും ചെയ്യും.

(ഒപ്പ്)

സി. പി. മാത്യു
എ. എം. തോമസ്
സി. പി. മത്തൻ
സി. ആർ. ഇയ്യുണ്ണി
എ. വി. തോമസ്
റൈററു് റവ. ജോൺ റിച്ചാർഡ്സൺ എം. പി. ആൻഡമാൻസ് ബിഷപ്പ്
ഉത്തരേന്ത്യയിലെ എട്ടു എം. പി. മാർ.

ന്യൂഡൽഹി
1953 ആഗസ്റ്റ് 24

---

## റഷ്യ പിന്തിരിയും

### ബിഷപ്പ് ഷീനിൻെറ പ്രത്യാശ

"അമേരിക്കൻ വീക്കിലി" എന്ന പ്രസിദ്ധീകരണത്തിൽ, ബിഷപ്പ് ഫൾട്ടൻ ഷീൻ തിരുമനസ്സുകൊണ്ടു എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ റഷ്യാ ഒരു ദിവസം ദൈവത്തിലേക്കു പിന്തിരിയുമെന്നും, മാറുള്ള ലോകത്തിനു ഒരു അപ്പസ്തോലൻ ആയിത്തീരുമെന്നും ഉള്ള തൻെറ വിശ്വാസം രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിൻെറയും പത്രോസിൻെറയും പാദങ്ങൾ ഒരിക്കൽക്കൂടി റഷ്യയിൽ പ്രാബല്യത്തിൽവരുന്ന ഒരു ദിവസം ഉദയം ചെയ്യുമെന്നു അദ്ദേഹം പ്രസ്താവിക്കുന്നു. മാത്രമല്ല, മതപ്രചരണത്തിൽ അവൾ നേതൃത്വം വഹിക്കുകയും ചെയ്യും. എന്തെന്നാൽ റഷ്യക്കുവേണ്ട അഗ്നി—പാശ്ചാത്യലോകത്തിനു ഇന്നു ഇല്ലാതിരിക്കുന്ന അഗ്നി — ഉണ്ടായിരിക്കുന്നു.

വളരെക്കാലമായി കമ്മ്യൂണിസത്തിൻെറ തിന്മകളെ കുററം വിധിക്കുന്നതിൽ യാതൊരു അലംഭാവവും കാണിച്ചിട്ടില്ലാത്ത ബിഷപ്പ് ഷീൻ തിരുമേനി തുടരുന്നു: പാശ്ചാത്യലോകത്തിൻെറ ഏററവും വലിയ അപമാനം "നമുക്കു സത്യമുണ്ടു്, എന്നാൽ ശുഷ്കാന്തിയില്ല" എന്നതാണ്. "കമ്മ്യൂണിസ്റ്റുകാർക്കു ശുഷ്കാന്തിയുണ്ടു്, എന്നാൽ സത്യമില്ല."

ലോകം മുഴുവൻ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഒരു അഗ്നിപോലെയാണു കമ്മ്യൂണിസം. ആ അഗ്നി ഇപ്പോൾത്തന്നെ കമ്മ്യൂണിസ്റ്റുകാരുടെ ഹൃദയങ്ങളിൽ ഉണ്ടു്. എന്നെങ്കിലും ഒരു ദിവസം ആ അഗ്നി കീഴോട്ടു കത്തുന്നതിനു പകരം, പെന്തക്കുസ്താദിനത്തിലെപ്പോലെ മേലോട്ടു കത്തിത്തുടങ്ങും. "അപ്പോൾ വിദ്വേഷം, അക്രമം, വിനാശം, മരണം ഇവയ്ക്കുപകരം മനുഷ്യർക്കു അതു ജീവനും സമാധാനവും ആനന്ദവും പ്രദാനംചെയ്യും."

ഒരു കമ്മ്യൂണിസ്റ്റുകാരനെ മാനസാന്തരപ്പെടുത്തുന്നതിനു മൂന്നു ഉപാധികൾ ബിഷപ്പ് ഷീൻ നൽകുന്നുണ്ടു്. കമ്മ്യൂണിസത്തെപ്പററി അയാളോടു തർക്കിക്കരുതു്; ഒരു കമ്മ്യൂണിസ്റ്റ് യുക്തിയെ നിഷേധിക്കുന്നു; തന്മൂലം അയാളോടു യുക്തിവാദം ചെയ്തുകൊണ്ടു ഫലമില്ല. റഷ്യയിലെ സ്ഥിതിഗതികളെപ്പററി അയാളോടു പറയരുതു്. "നരകത്തിൽനിന്നുള്ള ഒരു പിശാചുപോലും അവിടത്തെ ജ്വാലകൾക്കു ചൂടുണ്ടെന്നു സമ്മതിക്കുകയില്ല." കമ്മ്യൂണിസ്റ്റുകാരനെ വെറുക്കരുതു്. ഒരു സിദ്ധാന്തമെന്ന നിലയിൽ കമ്മ്യൂണിസത്തെ വെറുക്കുക; എന്നാൽ കമ്മ്യൂണിസ്റ്റ് ഒരു മനുഷ്യനാണെന്നു സ്മരിക്കുക.

"ഒരു കമ്മ്യൂണിസ്റ്റുകാരനെ മാനസാന്തരപ്പെടുത്തുന്നതിനു "മുറിവേററവൻെറ ഹൃദയത്തിനു തൈലസേചനം നടത്തുക; അവൻെറ ആത്മാവിൽ നടക്കുന്ന ആഭ്യന്തരസമരത്തിൽ സമാധാനം നൽകുക; അവനു മുഴുവനും വേണ്ടി ദൈവത്തെ നൽകുക." ഞാൻ മാനസാന്തരപ്പെടുത്തിയിട്ടുള്ള ഓരോ കമ്മ്യൂണിസ്റ്റിനെയും മാനസാന്തരപ്പെടുത്തിയതു് മാർക്സിനെയും ലെനിനെയുംപററി പ്രസംഗിച്ചിട്ടല്ല, ക്രിസ്തുവിനെയും പത്രോസിനെയുംപററി പ്രസംഗിച്ചിട്ടാണ്."

## ബാംഗളൂർമെത്രാൻ ഇൻഡ്യയിലെ മിഷനറിമാരെപ്പററി

ഇപ്പോൾ ഇന്ത്യയിലുള്ള വിദേശമിഷനറിമാരുടെ പ്രവർത്തനങ്ങൾ യാതൊരുവിധത്തിലും ഭഞ്ജിതമാകയില്ലെന്നുള്ള തൻെറ പ്രത്യാശ, ബാംഗളൂർ ബിഷപ്പും കാത്തലിക്ക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ ജനറൽ സിക്രട്ടറിയുമായ റൈററ് റവ. ഡോക്ടർ പി. തോമസ് തിരുമേനി ബാംഗളൂർ മൗണ്ട്കാർമൽ കോളെജിൽവച്ച് രക്ഷാകർതൃദിനം പ്രമാണിച്ച ആഗസ്റ്റ് 26-ാംനു- കൂടിയ യോഗത്തിൽ ചെയ്ത പ്രസംഗത്തിൽ പ്രകാശിപ്പിക്കുകയുണ്ടായി. തിരുമനസ്സുകൊണ്ട് ഇങ്ങനെ തുടർന്നു:-

ഒന്നാംശതാബ്ദം മുതൽ ക്രിസ്തുമതം ഇന്ത്യയിലെ ഒരു മതമാണ്; ക്രിസ്ത്യാനികൾ രാജ്യത്തിൻെറ ഒരു അവിഭാജ്യഘടകവുമാണ്. അവരുടെ സേവനങ്ങൾ അത്യധികം വിലമതിക്കപ്പെടുകയും ചെയ്യുന്നു. രണ്ടാമതായി ഇന്ത്യക്കു മതസഹിഷ്ണുതയുടെ ഒരു സുദീർഘപാരമ്പര്യമുണ്ട്. കൂടാതെ, ഭരണഘടന മനസ്സാക്ഷിസ്വാതന്ത്ര്യവും മതപ്രചരണസ്വാതന്ത്ര്യവും മതാനുഷ്ഠാന സ്വാതന്ത്ര്യവും ഉറപ്പുനൽകുന്നുണ്ട്.

ഇന്ത്യയിലെ കത്തോലിക്കരൂപതകൾ മുഴുവൻ ഭാരതീകരിച്ചുവരികയാണ്. മുൻപ് ഇന്ത്യയിൽ 5 ഇന്ത്യൻ ബിഷപ്പുമാരേ ഉണ്ടായിരുന്നുള്ളൂ—മുത്തുക്കടി മെത്രാനും കേരളത്തിലെ മെത്രാന്മാരും. ഇപ്പോഴാകട്ടെ 35 ഇന്ത്യൻ മെത്രാന്മാരുണ്ട്. യൂറോപ്യൻ മെത്രാന്മാരുടെ സംഖ്യ 27 മാത്രമാകുന്നു. ഇന്ത്യയിൽ കന്യാസ്ത്രീകളുടെ സംഖ്യ അയ്യായിരത്തിൽ നിന്നും 14000 ആയി വർദ്ധിച്ചിട്ടുണ്ട്. അവരിൽ ഏകദേശം 11000 പേർ ഇന്ത്യാക്കാരാകുന്നു.

വിദേശമിഷനറിമാരെപ്പററിയുള്ള സംശയങ്ങളെ പരാമർശിച്ചുകൊണ്ട് തിരുമേനി ഇങ്ങനെ പ്രസ്താവിച്ചു: ആസാമിൽ നാഗന്മാരുടെയും മററും ഇടയിൽ രാഷ്ട്രീയവും ദേശീയവിരുദ്ധവുമായ പ്രവർത്തനങ്ങളിൽ പല മിഷനറിമാർ വ്യാപരിച്ചുവെന്നു് ആരോപണമുണ്ടായി. അവരെന്താണ് ചെയ്തതെന്ന് എനിക്കു രൂപമില്ലെങ്കിലും, കത്തോലിക്കാമിഷനറിമാർ രാജ്യത്തോടു തികച്ചും കൂറുള്ളവരാണെന്നു് എനിക്കു പ്രസ്താവിക്കുവാൻ കഴിയും. ഇന്ത്യയോടു കൂറില്ലാത്ത ഒരാൾ വിശ്വസ്തനായ ഒരു ഇന്ത്യൻ കത്തോലിക്കനായിരിക്കുകയില്ല.

മുൻപു മിഷനറിമാർക്കു പ്രവേശനസ്വാതന്ത്ര്യമില്ലാതിരുന്ന പ്രദേശങ്ങളിൽ സ്വതന്ത്രമായി ചരിക്കുന്നതിനുള്ള സന്ദർഭം ലഭിച്ചതുമൂലം, യാതൊരു ഭീതിയും കൂടാതെ പുറത്തുവന്നു തങ്ങളുടെ മതവിശ്വാസത്തെ പരസ്യമായി ഏററുപറയുന്നതിനു മിഷനറിമാർക്കു സാദ്ധ്യമായിരിക്കുന്നു. അവിഹിതമായ മാർഗ്ഗങ്ങളിലൂടെ സാധിച്ച കൂട്ടമായ മാനസാന്തരങ്ങളുടെ ഫലമാണിതെന്നു ജനങ്ങൾ തന്മൂലം വിചാരിക്കാൻ തുടങ്ങി.

ഓരോ മാനസാന്തരവും, വ്യക്തിയുടെ സ്വതന്ത്രമായ സമ്മതത്തോടുകൂടി നടക്കുന്ന വ്യക്തിഗതമായ ഒരു പ്രവൃത്തിയാകുന്നു. നമുക്കു നമ്മുടെ മതം ആരുടെമേലും കെട്ടിയേല്പിക്കുക സാദ്ധ്യമല്ല. ക്രിസ്തുമതം ബ്രിട്ടീഷ് ഭരണത്തോടു ബന്ധപ്പെട്ട ഒന്നാണെന്നും, വിദേശികളുടെ വാണിജ്യപരവും രാഷ്ട്രീയവുമായ സ്വാധീനശക്തിക്ക് ഒരു ഉപകരണമാണെന്നുമുള്ള ചിന്താഗതി കേവലം ഒരു കെട്ടുകഥയാണെന്ന് ഇന്നു തെളിയിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രത്തിൻെറ അഭിവൃദ്ധിക്കും സന്തുഷ്ടിക്കുംവേണ്ടി യോജിപ്പോടും ഐക്യത്തോടുംകൂടി എല്ലാവരും പ്രയത്നിച്ചുകൊണ്ടിരിക്കുകയാണ്. കത്തോലിക്കാസഭ ദേശീയവിരുദ്ധമായ ഒരു മതമല്ലെന്നും, ജാതിയുടേയും ദേശത്തിൻേറയും ഭാഷയുടേയും വർണ്ണത്തിൻേറയും അതിർത്തികളെ ഉല്ലംഘിക്കുന്ന സാർവ്വത്രികവും പ്രകൃത്യതീതവുമായ ഒരു വിശ്വാസമാണെന്നും കഴിഞ്ഞകാലങ്ങളെക്കാൾ അധികമായി ഇന്നു ഇന്ത്യയിലെ പൊതുജനങ്ങൾ മനസ്സിലാക്കുന്നുണ്ട്.

—

## എൻെറ മാനസാന്തരം

ഞാൻ ആലപ്പുഴ തുമ്പോളി ഇടവകയിലെ ഒരു പുരാതന കത്തോലിക്കാ കുടുംബത്തിലെ അംഗവും കത്തോലിക്കാ മതസിദ്ധാന്തപ്രകാരം ന്യായമായ ജീവിതം നയിച്ചുപോന്ന ഒരു വ്യക്തിയുമാകുന്നു.

എന്നാൽ പ്രോട്ടസ്റ്റൻറു സഭാംഗങ്ങളുമായിടപെടുന്നതിനും അവരുടെ പുസ്തകങ്ങൾ വായിക്കുന്നതിനും പ്രസംഗങ്ങൾ കേൾക്കുന്നതിനും ഇടവന്നതിനാൽ അധികനാൾ കഴിയുന്നതിനുമുമ്പ് എനിക്കവരുടെ മതപാനങ്ങളിൽ വിശ്വാസം വരുകയും തന്മൂവം കത്തോലിക്കാസഭയെ ഉപേക്ഷിച്ച് പ്രോട്ടസ്റ്റൻറു മതാവലംബിയാകയും ചെയ്തു. അന്നുമുതൽ അനേകപ്രോട്ടസ്റ്റൻറുവിഭാഗങ്ങളുടെ ആരാധനകളിൽ പങ്കുകൊണ്ടും അവരുടെ കർതൃമേശ മുതലായവയിൽ സംബന്ധിച്ചും ഉദ്ദേശം മൂന്നു കൊല്ലത്തോളം ഞാൻ പ്രോട്ടസ്റ്റൻറുസഭകളുടെ ഒരു സജീവ അംഗമായി വർത്തിച്ചുപോന്നു.

എന്നാൽ സഭകളെപ്പററിയുള്ള ഉപരിപഠനത്തിൽ പല സംഗതികളും ബോദ്ധ്യമായി. പല വിഭാഗക്കാർ ഉൾപ്പെടുന്ന പ്രോട്ടസ്റ്റൻറുസഭയിലെ ഓരോ വിഭാഗവും വേദസത്യങ്ങൾ പരസ്പരവിരുദ്ധമായിട്ടാണ് പഠിപ്പിക്കുന്നതെന്നും അവരിൽത്തന്നെ വിശ്വാസൈക്യമില്ലെന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു.

സത്യദൈവമായ ക്രിസ്തുവിൻെറ ദിവ്യവചനങ്ങൾ പരസ്പരവിരുദ്ധമായിവ്യാഖ്യാനിച്ചു പഠിപ്പിക്കുന്ന സഭകളെല്ലാം ക്രിസ്തുവിനാൽ സ്ഥാപിതമായിരിക്കുവാൻ പാടില്ലല്ലോ. അതേസമയം ക്രിസ്തു സ്ഥാപിക്കുകയും അവിടുന്നു നിയന്ത്രിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു സത്യസഭ ഉണ്ടായിരിക്കണമെന്നുള്ളതു് സുവ്യക്തമാണ്. അങ്ങനെയുള്ള സത്യസഭയിൽ വേദസത്യങ്ങളുടെ അർത്ഥവും മററും പ്രമാദരഹിതമായി വ്യാഖ്യാനിക്കുന്നതിനു ദൃശ്യനായ ഒരു തലവൻ ഉണ്ടായിരിക്കയുംവേണം. ക്രിസ്തുവിൻെറ അധികാരത്തിൽ ആദ്ധ്യാത്മികകാര്യങ്ങളെപ്പററി വിധി പറയുമ്പോൾ അദ്ദേഹത്തിനു തെററുവാനുംപാടില്ല.

എൻെറ നിരന്തരമായ അന്വേഷണത്തിലും പഠനത്തിലും സത്യസഭയ്ക്കുണ്ടായിരിക്കേണ്ട ഈ ലക്ഷണങ്ങൾ തികഞ്ഞുകാണുന്നതു് കത്തോലിക്കാമതത്തിൽ മാത്രമാണെന്നു് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. അതിനാൽ കത്തോലിക്കാസഭ മാത്രമാണ് ദൈവസ്ഥാപിതമതമെന്നു എനിക്കു ബോദ്ധ്യമായി. തന്മൂവം ധൂർത്തപുത്രനെപ്പോലെ ഖേദത്തോടെ തിരിച്ചുവരികയും ഞാൻ വിട്ടുപേക്ഷിച്ച കത്തോലിക്കാസഭാമാതാവിനെ വീണ്ടും അഭയംതേടുകയും സഭാമാതാവു് കരുണാപുരസ്സരം വീണ്ടും എന്നെ സ്വീകരിക്കുകയും ചെയ്തിരിക്കുന്ന വിവരം എല്ലാവരേയും അറിയിച്ചുകൊള്ളുന്നു.

ഇതിലേക്കു പ്രാർത്ഥനകൊണ്ടും വിശിഷ്ടമായ ഉപദേശംകൊണ്ടും എന്നെ സഹായിച്ചിട്ടുള്ള എല്ലാ കത്തോലിക്കാ വൈദികന്മാർക്കും വിശ്വാസികൾക്കും എൻെറ ഹൃദയംഗമമായ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു. ആജീവനാന്തം കത്തോലിക്കാസഭയുടെ ഉത്തമസന്താനമായി ഞാൻ ജീവിച്ചുകൊള്ളുന്നതാണെന്നു നിങ്ങൾക്കുറപ്പുതരികയും ചെയ്തുകൊള്ളുന്നു.

N. B. എൻെറ മാനസാന്തരത്തെ സംബന്ധിച്ച് പ്രോട്ടസ്റ്റൻറു് സഹോദരങ്ങൾക്ക് എന്തെങ്കിലും ചോദിക്കുവാനുണ്ടെങ്കിൽ വേദപുസ്തകത്തിൻെറ വെളിച്ചത്തിൽക്കൂടി അവരോടു വിനയമായി ഉത്തരം പറഞ്ഞുകൊള്ളാം. കത്തുകൾ ക്ഷണിച്ചുകൊള്ളുന്നു. മറുപടിക്ക് സ്റ്റാമ്പയക്കണമെന്നപേക്ഷ.

എന്നു്,
പി. എ. നിക്കോളസ്,
പൊഴിയിൽ വീട്,
കാഞ്ഞിരംചിറ, ആലപ്പുഴ

## തിരുക്കൊച്ചിവാർത്തകൾ

### മുനിസിപ്പൽചെയർമൻ കോൺഫറൻസ്

തിരുകൊച്ചിയിലെ മുനിസിപ്പൽ ചെയർമൻമാരുടെ ഒരു യോഗം ആഗസ്റ്റ് 27-ാംനു- എറണാകുളത്തുവച്ചു കൂടി മുനിസിപ്പൽ പ്രതിനിധികളുടെ വിപുലമായ ഒരു കോൺഫറൻസ് അടുത്ത ഒക്ടോബറിൽ കൂടുന്നതിനും ഒരു മുനിസിപ്പൽയൂണിയൻ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു. നിയമസഭയുടെ പരിഗണനയിലിരിക്കുന്ന മുനിസിപ്പൽബില്ലിൽ സംബന്ധിച്ച് പഠനംനടത്തി റിപ്പോർട്ടു് സമർപ്പിക്കുന്നതിനു് ഒരു കമ്മിററിയെ നിയോഗിക്കുകയുമുണ്ടായി.

### വിദ്യാഭ്യാസത്തിന സ്കോളർഷിപ്പ്

കൃഷി, ടെക്നിക്കൽ എൻജിനീയറിംങ്ങ്, കെമിക്കൽ എൻജിനീയറിംഗ്, നെയ്ത്തു മുതലായ വിഷയങ്ങളിൽ പോസ്റ്റ് ഗ്രാഡ്വേററ് വിദ്യാഭ്യാസം നടത്തുന്നതിനു് ബെൽജിയം ഗവമ്മെണ്ട് ഏതാനും ഇൻഡ്യക്കാർക്ക് സ്കോളർഷിപ്പു നൽകുന്നതിനു തീരുമാനിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വിദ്യാഭ്യാസഡയറക്ടറിൽനിന്നുംലഭിക്കുന്നതാണ്.

## ഇൻഡ്യാ വാർത്തകൾ

### ക്രൈസ്തവ എം. പി. മാരുടെ മെമ്മോറാണ്ഡം

ഇന്ത്യയിലെ വിദേശമിഷനറിമാരെ സംബന്ധിച്ചുള്ള ഗവമ്മെണ്ടിൻെറ നയത്തിൽ തങ്ങൾക്കുള്ള ഉൽക്കണ്ഠ പ്രകടമാക്കിക്കൊണ്ട് കേന്ദ്രപാർലമെൻറിലെ 14 ക്രൈസ്തവമെമ്പർമാർ ചേർന്ന് പ്രധാനമന്ത്രി നെഹ്റുവിനും ആഭ്യന്തരമന്ത്രി കട്ജുവിനും ഓരോ മെമ്മോറാണ്ഡം സമർപ്പിച്ചിരിക്കുന്നു. (മെമ്മോറാണ്ഡം 7-ാം പേജിൽ)

### ആന്ധ്രാ ബിൽ

ആന്ധ്രാസ്റ്റേററ്ബിൽ കേന്ദ്രജനസഭ ആഗസ്റ്റ് 27-ാംനു- പാസാക്കിയിരിക്കുന്നു. ഉപരിസഭയിൽക്കൂടി പാസാക്കപ്പെട്ടതിൻശേഷം ഒക്ടോബർ 1-ാംനു- ബിൽ നടപ്പിൽവരുന്നതാണ്.

### ഗോദാവരിയിൽ വെള്ളപ്പൊക്കം

ഗോദാവരീനദിയിൽ ഉണ്ടായിരിക്കുന്ന വെള്ളപ്പൊക്കത്തിൻെറ ഫലമായി ആന്ധ്രാതീരത്തുള്ള രാജമന്ത്രി മുതലായ പ്രദേശങ്ങളിൽ ഇരുപതിനായിരത്തോളംപേർ ഭവനരഹിതരായിത്തീർന്നിട്ടുണ്ടെന്നും ഏതാനുംപേർ മുതിയടഞ്ഞിട്ടുണ്ടെന്നും റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

### ക്രിക്കററുമാച്ച്

വെള്ളപ്പൊക്കദുരിതനിവാരണഫണ്ടിലേക്ക് ധനശേഖരാർത്ഥം സെപ്റ്റംബർ 12-ാംനു- ഡൽഹിയിൽവച്ച് പാർലമെൻറംഗങ്ങളുടെ ഒരു ക്രിക്കററുമാച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നു. മാച്ചിൽ മത്സരിക്കുന്ന ടീമുകളുടെ കാപ്റ്റന്മാർ പ്രധാനമന്ത്രി നെഹ്റുവും വൈസ്പ്രസിഡണ്ട് രാധാകൃഷ്ണനുമായിരിക്കുമത്രെ.

### മരണനികുതിബിൽ മതപരങ്ങളായ സംഭാവനകൾക്കും നികുതി?

എസ്റ്റേററ് ഡ്യൂട്ടി (മരണനികുതി)ബില്ലിൻെറ രണ്ടാംവായന ആഗസ്റ്റ് 27-ാംനു- കേന്ദ്രജനസഭയിൽ ആരംഭിച്ചിരിക്കുന്നു ബില്ലിൻെറ എല്ലാ വകുപ്പുകളും ചർച്ചചെയ്ത്വസാനിപ്പിക്കുന്നതിനു് പത്തുദിവസം വേണ്ടിവരുമെന്നു പ്രതീക്ഷിക്കപ്പെടുന്നു നികുതി ചുമത്തുന്നതു സംബന്ധിച്ച് ബില്ലിൽ ചില സൗജന്യങ്ങൾ അനുവദിച്ചിട്ടുള്ള "പൊതുധർമ്മാവശ്യം" എന്നതിൻെറ അർത്ഥവ്യാപ്തിയെപ്പററി സഭ ചർച്ച നടത്തുകയിൽ കേന്ദ്രധനകാര്യമന്ത്രി മി. ദേശ്മുഖ് ഇപ്രകാരം പ്രസ്താവിച്ചതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു: "മതബോധനം, ആരാധന എന്നിവയ്ക്കുള്ള സംഭാവനകൾ സൗജന്യത്തിനു് അർഹമല്ല. ക്ഷേത്രങ്ങൾ, മോസ്കുകൾ, പള്ളികൾ മുതലായവയ്ക്കു് നൽകപ്പെടുന്ന സംഭാവനകളെ പൊതുധർമ്മാവശ്യങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തുന്നില്ലാത്തതിനാൽ അങ്ങനെയുള്ള ദാനങ്ങൾ നികുതിയിൽനിന്നു് ഒഴിവാക്കപ്പെടുന്നില്ല. എന്നാൽ മതപരമായ സംഭാവനകൾ പട്ടികജാതിക്കാർ, പിന്നോക്കവർഗ്ഗക്കാർ, ഗിരിവർഗ്ഗക്കാർ, വനിതകൾ, കുട്ടികൾ എന്നിവരുടെ നന്മയ്ക്കായി ഉദ്ദേശിക്കപ്പെടുന്നെങ്കിൽ അങ്ങനെയുള്ളവയെ നികുതിയിൽനിന്നു് ഒഴിവാക്കാവുന്നതാണ്." ഇതു സംബന്ധിച്ച ചർച്ചകൾ തുടരുന്നതാണ്.

### വിമാനാപകടം

ഇന്ത്യൻവ്യോമസേനയിൽപ്പെട്ട ഒരു വിമാനം ആഗസ്റ്റ് 27-ാംനു- പൂനയിൽനിന്നു ജാമനഗറിലേക്കു പോകുന്ന വഴി ദേഹ്റാഡൂൺ ഭാഗത്തുവച്ചു തകർന്നതിൻെറ ഫലമായി അതിലുണ്ടായിരുന്ന 9പേരും മൃതിയടഞ്ഞിരിക്കുന്നു.

## വിദേശവാർത്തകൾ

### ഇൻഡ്യയും കൊറിയൻ കോൺഫറൻസും

കൊറിയൻ സമാധാനകോൺഫറൻസിൽ ഇൻഡ്യക്ക് അംഗത്വം നൽകണമോ എന്ന പ്രശ്നം ഐക്യരാഷ്ട്ര പൊളിററിക്കൽ കമ്മിററിയിൽ വോട്ടിനിട്ടതിൽ 27 രാജ്യങ്ങൾ അനുകൂലമായും 21 രാജ്യങ്ങൾ പ്രതികൂലമായും വോട്ടുചെയ്യുകയുണ്ടായി. അമേരിക്കൻ ഐക്യനാടുകൾ, പതിനേഴ് ലത്തീൻ അമേരിക്കൻ രാജ്യങ്ങൾ, പാക്കിസ്ഥാൻ, ഗ്രീസ്, ഫോർമോസാ എന്നീ രാജ്യങ്ങൾ ഇൻഡ്യക്കെതിരായി വോട്ടുചെയ്തതായി പറയപ്പെടുന്നു. ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയിൽ പ്രസ്തുത വിഷയംസംബന്ധിച്ച് വോട്ട് ആരംഭിക്കുന്നതിനുമുമ്പായി, കൊറിയൻ കോൺഫറൻസിലേക്കുള്ള സ്ഥാനാർത്ഥിത്വത്തിൽനിന്നു് ഇൻഡ്യയുടെ പേരു് പിൻവലിച്ചിരിക്കുന്നുവെന്നു് ഇൻഡ്യൻ പ്രതിനിധി മി. വി. കെ. കൃഷ്ണമേനോൻ പ്രഖ്യാപിച്ചിരിക്കുന്നു.

### പേർഷ്യയിൽ

പേർഷ്യയിലെ ഷാ അവിടത്തെ പുതിയ പ്രധാനമന്ത്രി ജനറൽ സഹേദിക്ക് അവിടത്തെ അത്യുന്നത ബഹുമതിയായ ക്രൗൺ മെഡൽ പ്രദാനം ചെയ്തിരിക്കുന്നു. മൊസാദക്കിൻെറ ഭരണകാലത്തു് ഗവമ്മെൻറുദ്യോഗങ്ങളിൽ കടന്നുകൂടിയിട്ടുള്ള കമ്മ്യൂണിസ്റ്റുകാരെ സഹേദിയുടെ ഗവർമ്മെൻറു് തൽസ്ഥാനങ്ങളിൽനിന്നും തുരത്തിത്തുടങ്ങിയിരിക്കുന്നു. അത്തരിവസങ്ങളിൽ പോലീസ് നടത്തിയ അന്വേഷണങ്ങളുടെ ഫലമായി അനേകായിരം കമ്മ്യൂണിസ്റ്റ് ഗ്രന്ഥങ്ങൾ കണ്ടെടുത്തു കത്തിച്ചുകളയുവാൻ കഴിഞ്ഞിരിക്കുന്നതായി ഇറാനിൽനിന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

### കിയക്കേർസ തിരുമേനി

ഇൻഡ്യയുടെ അപ്പസ്തോലിക് ഇൻറർനൺഷ്യോ ആയിരുന്ന മോസ്റ്റ് റവ. ഡോ. ലിയോ പി. കിയക്കേർസ് തിരുമേനിയെ അസാധാരണ സഭാകാര്യങ്ങൾക്കായുള്ള തിരുസംഘത്തിൻെറ ആലോചനക്കാരനായി മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു നിയമിച്ചിരിക്കുന്നു.

### വി. ബർണ്ണാർദിൻെറ 8-ാംശതകാഘോഷം

തിരുസ്സഭയുടെ പ്രസിദ്ധ വേദപാരഗനായ വി. ബർണ്ണാർദ് ദിവംഗതനായതിൻെറ 8 ാംശതവർഷം കഴിഞ്ഞമാസത്തിൽ കൊണ്ടാടി. തൽസംബന്ധമായി പരിശുദ്ധപിതാവു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു ചാക്രികലേഖനത്തിൽ പറയുന്നു: "സഭയെയും സമുദായത്തെയും ഇന്നു് അലട്ടിക്കൊണ്ടിരിക്കുന്ന വിപത്തുകൾ 12-ാംശതകത്തിലേതിൽനിന്നു് ഒട്ടും കുറഞ്ഞതല്ല. ഉപവിയുടെയും അന്യോന്യ ഐക്യത്തിൻെറയും ശാന്തിയുടെയും സ്ഥാനത്തു ഇന്നു നാം കാണുന്നതു് വിദ്വേഷവും ശണ്ഠകളും അനൈക്യവുമാണ്. ഒരുതരം അസ്വാസ്ഥതയും, ഉൽക്കണ്ഠയും, കലക്കവും മനുഷ്യമനസ്സുകളെ ഇളക്കിമറിച്ചുകൊണ്ടിരിക്കുന്നു. സുവിശേഷവെളിച്ചം ആത്മാക്കളിൽ അല്പാല്പമായി മങ്ങി ബലരഹിതമായിത്തീരുകയാണെങ്കിൽ, അതല്ല അതിലും പരിതാപകരമായി അതു മുഴുവൻ കെട്ടുപോകയാണെങ്കിൽ, സമുദായത്തിൻെറയും കുടുംബത്തിൻെറയും അസ്തിവാരം തകർന്നുപോകയേയുള്ളൂ. ഈദൃശമായ ഒരു യുഗത്തിലാണ് വി. ബർണ്ണാർദ് ജീവിച്ചിരുന്നതു്. തൽപരിഹാരാർത്ഥം ദൈവസ്നേഹത്തിലേക്കു മനുഷ്യരെ ആനയിക്കുന്നതിനായിരുന്നു ഈ വേദപാരംഗതൻെറ പ്രധാനശ്രമം. ഇന്നു നമുക്കും ആവശ്യമായിരിക്കുന്നതു അതുതന്നെയാകുന്നു."

# കാറും ഡ്രൈവറും

## അനുഭവാത്മകമായ ഒരു ചെറുകഥ

(പി. ഒ)

കോടതിയൊഴിവുകാലം. ഒരു ശനിയാഴ്ചദിവസം. ആ പട്ടണത്തിലെ ഒരു പ്രധാന വക്കീൽ തന്റെ ബംഗ്ലാവിന്റെ പൂമുഖത്തു ഒരു "ചാരുകസേരയിൽ ചാരിക്കിടന്നു വിശ്രമിക്കുന്നു. അദ്ദേഹത്തിന്റെ കൈയിൽ ഒരു ഇംഗ്ലീഷുനോവൽ ഉണ്ടു്. വായനക്കിടയിൽ സ്വല്പമൊന്നു് ഉറങ്ങിപ്പോയി. പടിഞ്ഞാറുനിന്നു മെല്ലെ വീശിക്കൊണ്ടിരുന്ന കുളിർകാററു് അത്ര സുഖപ്രദമായിരുന്നു. വക്കീൽ ചാരുകസേരയിൽ കിടന്നു് അഞ്ചോ പത്തോ മിനിററുനേരം കണ്ണടച്ചുകാണും.

"അമ്മാ! ഇന്നു മൂന്നുദിവസമായി ആഹാരം കഴിച്ചിട്ടു്. വിശന്നിട്ടു വയറു പൊരിയുന്നു. വല്ലതും തരണേ—" എന്നൊരു ദയനീയസ്വരം കേട്ടാണു വക്കീൽ ഉണന്നു കണ്ണുതുറന്നതു്. നോക്കിയപ്പോൾ, ചാരിയിരുന്ന ഗേററിനുള്ളിലൂടെ കടന്നുവന്ന ഒരു ചെറുപ്പക്കാരൻ മുററത്തു നില്ക്കുന്നു. മുഷിഞ്ഞവേഷമാണെങ്കിലും ബലിഷ്ഠഗാത്രൻ. യാതൊരു അംഗഭംഗവുമില്ല. ഇത്ര നല്ല ആരോഗ്യമുള്ള ഒരു ചെറുപ്പക്കാരനു വീടുതോറും നടന്നു ഭിക്ഷതെണ്ടാൻ ലജ്ജയില്ലേ, എന്നാണു വക്കീലിനു് അവനെക്കണ്ടപ്പോൾ തോന്നിയതു്. ഒരുപക്ഷെ ഭിക്ഷുവേഷം നടിച്ചു മോഷണത്തിനു തക്കവും തരവും നോക്കി നടക്കുന്ന ഒരു കള്ളനായിരിക്കാമെന്നും തോന്നാതെയിരുന്നില്ല.

"നീ എന്തിനെടാ ഭിക്ഷതെണ്ടി നടക്കുന്നു? നിന്നെക്കണ്ടിട്ടു ഉരൽപോലെയിരിക്കുന്നല്ലോ. നിനക്കു വല്ലതും ജോലിചെയ്തു കാലക്ഷേപം കഴിച്ചുകൂടേ? നിന്റെ വീടെവിടെ?"

"യജമാനനേ! എന്റെ വീടു ചേർത്തലയാണു്. എനിക്കു് അച്ഛനും അമ്മയും ആരുമില്ല. ഒരു ജോലിയന്വേഷിച്ചു് ഈ പട്ടണത്തിൽ വന്നിട്ടിന്നു മൂന്നു ദിവസമായി. ആരും യാതൊരു ജോലിയും തരുന്നില്ല. യാത്രക്കാരുടെ പെട്ടികളും ഭാണ്ഡവും ചുമക്കാമെന്നുവച്ചു ബസ്സ്സ്റ്റാൻഡിൽ ചെന്നാറെ, അവിടെ നില്ക്കുന്ന മററു ചുമട്ടുകാർ എന്നെ അടിച്ചോടിച്ചു. എന്തു വേലതന്നാലും ഞാൻ ചെയ്യാൻ തയ്യാറാണു്. പക്ഷെ ആരും ഒരു വേലയും തരുന്നില്ല. പട്ടിണികൊണ്ടു വലഞ്ഞു പൊന്നെജമാനനെ. കുറച്ചു കഞ്ഞിയെങ്കിലും കിട്ടിച്ചാൽ ദൈവം യജമാനനു ഗുണം ചെയ്യും."

"നിനക്കെന്തു ജോലി അറിയാം?"

"ചുമടുചുമക്കാം. പിടിവണ്ടി വലിക്കാം. കന്നുകാലികളെ അഴിച്ചുകെട്ടാം. കുശിനിവേല വശമില്ല. മോട്ടോർ ഓടിക്കാൻ പഠിക്കണമെന്നായിരുന്നു എന്റെ ആശ. അതൊരു ഡ്രൈവർ പഠിപ്പിക്കാമെന്നു പറഞ്ഞതായിരുന്നു. പക്ഷെ പീസു് കൊടുക്കാൻ പൈസായില്ലാതെയിരുന്നതുകൊണ്ടു പഠിക്കാനൊത്തില്ല. യജമാനൻ വല്ലതും സ്വല്പം ചെലവുചെയ്തു എന്നെ ഡ്രൈവിംഗു പഠിപ്പിക്കാമെങ്കിൽ ഞാൻ മരിക്കുന്നതുവരെ ശമ്പളം കൂടാതെ യജമാനന്റെ ഡ്രൈവറായി നിന്നുകൊള്ളാം. അത്ര വലിയ ആശയാണു് യജമാനനെ എനിക്കു് ഒരു ഡ്രൈവറാകാൻ."

വക്കീൽ സ്വല്പനേരത്തേക്കു് ഒന്നും മിണ്ടിയില്ല. അവൻ നേരുകാരനും, അവൻ പറയുന്നതു നേരും ആണെങ്കിൽ, അവന്റെ നിർദ്ദേശം വളരെ ആകർഷകമായി വക്കീലിനു തോന്നി. ആദ്യം സ്വല്പം പണം മുടക്കാമെങ്കിൽ, പിന്നെ ആയുഷ്കാലം മുഴുവൻ ശമ്പളം കൂടാതെ ഒരു ഡ്രൈവറെ കിട്ടുക! അതൊരു നിസ്സാരകാര്യമല്ല. നല്ല ഡ്രൈവറന്മാരെയും വീട്ടുവേലക്കാരെയും കിട്ടാനുള്ള പ്രയാസം അനുഭവിച്ചവർക്കേ അറിഞ്ഞുകൂടൂ.

"നിന്റെ പേരെന്തെടാ?" വക്കീൽ സ്വല്പനേരത്തെ മൗനത്തിനുശേഷം ചോദിച്ചു.

"കിട്ടു."

വക്കീൽ ഭാര്യയെ വിളിച്ചു് കിട്ടുവിനു ചോറുകൊടുപ്പിച്ചു. അവന്റെ വയറു നിറഞ്ഞു. അതിന്റെ സുഖംകൊണ്ടു് ഒരു "എമ്പക്കം" വിടണമെന്നുപോലും അവനു തോന്നി. ഊണുകഴിഞ്ഞു കിട്ടു പരമസംതൃപ്തനായി വക്കീലിന്റെ മുമ്പിൽ വീണ്ടും വന്നു. അടുത്തതായി വക്കീലിൽനിന്നു വരുന്ന എന്തു് ആജ്ഞയും അനുസരിക്കുന്നതിനു താൻ സർവ്വാത്മനാ സന്നദ്ധനാണെന്നും, വക്കീൽ അനുവദിക്കുന്നപക്ഷം ആജീവനാന്തം അവിടത്തെ അടിമയായി കഴിഞ്ഞുകൂടിക്കൊള്ളാമെന്നുമുള്ള ഭാവം അവന്റെ മുഖത്തു പ്രകാശിച്ചു.

വക്കീൽ അവനെ സ്വന്തചെലവിൽ ഡ്രൈവിംഗ് പഠിപ്പിക്കാമെന്നു സമ്മതിച്ചു. അടുത്തുള്ള വിദഗ്ദ്ധനായ ഒരു ടാക്സി കാർ ഡ്രൈവറെ വിളിപ്പിച്ചു കിട്ടുവിനെ മൂന്നുമാസംകൊണ്ടു ഡ്രൈവിംഗ് പഠിപ്പിക്കുന്ന ജോലി ഭരമേല്പിച്ചു. അതിനുള്ള അഡ്വാൻസ്തുകയും കൊടുത്തു. കിട്ടുവിന്റെ ഭക്ഷണം വക്കീലിന്റെ വീട്ടിൽനിന്നുതന്നെ സൗജന്യമായി കൊടുത്തു. ക്രമേണ കിട്ടുവിന്റെ വേഷം അല്പാല്പം പരിഷ്കരിച്ചു. അവൻ ഒരുവിധം നല്ല മുണ്ടും ഷർട്ടുമൊക്കെ ധരിച്ചു നടന്നുതുടങ്ങി. ഒരു പൊടിമേൽമീശയും വച്ചു.

മൂന്നുമാസംകൊണ്ടു കിട്ടു ഒരു ഡ്രൈവറായി. വക്കീലിനു സ്വന്തമായി ഒരു കാറുണ്ടു്. എങ്കിലും ദീർഘകാലം തന്നെ സേവിച്ചു നില്ക്കുന്ന ഒരു ഡ്രൈവറെ പെട്ടെന്നു തക്ക കാരണംകൂടാതെ പിരിച്ചുവിടുന്നതിലുള്ള വൈമനസ്യംകൊണ്ടു, കിട്ടുവിനു തല്ക്കാലം വേറെ എവിടെയെങ്കിലും ഒരു ഡ്രൈവർജോലി വാങ്ങികൊടുക്കാമെന്നും, സ്വന്ത ഡ്രൈവർ അടുത്തതവണ ശമ്പളക്കൂടുതൽ ചോദിക്കുമ്പോൾ അയാളെ പിരിച്ചുവിട്ടു കിട്ടുവിനെ തൽസ്ഥാനത്തു നിയമിച്ചുകൊള്ളാമെന്നുമാണു വക്കീൽ ഉള്ളിൽ കരുതിയതു്

അങ്ങനെയിരിക്കെ, വക്കീലിന്റെ ഒരു സ്നേഹിതൻ—ഭാരിച്ച കുബേരനായ ഒരു തോട്ടമുടമസ്ഥൻ—വളരെ വിലകൂടിയ വിശേഷപ്പെട്ട ഒരു പുതിയ മോട്ടോർകാർ വാങ്ങി. മുപ്പതിനായിരം രൂപായാണു് ആ കാറിന്റെ വില!! അതിൽ യാത്രചെയ്താൽ ഇരുന്നുറങ്ങിപ്പോകും. അത്ര സുഖമാണു്. ആ തോട്ടമുടമസ്ഥനു് ഒരു നല്ല ഡ്രൈവറെ ആവശ്യമുണ്ടെന്നു സന്ദർഭവശാൽ വക്കീലിനോടു പറയുകയും, വക്കീൽ സസന്തോഷം കിട്ടുവിനുവേണ്ടി ശുപാർശചെയ്യുകയും, അതനുസരിച്ചു കിട്ടുവിനു് ആ ജോലി കിട്ടുകയുംചെയ്തു. അധികം താമസിയാതെ കിട്ടു തന്റെ പേരു "കൃഷ്ണപ്രസാദു്" എന്നാക്കി പരിഷ്കരിച്ചു.

കിട്ടു അഥവാ കൃഷ്ണപ്രസാദു് പുതിയ ഉദ്യോഗത്തിൽ പ്രവേശിച്ചു് ഒന്നുരണ്ടാഴ്ചകഴിഞ്ഞപ്പോൾ അവന്റെ പുതിയ യജമാനനായ തോട്ടംമുതലാളിക്കു് എന്തോ ബിസിനസ്സുകാര്യം പ്രമാണിച്ചു മദ്രാസുവരെ പോകേണ്ടിവന്നു. കാറിൽ എറണാകുളത്തു ചെന്നു തീവണ്ടിയിൽ പോകാനായിരുന്നു പ്രോഗ്രാം. ഒരാഴ്ചകഴിഞ്ഞേ അദ്ദേഹം മടങ്ങിവരുകയുള്ളു. ഇന്ന തീയതിക്കു കാർ എറണാകുളത്തു കൊണ്ടുചെല്ലണമെന്നും അദ്ദേഹം കിട്ടുവിനെ ചട്ടംകെട്ടി. തോട്ടംമുതലാളി എറണാകുളത്തു തീവണ്ടിസ്റ്റേഷനിൽച്ചെന്നു സാമാനങ്ങളെല്ലാം ഇറക്കിവയ്പിച്ചശേഷം, കിട്ടുവിനോടു കാർ തിരിയെ കൊണ്ടുപൊയ്ക്കൊള്ളാൻ പറഞ്ഞു. കിട്ടു കാർ വിട്ടു മടങ്ങിപ്പോരുകയും ചെയ്തു. മദ്രാസിനുള്ള തീവണ്ടി വിടാൻ പിന്നെയും കുറെ അധികസമയം ഉണ്ടായിരുന്നു. അതിനിടയിൽ, തോട്ടംമുതലാളി ആരെക്കാണാൻ മദ്രാസിനു പോകണമെന്നുദ്ദേശിച്ചുവോ ആ മനുഷ്യനെ എറണാകുളം തീവണ്ടിസ്റ്റേഷനിൽ വച്ചുതന്നെ ആകസ്മികമായി കണ്ടുമുട്ടുന്നതിനിടയാവുകയും, അവിടെവച്ചു് അവർതമ്മിൽ കാര്യം പറഞ്ഞുതീർക്കുകയും, അങ്ങനെ മദ്രാസുയാത്ര ആവശ്യമില്ലെന്നു വരുകയുംചെയ്തു. പക്ഷെ സ്വന്തകാർ തിരിയെ അയച്ചുപോയതിനാൽ, അദ്ദേഹം മറെറാരു വാടകക്കാർ കൂലിക്കുപിടിച്ചു പുറപ്പെട്ടു.

എറണാകുളത്തുനിന്നു കുറെ മൈൽ ദൂരം ഇപ്പുറംവന്നപ്പോൾ കണ്ട കാഴ്ച വിശ്വസിക്കാൻ അദ്ദേഹത്തിനു പ്രയാസംതോന്നി. വെട്ടിത്തിളങ്ങുന്ന തന്റെ പുതിയ "ബ്യൂക്കു്" കാറിന്റെ ഇടതുവശത്തെ മഡ്ഗാർഡു് ചളുങ്ങിച്ചതഞ്ഞമട്ടിൽ വഴിയരികിലുള്ള ഒരു കള്ളുഷാപ്പിന്റെ മുമ്പിൽ കിടക്കുന്നു! അടുത്തു ചെന്നു നോക്കിയപ്പോൾ ഡ്രൈവറില്ല. കാറിന്റെ പിൻസീററിലും മുൻസീററിലുമിട്ടിരുന്ന മിനുമിനുത്ത പട്ടുമെത്തകൾ ചവുട്ടിത്തേച്ചു നാനാവിധമാക്കിക്കൊണ്ടു പത്തിരുപതു പുലയരും പുലയികളും അതിൽ തള്ളിത്തിങ്ങിയിരിപ്പുണ്ടു്. അവരുടെ കുട്ട, ചട്ടി, കലം, കോഴികൾ, നെല്ലുകററകൾ തുടങ്ങിയ വസ്തുവകകളും കാറിൽ തള്ളിക്കയററിയിട്ടുണ്ടു്. കാറിനകത്തു സർവ്വത്ര വെററില മുറുക്കിത്തുപ്പി വൃത്തികേടാക്കിയിട്ടുണ്ടു്! ഇതെന്തുകഥയെന്നറിയാതെ മുതലാളി ഇതികർത്തവ്യതാമൂഢനായി അമ്പരന്നുനില്ക്കുമ്പോൾ, അതാ ഡ്രൈവർ കിട്ടു മൂക്കുമുട്ടെ കുടിച്ചു കള്ളുഷാപ്പിൽനിന്നു് ആടിയാടി ഇറങ്ങിവരുന്നു!! യജമാനനെ കണ്ടിട്ടും അവന്റെ തല നേരെ നില്ക്കുന്നില്ല!!

അദ്ദേഹം ഉടൻതന്നെ അടുത്ത പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചു. പോലീസുകാർ വന്നു. കിട്ടുവിനെ കൂട്ടിക്കൊണ്ടുപോയി. രാത്രി അവർ അവനെ വേണ്ടുവോളം ചതച്ചു. അവന്റെ ചങ്കു കലങ്ങിക്കാണണം. അവൻ ചോരതുപ്പി. നേരം വെളുത്തു് അവർ അവനെ ഇറക്കിവിട്ടു. കള്ളിന്റെ ലഹരിവിട്ടപ്പോൾ അവൻ നേരൊക്കെപ്പറഞ്ഞു. കാർ തിരിയെ വരുന്നവഴി, യാത്രക്കാരായ കുറെ പുലയരെ അവൻ ആളൊന്നുക്കു് എട്ടണ കൂലിപറഞ്ഞു കയററിക്കൊണ്ടു പോന്നതാണു്. അവരോടു വാങ്ങിയ പണംകൊണ്ടു വഴിനീളെ കണ്ട ഷാപ്പുകളിലെല്ലാം കയറി കള്ളുകുടിച്ചു. കാർ ഒരു കലുങ്കിൽച്ചെന്നിടിച്ചു മഡ്ഗാർഡു് ചളുങ്ങിയതാണു്. ദൈവാധീനംകൊണ്ടു് കൂടുതൽ ആപത്തൊന്നും ഉണ്ടായില്ല. ഇതാണു സംഭവിച്ചതു്. തോട്ടംമുതലാളി വേറൊരു ഡ്രൈവറുടെ സഹായത്തോടുകൂടി കാർ ഒരുവിധത്തിൽ സ്വവസതിയിലെത്തിച്ചെന്നു പറഞ്ഞാൽമതിയല്ലോ.

കിട്ടു പിന്നെ ആ പട്ടണത്തിലേക്കു മടങ്ങിയില്ല. അവൻ ചുമച്ചും കുരച്ചും ബസ്സ്സ്റ്റാൻറുകളിൽ ഭിക്ഷതെണ്ടിനടന്നു. പോലീസ് ലാക്കപ്പിൽ ഒററരാത്രി ചെലവഴിച്ചതോടെ അവന്റെ അസ്ഥികൾ നുറുങ്ങിപ്പോയി. ശിഷ്ടായുസ്സിൽ വേലചെയ്തു കാലം കഴിക്കാനുള്ള അവന്റെ കഴിവു് അതോടെ തീർന്നു.

രണ്ടുമൂന്നാഴ്ചകഴിഞ്ഞു് നമ്മുടെ വക്കീലദ്ദേഹം കാറിൽ സകുടുംബം എറണാകുളത്തിനുപോകുന്ന യാത്രാമദ്ധ്യേ, കാറിൽ ആരാണെന്നറിയാതെ, കിട്ടു അടുത്തുചെന്നു ദയനീയസ്വരത്തിൽ ഭിക്ഷയാചിച്ചു:—

"യജമാനനേ! ദൈവത്തെയോർത്തു് ഒരു തുട്ടുതരണേ. വിശന്നു ചാവാറായി. ആഹാരം കഴിച്ചിട്ടു് ഇന്നേക്കു മൂന്നുദിവസമായി—"

വക്കീൽ നോക്കിയപ്പോൾ പഴയ കിട്ടുതന്നെ. അല്ല അവന്റെ പ്രാകൃതക്കോലം. ആളെ മനസ്സിലായ ഉടൻ അവൻ പുറകോട്ടു വലിഞ്ഞെങ്കിലും, അദ്ദേഹം അവനെ അരികിൽ വിളിച്ചു. രണ്ടണ കൈയിലിട്ടുകൊടുത്തിട്ടു് ഇങ്ങനെ പറഞ്ഞു:-

"നീ ഇതർഹിക്കുന്നില്ല. എങ്കിലും ഇതാ, രണ്ടണ. എന്റെ ജീവൻ നിന്റെ കൈയിൽനിന്നു രക്ഷപെട്ടതിര മാത്രം. നിന്നെ ഞാൻ ഡ്രൈവറായി എടുക്കാതെയിരുന്നതു് ദൈവകാരുണ്യംകൊണ്ടുമാത്രമായിരുന്നു എന്നു് ഇപ്പോൾ ഞാൻ വിചാരിക്കുന്നു."

അനന്തരം അദ്ദേഹം കാർവിട്ടു യാത്രതുടർന്നു. യാത്രാമദ്ധ്യേ അദ്ദേഹം തന്റെ കുട്ടികളോടു് ഉപദേശരൂപേണ ഇങ്ങനെ പറഞ്ഞു:-

"മക്കളേ! കിട്ടുവിന്റെ അനുഭവം സകല മനുഷ്യർക്കും ഒരു സാധനപാഠമായിരിക്കേണ്ട ഒന്നാണു്.

"അതെങ്ങനെയാണച്ഛാ?" പന്ത്രണ്ടുവയസ്സുള്ള ഒരു കുട്ടി ജിജ്ഞാസാപൂർവ്വം എടുത്തുചോദിച്ചു.

"പറയാം, കേട്ടോളൂ"— വക്കീൽ വിശദീകരണം തുടർന്നു— "നമ്മുടെ ഈ ജീവിതം ഈശ്വരൻ നമ്മെ ഭരമേല്പിച്ചിരിക്കുന്ന ഓരോ ബ്യൂക്കു് കാറാണെന്നു വയ്ക്കുക. പോരാ, പതിനായിരം ബ്യൂക്കു് കാറിനെക്കാൾ വിലയേറിയതാണു ഒരു മനുഷ്യന്റെ ജീവിതം. നമ്മുടെ ആത്മാവും ജീവനും ശരീരവും ബുദ്ധിയുമെല്ലാം അതിൽപ്പെടുന്നു. ആ കാറിന്റെ വിവിധയന്ത്രഭാഗങ്ങൾപോലെ. നാം ഏററവും വിശ്വസ്തതയോടും ഉത്തരവാദിത്വബോധത്തോടുംകൂടി കൈകാര്യം ചെയ്യേണ്ട ഒരു അമൂല്യനിക്ഷേപമെന്ന നിലയിലാണു് ഈശ്വരൻ നമ്മെ ഓരോരുത്തരെയും ഈ ജീവിതം ഏല്പിച്ചിരിക്കുന്നതു്. കിട്ടു കേവലം എട്ടണ മോഹിച്ചു വൃത്തികെട്ട പുലയരെ വിളിച്ചു് ആ കാറിൽ കയററിയിരുത്തിയെന്നുമാത്രമല്ല, മുപ്പതിനായിരം രൂപായുടെ ആ വിശേഷപ്പെട്ട കാർ താറുമാറാക്കുകയും ചെയ്തതുപോലെ, നാം, ക്ഷണികങ്ങളായ ചില ലൗകികസുഖസന്തോഷങ്ങൾക്കുവേണ്ടി ദുർവൃത്തുകളെയും ദുശ്ശീലങ്ങളെയും മററനേകവിധത്തിലുള്ള മനോമാലിന്യങ്ങളെയും നമ്മുടെ ജീവിതവാഹനത്തിൽ വലിച്ചുകയററിയാൽ, കിട്ടുവിനു നേരിട്ട ദുരവസ്ഥതന്നെയായിരിക്കും അവസാനത്തിൽ നമ്മുടെയും അനുഭവം. നമ്മുടെ ജീവിതവും, ഈശ്വരദൃഷ്ട്യാ, ചളുങ്ങിച്ചതഞ്ഞു നാനാവിധമാകും. ധാർമ്മികമായും, എന്നല്ല പലപ്പോഴും അക്ഷരാർത്ഥത്തിൽതന്നെയും, നാം അഗതികളായും തെണ്ടികളായും അലഞ്ഞുതിരിയേണ്ടിവരാം. വെറും എട്ടണമോഹിച്ചുപോയ കിട്ടു അവനുതന്നെ വരുത്തിക്കൂട്ടിയ അനർത്ഥം ഒരു കഥയായി എഴുതിപ്രസിദ്ധപ്പെടുത്തേണ്ടതാണു്."


## വലിയവീടൻ സ്റ്റോർ

### "ദി സിൽക്ക് പാലസ്സ്"

### ചങ്ങനാശ്ശേരി


"മാമ്മോദീസാ" ആവശ്യത്തിനുള്ള ഉടുപ്പു്, തൊപ്പി, കാൽമേസ് മുതലായ എല്ലാവിധ സാധനങ്ങളും അടങ്ങിയ സെററു് (പുതിയ ഫാഷനിലുള്ളതു്) കുറഞ്ഞവിലയ്ക്കു വില്ക്കുന്ന ചങ്ങനാശ്ശേരിയിലെ ഏക സ്ഥാപനം. ആവശ്യമുള്ള സാധനങ്ങൾക്കു് ഇന്നുതന്നെ ഓർഡർ ചെയ്യുക.

For favours received




Excuse delay.
C. K. A.

For favours received




Excuse delay.
Thomas Mathew
Pynumkal, Kuriekal

ആദ്ധ്യാത്മികവീഥി (3)

# എന്തിന്നു പരിപൂർണ്ണതയ്ക്കായി ശ്രമിക്കുന്നു?

ദൈവത്തിൻെറ വത്സലമക്കളേ,

ആദ്യത്തെ ലേഖനത്തിൽ ഞാൻ നിങ്ങളെ ദൈവമക്കൾക്കു അനുയോജ്യമായ ജീവിതത്തിനു ക്ഷണിച്ചു. മററുള്ളവക്കു് അതു സന്മാതൃകയായിരിക്കുമെന്നും പറഞ്ഞു. രണ്ടാമത്തെ ലേഖനത്തിൽ ഏതാനും നല്ല ക്രിസ്ത്യാനികൾക്കു് ഒരിടവകയെ മുഴുവൻ എങ്ങനെ നന്നാക്കാൻ സാധിച്ചുവെന്നു കാണിച്ചു. പുണ്യജീവിതത്തിനായി നമ്മെ പ്രേരിപ്പിക്കുന്ന മറെറാരു ന്യായം നമ്മുടെ പിതാവായ ദൈവം അതാഗ്രഹിക്കുന്നുണ്ടു്, അല്ല, കല്പിക്കുകപോലും ചെയ്യുന്നുണ്ടു് എന്നുള്ളതാണ്.

മക്കളെ സംബന്ധിച്ചു നമുക്കു പറയാനുള്ളതിൽ ഏററവും വലിയ സ്തുതി അവർ നല്ല അനുസരണയുള്ളവരാണെന്നുള്ളതാണ്. "നമ്മുടെ പുഷ്പമംഗലത്തെകുട്ടികൾ എത്ര പട്ടസ്വഭാവികളാണെന്നറിയാമോ? അവരുടെ അപ്പൻെറ കല്പനമാത്രമല്ല, ആഗ്രഹംപോലും വരവണ്ണം വ്യത്യാസംകൂടാതെ അവർ നിറവേററും" എന്നു പറയാറില്ലേ? ദൈവഹിതത്തെ സംബന്ധിച്ചിടത്തോളം ദൈവമക്കളെക്കുറിച്ചും അങ്ങനെ പറയാൻ സാധിക്കേണ്ടതല്ലയോ?

"സ്വർഗ്ഗത്തിലിരിക്കുന്ന നിങ്ങളുടെ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിപ്പിൻ" എന്നു് നമ്മുടെ ദിവ്യരക്ഷകൻ കല്പിക്കുന്നതു് എല്ലാ മനുഷ്യരോടുമാണ്; അല്ലാതെ ചിലർ വിചാരിക്കുന്നതുപോലെ സന്യാസിനീസന്യാസികളോടും വൈദികരോടും മാത്രമല്ല. വി. പൗലോസും ഉദ്ബോധിപ്പിക്കുന്നുണ്ടു് നമ്മുടെ വിശുദ്ധിയാണു ദൈവതിരുമനസ്സെന്നു്.

"ഈ കൊച്ചൻ നിൻെറ ശരി പകർപ്പാണല്ലോ" എന്നു പറഞ്ഞുകേൾക്കുമ്പോൾ പുളകം കൊള്ളാത്ത പിതൃഹൃദയമേതാണുള്ളതു്? ഏതുപിതാവിനുമുള്ള ഈ മനഃസ്ഥിതി ദൈവത്തിനുമുണ്ടു്. തൻെറ മക്കളും നിവൃത്തിയുള്ളിടത്തോളം തന്നെപ്പോലെ തന്നെയായിരിക്കണമെന്നത്രെ അവിടുന്നാഗ്രഹിക്കുന്നതു്. നാം എത്രമാത്രം അങ്ങയോടു അനുരൂപപ്പെടുന്നുവോ അത്രയ്ക്കും അങ്ങേക്കു നമ്മോടുള്ള വാത്സല്യവും സ്നേഹവും വർദ്ധിക്കും. അനന്തപരിശുദ്ധിതന്നെ ആയിരിക്കുന്ന അങ്ങേപ്പോലെ ആകുന്നതിനുള്ള ഏകമാർഗ്ഗം നാമും പരിശുദ്ധരാകുക അഥവാ പരിപൂർണ്ണരാകുകയെന്നുള്ളതാകുന്നു. അതുകൊണ്ടാണു പിതാവിൻെറ ദൗത്യവും വഹിച്ചുകൊണ്ടു ലോകത്തിലേക്കുവന്ന ദൈവപുത്രൻ നാം നമ്മുടെ പിതാവിനെപ്പോലെ പരിപൂർണ്ണമായിരിക്കണമെന്നു കല്പിച്ചതു്. അത്രയും ഉയരാൻ നമുക്കു സാധിക്കയില്ലെന്നു ഈശോയ്ക്കു നല്ലവണ്ണം അറിയാമായിരുന്നു. എങ്കിലും അങ്ങനെ കല്പിച്ചതു് നാം നമ്മുടെ സകല കഴിവുകളും പ്രയോഗിച്ചു നിരന്തരം മരണംവരെയും നമ്മുടെ പുണ്യപരിപൂർണ്ണതയ്ക്കായി പരിശ്രമിക്കേണ്ടതാണെന്നു നമ്മെ മനസ്സിലാക്കാനത്രെ.

അതിനാൽ ഉത്തമക്രിസ്ത്യാനികളായി ജീവിച്ചുകൊണ്ടു് നമ്മുടെ സ്വർഗ്ഗീയപിതാവിനു് അനുരൂപരായി അങ്ങയെ പ്രസാദിപ്പിക്കുന്നുണ്ടെന്നു നമുക്കു ദൃഢപ്രതിജ്ഞചെയ്യാം.

ദൈവം നിങ്ങളെല്ലാവരേയും അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്.

---

വക്കീലിൻെറ ഈ തത്വോപദേശം കേട്ടുകൊണ്ടിരുന്ന ഭാര്യ ഇങ്ങനെ ഉപസംഹരിച്ചു:-

"പക്ഷെ എത്ര അനുഭവിച്ചാലും മനുഷ്യൻ പഠിക്കാത്തതാണോ അത്ഭുതം!!"

അപ്പോഴേക്കു്, അവർ സഞ്ചരിച്ചിരുന്ന കാർ എറണാകുളത്തു് എത്തിക്കഴിഞ്ഞു. എല്ലാവരും ഉത്സാഹഭരിതരായി ഇറങ്ങാൻ വട്ടംകൂട്ടി.

---

വേദശാസ്ത്രപംക്തി

# തിരുപ്പട്ടം

### വൈദികബ്രഹ്മചര്യം

വൈദികർ ബ്രഹ്മചാരികളായിരിക്കണമെന്നുള്ളതു് ദൈവം നേരിട്ടേർപ്പെടുത്തിയ ഒരു നിയമമല്ല; തിരുസ്സഭ തനിക്കുള്ള അധികാരം പ്രയോഗിച്ചു് ഏർപ്പെടുത്തിയ ഒരു നിയമമാണു്. കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ 3-ാം നൂററാണ്ടിനുശേഷമാണു് ഈ നിയമത്തിൻെറ ആവിർഭാവം. എന്നുവരികിലും അതിനു മുമ്പും സ്വമേധയാ ബ്രഹ്മചര്യം പാലിച്ചുവന്നവർ ധാരാളമുണ്ടായിരുന്നു.

ബ്രഹ്മചര്യം വൈദികപദവിക്കു് ഏററവും യോജിച്ചതാണെന്നു കാണിക്കുവാൻ പല ന്യായങ്ങളുമുണ്ടു്. ഒന്നാമതായി, ബ്രഹ്മചര്യം വിവാഹത്തെക്കാൾ സ്വതവേ ശ്രേഷ്ഠമാണു്; തല്ക്കാരണത്താൽ ദൈവികശുശ്രൂഷയ്ക്കു കൂടുതൽ യോജിച്ചതുമാണു്. "വൈവാഹികാവസ്ഥ കന്യാത്വത്തിനും ബ്രഹ്മചര്യത്തിനും ഉപരിയായി പരിഗണിക്കപ്പെടണമെന്നും കന്യാത്വത്തിലോ ബ്രഹ്മചര്യത്തിലോ നിലകൊള്ളുന്നതു വിവാഹബന്ധത്തിലേർപ്പെടുന്നതിനെക്കാൾ ഭേദവും അനുഗൃഹീതവുമല്ലെന്നും" പറഞ്ഞിരുന്നവരുടെ അഭിപ്രായത്തെ ത്രിദന്തീനോസു സൂനഹദോസ് ശപിച്ചു തള്ളിട്ടുള്ളതാണു്. ഇവിടെ രണ്ടു ജീവിതാവസ്ഥകളെയാണു സൂനഹദോസ് താരതമ്യപ്പെടുത്തുന്നതു്; വ്യക്തികളെയല്ല. അതായതു്, സന്യാസജീവിതമോ വൈദികജീവിതമോ നയിക്കുന്ന വ്യക്തികളെല്ലാവരും വിവാഹജീവിതം നയിക്കുന്ന വ്യക്തികളെല്ലാവരേയുംകാൾ നല്ലവരാണെന്നു സൂനഹദോസ് വിവക്ഷിക്കുന്നില്ല. കർത്തവ്യനിരതനും ത്യാഗശാലിയുമായ ഒരു കുടുംബത്തലവൻ അലസനും സുഖലോലുപനുമായ ഒരു വൈദികനെക്കാൾ നല്ലവനാണെന്നു നിസ്സന്ദേഹം പറയാവുന്നതാണു്. അതുപോലെ, ദൈവഭേടിയിൽ സ്വന്തം മക്കളെ വളർത്തുകയും തത്സംബന്ധമായ ക്ലേശങ്ങളും പ്രയാസങ്ങളുമെല്ലാം ദൈവത്തെപ്രതി സഹിക്കുകയും ചെയ്യുന്ന ഒരു കുടുംബനായിക, ദൈവസേവനത്തിൽ ശുഷ്കാന്തിയില്ലാത്ത ഒരു സന്യാസിനിയെക്കാൾ നല്ലവളാണു്. എന്നുവരികിലും എല്ലാ വൈദികരും കന്യാസ്ത്രീകളും അങ്ങനെ ജീവിക്കുന്നവരാണെന്നു പറഞ്ഞാൽ അതു വസ്തുവവിരുദ്ധമായിരിക്കും; എല്ലാ കുടുംബനായകന്മാരും നായികമാരും മേൽപ്പറഞ്ഞവണ്ണം ആദർശജീവിതം നയിക്കുന്നവരാണെന്നു പറഞ്ഞാൽ അതും വാസ്തവവിരുദ്ധമായിരിക്കും. കുററങ്ങളും കുറവുകളുമുള്ളവർ രണ്ടു ജീവിതസ്ഥിതികളിലുമുണ്ടായിരിക്കും എന്നതാണു പരമാർത്ഥം. എന്നാൽ വൈവാഹികാവസ്ഥയേയും ബ്രഹ്മചര്യാവസ്ഥയേയും താരതമ്യപ്പെടുത്തുമ്പോൾ, രണ്ടാമത്തേതാണു സ്വതവേ ശ്രേഷ്ഠമെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ കർത്താവുതന്നെ മേൽപ്പറഞ്ഞ സംഗതി പ്രസ്താവിച്ചിട്ടുള്ളതാണു്. വി. മത്തായിയുടെ സുവിശേഷം 10 മുതൽ 12 വരെ വാക്യങ്ങൾ വായിക്കുക: "ഭാര്യാഭർത്താക്കന്മാരുടെ സ്ഥിതി ഇപ്രകാരമാണെങ്കിൽ (അതായതു് വിവാഹബന്ധം അഭേദ്യമാണെങ്കിൽ) വിവാഹമേ ചെയ്യാതിരിക്കുന്നതാണല്ലോ നല്ലതു്," എന്നു ശിഷ്യന്മാർ അപ്പോൾ അദ്ദേഹത്തോടു പറഞ്ഞു. "ഇതു ദിവ്യാനുഗ്രഹം സിദ്ധിച്ചവർക്കല്ലാതെ എല്ലാവർക്കും ഗ്രഹിക്കാവുന്നതല്ല. അമ്മയുടെ ഉദരത്തിൽനിന്നുതന്നെ ഷണ്ഡന്മാരായി ജനിച്ച ഷണ്ഡന്മാരുണ്ടു്; മനുഷ്യരാൽ ഷണ്ഡന്മാരാക്കപ്പെട്ട ഷണ്ഡന്മാരുണ്ടു്; സ്വർഗ്ഗരാജ്യത്തിനുവേണ്ടി തന്നെത്താൻ ഷണ്ഡന്മാരായിട്ടുള്ള ഷണ്ഡന്മാരുമുണ്ടു്. ഗ്രഹിക്കാൻ കഴിയുന്നവൻ ഗ്രഹിച്ചുകൊള്ളട്ടെ" എന്നു് അദ്ദേഹം അവരോടു പ്രതിവചിച്ചു." ശ്രീ മയ്യനാട്ടു ജോണിൻെറ പരിഭാഷയിൽനിന്നാണു് ഈ വാക്യങ്ങൾ ഉദ്ധരിച്ചിരിക്കുന്നതു്. അവസാനത്തെ ഭാഗത്തിനു് അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന വ്യാഖ്യാനം ഇപ്രകാരമാണു്: "തന്നെത്താൻ ഷണ്ഡന്മാരായിത്തീർന്ന ഷണ്ഡന്മാർ: ശാരീരികമായ ഷണ്ഡതയുള്ളവർ എന്നു് ഇതിൻെറ വാച്യാർത്ഥമല്ല ഗ്രഹിക്കേണ്ടതെന്നു പറയേണ്ടതില്ല. ഏകാഗ്രമായ ഈശ്വരസേവനത്തിനായി നിത്യബ്രഹ്മചര്യവ്രതം സ്വീകരിച്ചു് ആത്മനിയന്ത്രണംമൂലം ജിതേന്ദ്രിയന്മാരായവർ എന്നാണു് അതിൻെറ അർത്ഥമെന്നു സ്പഷ്ടമാണു്." താദൃശമായ ജീവിതാവസ്ഥ ദിവ്യാനുഗ്രഹത്തിൻെറ ഫലമാണെന്നും താരതമ്യേന ശ്രേഷ്ഠമാണെന്നുമത്രെ ദിവ്യനാഥൻെറ വിവക്ഷ.

വിവാഹത്തെ അപേക്ഷിച്ചു കന്യാത്വം ശ്രേഷ്ഠമാണെന്നു വി. പൗലോസിൻെറ താഴെ ചേർക്കുന്ന വാക്കുകളിൽനിന്നും വ്യക്തമാകുന്നു. "...തൻെറ കന്യകയെ വിവാഹം കഴിപ്പിച്ചു കൊടുക്കുന്നവൻ നന്നായി പ്രവർത്തിക്കുന്നു; തൻെറ കന്യകയെ വിവാഹം കഴിപ്പിച്ചു കൊടുക്കാത്തവനോ കൂടുതൽ നന്നായി പ്രവർത്തിക്കുന്നു" (I കൊറി. 7: 38). സഭാപിതാക്കന്മാർ ഈ ആശയം കുറച്ചുകൂടി ശക്തിപ്പെടുത്തുന്നുണ്ടു്. വി. ജോൺ ക്രിസോസ്തോം എഴുതിയിരിക്കുന്നതു് ഇപ്രകാരമാണു: "കന്യാത്വം പാലിക്കുന്നതു് നല്ലതാണെന്ന അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നു; വാസ്തവത്തിൽ, അതു് വൈവാഹികാവസ്ഥയെക്കാൾ ഭേദമാണെന്നു ഞാനേററുപറയുന്നു. എത്രമാത്രം ഭേദമാണു് എന്നു നിങ്ങൾ ചോദിക്കുകയാണെങ്കിൽ, ഞാൻ പറയുന്നു: സ്വർഗ്ഗം ഭൂമിയെക്കാൾ ഭേദമായിരിക്കുന്നത്രയും, അഥവാ മാലാഖമാർ മനുഷ്യരെക്കാൾ ഭേദമായിരിക്കുന്നത്രയും." വി. അഗുസ്തീനോസ് കന്യാത്വത്തെ "മാലാഖമാരുടെ ഓഹരി" എന്നാണു വിളിക്കുന്നതു്. ദൈവം അരൂപിയാകുന്നു. ആകയാൽ ദൈവശുശ്രൂഷ നടത്തുന്നവർ ജഡികബന്ധങ്ങൾ ഉപേക്ഷിച്ചു് അരൂപികളായ മാലാഖമാരെപ്പോലെ അതു നിർവഹിക്കുകയെന്നതു എത്രയോ യുക്തമായിരിക്കുന്നു.

വൈദികരുടെ ബ്രഹ്മചര്യവ്രതത്തിൽനിന്നു് തിരുസ്സഭയ്ക്കും അവർക്കുതന്നെയും വിശ്വാസികൾക്കും ഉളവാകുന്ന ഗുണഫലങ്ങളെപ്പററി അടുത്തതിൽ.

---

ചിററാട്ടുകര കത്തോലിക്കാ ബാങ്ക് ലിമിററഡ്
ചിററാട്ടുകര P. O. (S. മലബാർ)
1953 മാർച്ച് 29-ാംനു കൂടിയ ബാങ്കുപൊതുയോഗത്തിൽ ടി. എ. അന്തോണി അവർകളെ ബാങ്കിൻെറ മാനേജിംഗ് ഡയറക്ടരായി തിരഞ്ഞെടുത്ത വിവരം ഇന്ത്യാ കമ്പനി ആക്ട് സെക്ഷൻ 289-B 4 പ്രകാരം സെൻട്രൽ ഗവമ്മെണ്ടിലേക്കു് അപേക്ഷിച്ചു് അനുമതി വാങ്ങിക്കേണ്ടതുള്ളതുകൊണ്ടു് ടി. വിവരം ബാങ്ക് ഓഹരിക്കാരെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.
18-8-53 എന്നു്, മാനേജർ

# "ക്രിസ്തുവിനു് എല്ലാ ജീവിതരംഗങ്ങളിലും പ്രവേശനം നൽകുവിൻ!"

പ്രസിദ്ധ വൈദികപണ്ഡിതനായ ഡാനിയേൽ എ. ലോർഡിൻെറ ഉൽബോധനം

(ഫാദർ തോമസ മണക്കാട്ട്)

ലോകം സുരക്ഷിതവും ശാന്തിസംവർദ്ധകവുമാകണമെങ്കിൽ ക്രിസ്തുവിൻെറ ചൈതന്യം ലോകമാകെ വ്യാപിക്കണം. വൈദികരും അൽമേയരും അവരുടെ പ്രാർത്ഥനകളും കഴിവുകളും ഈ ആദർശപ്രചരണത്തിനായി വിനിയോഗിക്കണം. ക്രിസ്തുവിൻെറ നീതിയും കാരുണ്യവും ഭരണകർത്താക്കളിലും ഭരണീയരിലും ഒരുപോലെ പ്രായോഗികമാകണം. ക്രിസ്തുവിനെ കുടുംബങ്ങളിൽ പ്രവേശിപ്പിച്ചു് നസ്രത്തിലെ മാതൃകാകുടുംബംപോലെ ദിവ്യചൈതന്യപൂർണ്ണമാക്കിത്തീർക്കണം. ആ ദിവ്യനാഥനെ വ്യവസായശാലകളിൽ പ്രവേശിപ്പിച്ചു് നീതിപരവും കരുണാമസൃണവുമായ മനോഭാവം സംജാതമാക്കി തൊഴിലാളികൾക്കു ന്യായമായ കൂലിയും ആദരണീയമായ സ്ഥാനവും നൽകണം. ആ ദിവ്യഗുരുവിനെ വിദ്യാപീഠങ്ങളിൽ പ്രതിഷ്ഠിച്ചു് യഥാർത്ഥമായ ജ്ഞാനസമ്പാദനം സുകരമാക്കണം. സിനിമാശാലകളും വിനോദരംഗങ്ങളും വ്യായാമസ്ഥലങ്ങളും അവിടുത്തേക്കു അനിഷ്ടകരങ്ങളല്ല. ആ രംഗങ്ങളിലും അവിടുത്തെ ആനയിച്ചു് കന്മഷരഹിതമായ ഒരന്തരീക്ഷം സൃഷ്ടിക്കണം. എന്നാൽ നമ്മുടെ ജനങ്ങളുടെ ഇടയിൽ ഒരു തെററിദ്ധാരണയുണ്ടു്, ക്രിസ്തുവിനെ ഞായറാഴ്ചദിവസങ്ങളിൽ പള്ളിയിൽവച്ചു മാത്രം സന്ദർശിച്ചാൽ മതിയെന്നു്. അതു പരമാബദ്ധമാണു്. അവിടുന്നു് നമ്മുടെ എല്ലാകാര്യങ്ങളിലും, പാപമല്ലാത്ത എല്ലാ പ്രവർത്തനങ്ങളിലും സന്നിഹിതനാകുവാൻ ഇഷ്ടപ്പെടുന്നു. എല്ലായിടത്തും അവിടുത്തേക്കു് നാം പ്രധാനസ്ഥാനം നൽകി അവിടുത്തെ ഹിതാനുസരണം പ്രവർത്തിക്കുവാൻ ശ്രമിക്കണം.

ഒരു ക്രിസ്ത്യാനി ക്രിസ്തുവിൻെറ അനുയായിയാണെന്നു് നാം സ്മരിക്കണം. അല്ല, അതിൽ കൂടുതലാണു് അവൻെറ സ്ഥാനം. ഒരു ക്രിസ്ത്യാനി ക്രിസ്തുവിനെ അനുഗമിക്കുകമാത്രമല്ല, വി. പൗലോസ് പറയുന്നതുപോലെ ക്രിസ്തുവിൻെറ ചൈതന്യത്തിൽ ജീവിക്കക്കൂടി ചെയ്യേണ്ടതാണു്. "എൻെറ ജീവൻ മിശിഹായാകുന്നു" (Philip-chapt. 1—12) "ഞാൻ എന്നിലല്ല, പ്രത്യുത മിശിഹായിൽ ജീവിക്കുന്നു" എന്നും മററുമുള്ള വി. ശ്ലീഹായുടെ ഉൽബോധനങ്ങൾ ഇതിനെ സ്ഥിരീകരിക്കുന്നു. എന്തിനധികം, ക്രിസ്തുനാഥൻതന്നെ തൻെറ സുവിശേഷങ്ങളിൽ ഇതു സംബന്ധിച്ചു സൂക്തിയുക്തം പ്രസ്താവിച്ചിട്ടുണ്ടു്. "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശിഖരങ്ങളുമാകുന്നു. ആർ എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലങ്ങൾ പുറപ്പെടുത്തും" (St John 15—5) ഇത്യാദി തിരുവാമൊഴികൾ ഇതിനുത്തമസാക്ഷ്യമാണല്ലോ.

ക്രിസ്തു തൻെറ അനുയായികളോടൊന്നിച്ചു പ്രവർത്തിക്കുവാൻ സദാസന്നദ്ധനാണെന്നുള്ള കാര്യവും നാം വിസ്മരിക്കരുതു്. "ഞാൻ ലോകാവസാനത്തോളം എല്ലാനാളുകളിലും നിങ്ങളോടുകൂടി ഉണ്ടായിരിക്കും" എന്നു് അവിടുന്നു് നമ്മോടു വാഗ്ദാനംചെയ്തിട്ടുണ്ടു്. അതിനാൽ അവിടുന്നു തൻെറ പുരോഹിതനോടുകൂടി ബലിപീഠത്തിങ്കലും, ഭരണകർത്താവിനോടുകൂടി സിംഹാസനത്തിലും വക്കീലിനോടുകൂടി കോർട്ടിലും തൊഴിലാളിയോടുകൂടി വ്യവസായശാലയിലും വ്യാപാരിയോടുകൂടി വിപണിയിലും അദ്ധ്യാപകനോടുകൂടി വിദ്യാലയത്തിലും ആഗതനാകുവാൻ ഇഷ്ടപ്പെടുന്നു. അതിനാൽ ക്രിസ്തുവിനു് നമ്മുടെ ജീവിതത്തിൻെറ എല്ലാ രംഗങ്ങളിലും സ്ഥാനം നൽകുവാൻ ഇന്നുമുതൽ നമുക്കു് ദൃഢപ്രതിജ്ഞചെയ്യാം.

ക്രിസ്തുവിനെ നാം നമ്മുടെ ജീവിതരംഗങ്ങളിൽ പ്രവേശിപ്പിക്കുമ്പോൾ അവിടുത്തേക്കു് ഹിതകരങ്ങളല്ലാത്തവയെല്ലാം നീക്കംചെയ്യണമെന്നുള്ളതു് പ്രസ്പഷ്ടമാണല്ലോ. ദൈവസ്നേഹവും പരസ്നേഹവുമാണു് ഇന്നു ലോകത്തിൽ അധഃപതിച്ചുകൊണ്ടിരിക്കുന്നതു്. ജീവിതത്തിനു് ഏററവും അത്യാവശ്യകങ്ങളായ അവ രണ്ടുമില്ലാത്തിടത്തു അവിടുന്നു പ്രവേശിക്കുകയില്ല. പ്രാർത്ഥനയും പരസ്നേഹപ്രവർത്തനങ്ങളുമാണു് അവിടുത്തെ ജീവിതത്തിൽ ഓളംവെട്ടിയിരുന്നതു്. അവ രണ്ടും നമ്മുടെ ജീവിതത്തിൽ പ്രായോഗികമാകുമ്പോൾ ലോകം ശാന്തമാകും. ഐശ്വര്യം ലോകത്തിൽ നിറഞ്ഞു കവിഞ്ഞൊഴുകുകയും ചെയ്യും.

## ചരമം

കുന്നാമുച്ചി: സെൻറ് തോമസ് സ്കൂളിലെ ഒരദ്ധ്യാപകനായിരുന്ന മി. പി. എ. ലാസർ അവർകൾ ടൈഫോയിഡ് മൂലം ആഗസ്റ്റ് 19-ാംനു നിര്യാതനായിരിക്കുന്നു. R. I. P.

ആരോഗ്യപംക്തി

# ടൈഫോയിഡ്

(ഡോ: പി. കൃഷ്ണൻനായർ എം. ബി. ബി. എസ്., ഡി. ജി. ഒ.)

മനുഷ്യൻെറ ആരോഗ്യത്തെ സാരമായി ബാധിക്കുന്നതും, മൂന്നുനാലാഴ്ചയോളം നീണ്ടുനില്ക്കുന്നതും, ശരീരാവയവങ്ങളെ പൊതുവായും, ചെറുകുടലിനെ പ്രത്യേകമായും ബാധിക്കുന്നതുമായ ഒരു സാംക്രമികരോഗമാണ് സന്നിപാതജ്വരം(Typhoid). ഈ രോഗം നമ്മുടെ നാട്ടിൽ എല്ലാ കാലങ്ങളിലും കണ്ടുവരുന്നു. ഉഷ്ണകാലങ്ങളിൽ സാധാരണയായി ധാരാളം ഉണ്ടാകാറുണ്ട്.

1. സന്നിപാതജ്വരം Bacillus Typhosus എന്ന ഒരു ജാതി അണുക്കളാൽ ഉണ്ടാകുന്ന രോഗമാണ്. രോഗിയുടെ വയററിൽനിന്നോ മൂത്രസഞ്ചിയിൽനിന്നോ ശ്വാസകോശങ്ങളിൽനിന്നോ വിസർജ്ജിക്കുന്ന എല്ലാററിലും ഈ അണുക്കൾ ധാരാളമുണ്ടായിരിക്കും. സാധാരണയായി നമ്മൾ ഉപയോഗിക്കുന്ന പാൽ, തൈര്, പഴങ്ങൾ മുതലായവയിൽനിന്നുമാണ് രോഗാണുക്കൾ നമ്മുടെ ദേഹത്തിൽ ബാധിക്കുന്നത്. ചിലതരം മത്സ്യങ്ങളിൽനിന്നും ഇതു് ഉണ്ടാകുന്നതായി പറയുന്നുണ്ട്. രോഗിയുടെ മലം, മൂത്രം, വസ്ത്രം ഇവയിൽനിന്നും അണുക്കൾ വൃത്തിഹീനമായി പെരുമാറുന്നവരിലേക്ക് പകരുകയും അവരുടെ കൈയിൽനിന്നു ആഹാരസാധനങ്ങളിൽക്കൂടി ദേഹേന്ദ്രിയങ്ങളിൽ പ്രവേശിച്ച് രോഗത്തെ ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. രോഗം പൂർണ്ണമായി ഭേദപ്പെട്ടുകഴിഞ്ഞാലും ഉദ്ദേശം 5 ശതമാനം ആളുകളുടെ മൂത്രത്തിലും മലത്തിലും അനേകനാൾവരെ ഈ അണുക്കൾ ഉണ്ടായിരിക്കാനിടയുണ്ട്. (Typhoid Carriers) ഇത്തരം ആളുകൾ പാകപ്പെടുത്തുന്ന ആഹാരം ഉപയോഗിക്കുന്നവരിലും ഈ രോഗം പടർന്നുപിടിക്കുന്നു. വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിലും മററും ജോലിചെയ്യുന്ന പാചകക്കാർ ഇത്തരത്തിലുള്ളവരല്ലാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സാധാരണയായി ഈ രോഗം 10 വയസ്സിനുമേൽ 40 വയസ്സിനകമുള്ള ആളുകളിൽ കണ്ടുവരുന്നു. ചെറിയ കുട്ടികളിലും പ്രായമായവരിലും ചിലപ്പോഴെല്ലാം ഈ രോഗം ഉണ്ടാകാറുണ്ട്.

2. രോഗാണുക്കൾ നമ്മുടെ ദഹനേന്ദ്രിയത്തിൽ പ്രവേശിച്ച ചെറുകുടലിൽ വ്രണങ്ങൾ ഉണ്ടാക്കുകയും അതിൻെറ ഫലമായി പനി, വയററുവേദന മുതലായ സാധാരണ ലക്ഷണങ്ങളും വയറിളക്കം, വയറുവീർപ്പ്, രക്തംപോക്ക്, ചെറുകുടലിൻെറ പൊട്ടൽ മുതലായ ഭയങ്കര ലക്ഷണങ്ങളും ഈ രോഗത്തിനുണ്ടാകാനിടയുണ്ട്.

3. ഒരാഴ്ചയിൽ കൂടുതൽ തുടർച്ചയായി നീണ്ടുനില്ക്കുന്ന പനി സന്നിപാതജ്വരമാണെന്നു തന്നെ നാം ചിന്തിക്കണം. മറെറാന്നാണെന്നു പരിശോധനയിൽ ബോദ്ധ്യപ്പെടുന്നതുവരെ നാം സമാധാനപ്പെടുവാൻ പാടുള്ളതല്ല. ആദ്യത്തെ ആഴ്ചയിൽ രക്തത്തിൽനിന്നും ഈ അണുക്കളെ Blood culture മുഖേന കണ്ടുപിടിക്കാവുന്നതാണ്. രണ്ടാമത്തെ ആഴ്ചയിൽ Widal reaction മുഖേനയും രക്തത്തിൽനിന്നും ഈ രോഗത്തെ തിരിച്ചറിയാവുന്നതാണ്. രോഗിയുടെ മലം, മൂത്രം ഇവയിൽനിന്നും രോഗാണുക്കളെ വേർതിരിച്ചെടുക്കുന്നതിനുസാധിക്കുന്നതാണ്.

സാധാരണഗതിയിൽ ഈ രോഗം ബാധിക്കുന്നവരിൽ പത്തുമുതൽ ഇരുപതു ശതമാനംവരെ മരിച്ചുപോകുന്നു. പത്തു വയസ്സിനുതാഴെ ഈ രോഗംകൊണ്ടുള്ള മരണം വളരെ കുറവാണ്. 18 വയസ്സിനും 40 വയസ്സിനും ഇടയ്ക്കുള്ള ആളുകളിൽ കൂടുതൽ മരണം സംഭവിക്കുന്നു. പലേ അനുരോഗങ്ങൾ (Complications) വരാനിടയുള്ളതുകൊണ്ടും ആരോഗ്യം ക്രമേണ കുറഞ്ഞുവരുന്നതുകൊണ്ടും ഒരു മാസത്തോളം നീണ്ടുനില്ക്കുന്നതുകൊണ്ടും സന്നിപാതജ്വരം ഗൗരവമേറിയ ഒരു രോഗമാണെന്നു നാം ഓർക്കേണ്ടതാണ്.

4. രോഗാണുക്കൾ ഒരാളിൽ ബാധിച്ചുകഴിഞ്ഞാൽ എട്ടുപത്തു ദിവസങ്ങൾക്കകം രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നു. സാധാരണയായി രോഗം മൂന്നുനാല് ആഴ്ചകൾ നീണ്ടുനില്ക്കുകയും രോഗിയെ അത്യധികം ക്ഷീണിപ്പിക്കുകയുംചെയ്യുന്നു. ആദ്യത്തെ ആഴ്ചയിൽ ചെറുതായ പനി, തലവേദന, ജോലിചെയ്യുന്നതിൽ വൈമുഖ്യം, മലബന്ധം, ഉറക്കക്കുറവ്, അല്പാല്പമായ വയററുവേദന മുതലായ ലക്ഷണങ്ങളുണ്ടാകുന്നു. ചില രോഗികളിൽ ആദ്യത്തെ ആഴ്ചയിൽത്തന്നെ വലിയ പനിയും തലവേദനയും ഉണ്ടാകാറുണ്ട്. ആദ്യത്തെ ആഴ്ചയിലെ ചില്ലറ അസുഖങ്ങൾ ഒരു വലിയ രോഗത്തിൻെറ ലക്ഷണങ്ങളാണെന്നു മനസ്സിലാക്കാതെ പല രോഗികളും ചിലപ്പോൾ ഭിഷഗ്വരന്മാരും വഴി തെററിപ്പോകാറുണ്ട്. രണ്ടാമത്തെ ആഴ്ചയിൽ പനി വളരെ കൂടുതലായും തുടർച്ചയായും കാണുന്നു. തലവേദനയും മററസുഖങ്ങളും വർദ്ധിക്കുന്നു. രോഗിക്ക് അതിയായ ക്ഷീണവും ശരീരത്തിൽ അതിയായ വേദനയും, വയററിൽ വല്ലാത്ത അസുഖവും വിശപ്പില്ലായ്മയും, ചെറിയ ചുമയും, ചിലപ്പോൾ വയറിളക്കവും കണ്ടുവരുന്നു. രോഗിയുടെ നാവ് പൂത്തും ചുണ്ടു വരണ്ടും കാണപ്പെടുന്നു. വയറിനു സാധാരണയിൽകവിഞ്ഞ വീർപ്പും ഉണ്ടായിരിക്കും. ചിലപ്പോൾ ഛർദ്ദിയും ഉണ്ടാകുന്നു. ആഹാരത്തിനു തീരെ അരുചിയും അതിനോടു വെറുപ്പും തോന്നിക്കുന്നു. മൂന്നാമത്തെ ആഴ്ചയിൽ മേല്പറഞ്ഞ ലക്ഷണങ്ങൾ അല്പാല്പം വർദ്ധിച്ചുവരുന്നു. രണ്ടും മൂന്നും ആഴ്ചയുടെ മദ്ധ്യത്തിൽ രോഗലക്ഷണങ്ങൾ വളരെ വർദ്ധിക്കുന്നു. ഈ കാലഘട്ടത്തിൽ പല പ്രകാരത്തിലുള്ള അനുരോഗങ്ങൾ (Complications) ഉണ്ടാകാനുമിടയുണ്ട്. വലുതായ വയറിളക്കം, ചെറുകുടലിൽനിന്നും രക്തസ്രാവം, ചെറുകുടലിൽ സുഷിരം ഉണ്ടാകുക, ഹൃദയത്തിനു ബലക്ഷയം സംഭവിക്കുക, നെഞ്ചിൽ നീക്കെട്ടുണ്ടാകുക, മൂത്രത്തിൽ ധാരാളം Albumin ഉണ്ടാകുക, ബോധക്ഷയം സംഭവിക്കുക, സ്ഥിരതയില്ലാതെ സംസാരിക്കുക, ഉറക്കക്കുറവ് ഉണ്ടാകുക മുതലായവ അപായകരങ്ങളായ ലക്ഷണങ്ങളാകുന്നു. വായിലെ വൃത്തികേടിൽനിന്നും രണ്ടു ചെകിട്ടത്തും നീക്കെട്ടുണ്ടാകയും അതു യഥാസമയം ചികിത്സിക്കാത്തപക്ഷം പഴുക്കളായിത്തീരുകയും ചെയ്യുന്നു. ഇതൊന്നുംകൂടാതെ മൂന്നാമത്തെ ആഴ്ച തരണംചെയ്തുകഴിഞ്ഞാൽ പിന്നീട് രോഗം കുറവുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നു. സാധാരണഗതിയിൽ ഒരാഴ്ചകൂടി കഴിഞ്ഞാൽ പനി നിശ്ശേഷം മാറുന്നു. അതോടുകൂടി വയററുവേദനയും കുറയുന്നു. ആഹാരത്തിനു രുചിയും ഉണ്ടാകുന്നു. പൂർണ്ണാരോഗ്യം വീണ്ടെടുക്കുന്നതിനു പിന്നെയും രണ്ടുമാസത്തോളം വേണ്ടിവരുന്നു. രോഗലക്ഷണങ്ങളെ പ്രതിപാദിക്കുമ്പോൾ നാം ഒരു കാര്യംകൂടി പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. പനി നിശ്ശേഷം മാറിയതിനുശേഷം ഒരാഴ്ച കഴിയുമ്പോൾ രണ്ടാമതും ജ്വരം ബാധിക്കുന്നതായും ആദ്യമുണ്ടായിരുന്ന പനിയുടെ സകല ലക്ഷണങ്ങളും കൂടുതൽ ശക്തിയായ രീതിയിൽ ആവർത്തിക്കപ്പെടുന്നതായും കണ്ടുവരാറുണ്ട്. (Relapse) ഈ അവിചാരിതമായ ആവർത്തനത്തിനു പ്രത്യേകകാരണങ്ങളൊന്നും പറയാനില്ലെങ്കിലും രോഗിയുടെ ആഹാരങ്ങളിലും ശുശ്രൂഷയിലും പെട്ടെന്നുണ്ടാകുന്ന അശ്രദ്ധ ഇതിനൊരു കാരണമായി തോന്നാറുണ്ട്.

(ആരോഗ്യദീപം)



# 69-ാം സേന

(J. M.)

ജൂലൈ 22-ാംനു-യിലെ "സത്യദീപ"ത്തിലും ആഗസ്റ്റ് "അമ്മ"യിലും പ്രസിദ്ധപ്പെടുത്തിയ 69-ാം സേന കേരളീയ കത്തോലിക്കാ യുവതീയുവാക്കന്മാർക്ക് ഏററം സ്വീകാര്യമാണെന്നു കാണുന്നതു സന്തോഷകരം തന്നെ. 69-ാംസേനയെപ്പററിയുള്ള വിവരങ്ങൾ തുടർച്ചയായി "അമ്മ" മാസികയിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. 69-ാം സേന സാവധാനമേ രൂപവൽകൃതമാകൂ. തൽക്കാലത്തേക്ക് ഏതാനും നിർദ്ദേശങ്ങൾ നൽകിക്കൊള്ളുന്നു.

സാധാരണ അംഗങ്ങൾക്ക്

1) "സത്യദീപ"ത്തിലും "അമ്മ"യിലും പ്രത്യക്ഷപ്പെട്ട പ്രസ്തുത ലേഖനം ശ്രദ്ധാപൂർവ്വം വീണ്ടും വായിക്കുക. ഇഷ്ടപ്പെട്ടെങ്കിൽ, ആ ലേഖനത്തിൽ ഉള്ള പ്രതിജ്ഞ (തല്ക്കാലത്തേക്ക്) ഒരു നല്ല കട്ടിക്കടലാസിൽ നന്നായി എഴുതി ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും ചൊല്ലുക. (അച്ചടിച്ച പ്രതിജ്ഞാപത്രം യഥാകാലം അംഗങ്ങൾക്ക് കിട്ടുന്നതാണ്.)

2) അശുദ്ധ സംസാരങ്ങളിലും നേരംപോക്കുകളിലും ചേരാതിരിക്കുക. ചീത്തവാക്ക് ഒരിക്കലും പറയരുതെന്നുള്ളതു അനുക്തസിദ്ധം.

3) അശുദ്ധപ്രലോഭനങ്ങളുണ്ടായാൽ ഉടൻ "ഈശോ, രക്ഷിക്ക; മറിയമേ, സഹായിക്ക" എന്നു ചൊല്ലി, അവയെ ദൂരീകരിക്കുക. വിചാരവും, നോട്ടവും, പ്രവൃത്തിയും നിർമ്മലമായിരിക്കട്ടെ. ചീത്ത മാസികകളും, നോവലുകളും ചെറുകഥകളും വായിക്കാതിരിക്കയും, ചിത്രപ്പടങ്ങളും നല്ലതാണെന്നുള്ളതിനു ശരിയായ മുന്നറപ്പു ലഭിക്കാത്ത യാതൊരു സിനിമയും കാണാതിരിക്കുകയും ചെയ്യുക. കണ്ടുകൊണ്ടിരിക്കുന്ന സിനിമാ കൊള്ളരുതാത്തതാണെന്നു മനസ്സാക്ഷി നിർദ്ദേശിക്കുന്നുവെങ്കിൽ, തൽക്ഷണം അതുപേക്ഷിച്ചു ഇറങ്ങിപ്പോകുക. സിനിമാക്കമ്പനികളിലും, നാടകക്കമ്പനികളിലും ചേരാതിരിക്കുക. അതുപോലെതന്നെ നൃത്തം, സർക്കസ് എന്നിവയും തൊഴിലായി സ്വീകരിക്കാതിരിക്കുക.

4) ചീത്ത കൂട്ടുകാരുമായി സഹകരിക്കാതിരിക്കുക. അന്യരിൽനിന്നു ലഭിക്കുന്ന പ്രണയക്കത്തുകൾ വായിക്കയോ മറുപടി അയക്കുകയോ ചെയ്യാതിരിക്കുക. അവ ഉടൻ നശിപ്പിക്കുക.

5) അടുത്തടുത്തു കുമ്പസാരിക്കുകയും കുർബാന അനുഭവിക്കുകയും ചെയ്യുക. ദിവസവും രാത്രിയിൽ ആത്മശോധനചെയ്യുക.

6) പെൺകുട്ടികൾ ചട്ടക്കൈ കൈക്കണ്ണവരെത്തന്നെ നീട്ടുക. പള്ളിയിൽ മാത്രമല്ല സ്കൂളിലും കോളെജിലും ജോലിസ്ഥലത്തും പോകുമ്പോഴും അതേരീതിയിലുള്ള ചട്ടതന്നെ ഉപയോഗിക്കുക. വസ്ത്രധാരണം ഏററം മാതൃകാപരവും, വിനയസഹിതവുമാക്കുക.

പത്താംപീയൂസ് മാർപ്പാപ്പായുടെ സഹായത്താൽ അപേക്ഷിച്ചകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

റീ. സി. എം.,
വൈക്കം

7) വിശ്വാസവും സന്മാർഗ്ഗവും ഉപേക്ഷിച്ചും അധിക്ഷേപിച്ചും നടക്കുന്ന കത്തോലിക്കാ യുവതീയുവാക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കുക.

8) മേൽപ്പറഞ്ഞതെല്ലാം വിവേകത്തോടും സഹോദരസ്നേഹത്തോടും എളിമയോടുംകൂടി കൂട്ടുകാരേയും ഗ്രഹിപ്പിക്കുക. (ആൺകുട്ടികൾ ആൺകുട്ടികളേയും പെൺകുട്ടികൾ പെൺകുട്ടികളേയും മാത്രം.)

9) ഈശോയുടെ തിരുഹൃദയത്തോടും മറിയത്തിൻെറ വിമലഹൃദയത്തോടും തീവ്രമായ ഭക്തി പുലർത്തുക. "ഈശോയുടെ തിരുഹൃദയമേ, നിൻെറ രാജ്യംവരണം; മറിയത്തിൻെറ വിമലഹൃദയം വാഴ്ത്തപ്പെട്ടതാകട്ടെ," എന്നു ദിവസത്തിൽ പല പ്രാവശ്യം ചൊല്ലുക. "ദൈവമേ, ഞാൻ അങ്ങെ സർവ്വോപരി സ്നേഹിക്കുന്നു"വെന്നും പലപ്പോഴും ചൊല്ലുക. വിശുദ്ധ മരിയാഗൊരേത്തി 69-ാം സേനയുടെ നേത്രിയാകയാൽ, ആ പുണ്യവതിയോടു ഭക്തി പുലർത്തുക. പുണ്യവതിയുടെ നവനാൾജപങ്ങൾ സൗകര്യംപോലെ ചൊല്ലുക. (നവനാൾജപങ്ങൾ 1953 ജൂൺമാസത്തെ "അമ്മ"യിൽ ഉണ്ട്. ചെറുപുസ്തകമായി പ്രത്യേകം അച്ചടിക്കുന്നുണ്ട്. വില 1 അണ. തപാൽച്ചിലവുൾപ്പെടെ 2 ണ. യുടെ സ്റ്റാമ്പയക്കുക. ആ പുസ്തകത്തിൽ 69-ാം സേനയുടെ വിവരങ്ങളും ഉണ്ടായിരിക്കും.)

10) അംഗമാകുവാൻ ആഗ്രഹിക്കുന്നവർ താഴെകാണുന്ന മേൽവിലാസത്തിലെഴുതുക.

69-ാം സേനയുടെ പോർവിളികൾ: (രഹസ്യമായി ചൊല്ലുവാൻ.)

1) ദൈവമേ, ഞാൻ അങ്ങെ സർവ്വോപരി സ്നേഹിക്കുന്നു.

2) ഈശോയുടെ തിരുഹൃദയമേ, അങ്ങെ രാജ്യംവരണം.

3) മറിയത്തിൻെറ നിർമ്മല ഹൃദയം വാഴ്ത്തപ്പെട്ടതാകട്ടെ.

4) വിശുദ്ധ മരിയാ ഗൊരേത്തി, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

പ്രവർത്തകന്മാർക്ക്

ബ. വികാരിയച്ചനോടോ, സ്കൂൾ മാനേജരോടോ, കോളെജ് പ്രിൻസിപ്പലിനോടോ, ബോർഡിംഗ് റെക്ടരോടോ, കോൺവെൻറ് മദറിനോടോ പറയുക, 69-ാംസേന അദ്ദേഹത്തിൻെറ കീഴിൽ രൂപവൽക്കരിച്ചു പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നുവെന്നും, അതിനു വേണ്ടുന്ന നേതൃത്വം നൽകണമെന്നും. അദ്ദേഹം അനുകൂലിക്കുന്നുവെങ്കിൽ താഴെ കാണുന്ന മേ. വി. എഴുതുക. അദ്ദേഹം അനുകൂലിക്കുന്നില്ലെങ്കിൽ, അതു തക്ക കാരണംകൊണ്ടാകയാൽ, അതിനെ ആദരിക്കയും, സാധാരണ അംഗംമാത്രമായിരിക്കയും ചെയ്യുക.

അമ്മ, ആലങ്ങാട്ട്,
P. O. ആലുവാ

## വിനോദവീഥി



"കൊക്കിലടങ്ങിയതേ കൊത്താവൂ!"

* * *




"ദീനം വല്യതാണല്ലോ! ഒരു ഗുളിക തരാം. പുത്തരിച്ചുണ്ടവേരും ചുക്കുമിട്ട് കഷായംവച്ച് 12 നേരം പലവട്ടം കുടിക്ക്. അപ്പൊ പൊയ്ക്കോളും!"

* * *

വേദോപദേശപ്പരീക്ഷ കഴിഞ്ഞു വന്ന കുട്ടി: "അപ്പാ, പന്തേനൂസ് ആരായിരുന്നു?"

പിതാവ്: "ഇത്രയൊക്കെ പഠിച്ചിട്ടും നിനക്കിതൊന്നും അറിയാൻപാടില്ലല്ലോ. നിനക്കു നാണമുണ്ടോ? ആ വേദപുസ്തകം ഇങ്ങ് എടുത്തോണ്ടുവന്നേ. ഞാൻ കാണിച്ചുതരാം."

* * *

അദ്ധ്യാപകൻ: "ഭൂമിയുടെ ആകർഷണനിയമം ഉള്ളതുകൊണ്ടാണ് നമുക്കിവിടെ നില്ക്കാൻ സാധിക്കുന്നതു്."

വിദ്യാർത്ഥി: "ആ നിയമം പാസ്സാകുന്നതിനുമുമ്പ് നാമിവിടെ എങ്ങനെ നിന്നു സാർ?"

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam September 2 1953 No. 3

## വിവിധവൃത്താന്തങ്ങൾ

### പഞ്ചശിശുക്കൾ ഇരുപതാം വയസ്സിൽ

ഒരേപ്രസവത്തിലുണ്ടായ അമേരിക്കയിലെ ഡയോന്നി പെൺകുട്ടികൾ അഞ്ചുപേരും ഈ മാസത്തിൽ ഇരുപതാം വയസ്സിലേക്കു പ്രവേശിച്ചിരിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നായി അനവധി മംഗളാശംസകൾ അന്നേദിവസം അവർക്കു ലഭിക്കയുണ്ടായി. അസംപ്ഷൻ സിസ്റ്റേഴ്സിന്റെ വക വിദ്യാലയത്തിൽ ഇപ്പോൾ അവർ അദ്ധ്യയനം നടത്തിക്കൊണ്ടിരിക്കയാണ്. പിതാവും മാതാവും മൂത്ത രണ്ടു സഹോദരിമാരും ഇളയ സഹോദരനുംകൂടി അവിടെയെത്തിയാണ് ജന്മദിനാഘോഷങ്ങൾ നടത്തിയതു്. മിസ്റ്റർ ഡയോന്നി തദവസരത്തിൽ പത്രപ്രതിനിധികളോടു പറഞ്ഞു: "ഉൽക്കണ്ഠാധീനമായ പല കാലഘട്ടങ്ങൾ ഈ പത്തൊൻപതു കൊല്ലത്തിനിടയ്ക്കു കടത്തിവിട്ടിട്ടുണ്ടു്. എങ്കിലും എല്ലാം അപകടരഹിതമായി കഴിഞ്ഞുകൂടി. ദൈവത്തിനു സ്തുതിയുണ്ടായിരിക്കട്ടെ. അവരുടെ ഭാവിജീവിതപരിപാടികൾ സംബന്ധിച്ചും മററും ഞങ്ങൾ ഒന്നും ഇടപെടണമെന്നു കരുതുന്നില്ല. അവർക്കു പ്രായപൂർത്തിയായിക്കഴിഞ്ഞു. വേണ്ട വിദ്യാഭ്യാസവും സിദ്ധിച്ചിട്ടുണ്ടു്. അവർതന്നെ ഇനി എല്ലാം തീരുമാനിച്ചുകൊള്ളട്ടെ എന്നു ഞങ്ങൾ വിട്ടുകൊടുത്തിരിക്കയാണ്." അന്നേററ, സിസിലി, എമിലി, മരിയ, യൊവാന്നേ എന്നാണു സുപ്രസിദ്ധരായ ഈ കുട്ടികളുടെ പേരുകൾ.

### അമേരിക്കയിലെ കത്തോലിക്കാ പത്രങ്ങൾ

ഇക്കഴിഞ്ഞ കൊല്ലത്തെ ഔദ്യോഗിക കണക്കനുസരിച്ചു്, ഐക്യരാജ്യങ്ങളിലും കാനഡായിലുംകൂടി തന്നാണ്ടിൽ 576 കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും, രണ്ടുകോടി വരിക്കാരും ഉണ്ടായിരുന്നതായി കാണുന്നു. ഇത്രയും കൂടിയ ഒരു തുക മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. തലേകൊല്ലത്തേക്കാൾ 27 പ്രസിദ്ധീകരണങ്ങളും 25 ലക്ഷം വരിക്കാരും വർദ്ധിച്ചിട്ടുണ്ടെന്നു കണക്കാക്കിയിരിക്കുന്നു. ചിക്കാഗോ അതിരൂപതാപത്രമായ "ന്യൂവേൾഡ്" പ്രചാരത്തിൽ ഏററം മുന്നണിയിൽ നില്ക്കുന്നു. അതിനു 1 ലക്ഷത്തി 47 ആയിരം വരിക്കാരുണ്ടു്. ഡെൻവെറിലെ "രജിസ്റ്റർ" പത്രത്തിനും "സണ്ടേ വിസിററ"റിനുമാണ് അടുത്ത സ്ഥാനങ്ങൾ. 7 ലക്ഷത്തി 86 ആയിരം വരിക്കാരുള്ള "കൊളംബിയാ"സ്സാണ് മാസികകളുടെ ഗണത്തിൽ പ്രഥമസ്ഥാനം.

### ക്ലാരപ്പുണ്യവതിയുടെ 7-ാം ശതാബ്ദാഘോഷം

വി. ബെണ്ണാട്ടിന്റെ ചരമത്തിന്റെ 8-ാം ശതകം പ്രമാണിച്ചു് പരിശുദ്ധ പിതാവു ഒരു ചാക്രികലേഖനം പ്രസിദ്ധപ്പെടുത്തി ഏതാനും ദിവസം കഴിഞ്ഞപ്പോൾ അസ്സീസിയിലെ വി. ക്ലാരയുടെ നിര്യാണത്തിന്റെ 7-ാം ശതകാഘോഷം പ്രമാണിച്ചു് അവിടത്തെ രൂപതാദ്ധ്യക്ഷനു ഒരു പേപ്പൽ ലേഖനം അയച്ചുകൊടുത്തിരിക്കുന്നു. രണ്ടു തിരുവെഴുത്തുകളിലും, പ്രസ്തുത വിശുദ്ധരുടെ കാലങ്ങളും നമ്മുടെ ഈ കാലങ്ങളും തമ്മിലുള്ള തുല്യതയാണ് മാർപ്പാപ്പാ എടുത്തുകാണിക്കുന്നതു്. "സന്മാർഗ്ഗത്തിന്റെ അധഃപതനം ഒരേതരത്തിലാണെന്നു പറയാം. ഉപവി തണുത്തുപോകുമ്പോൾ വഴക്കുകളും വിദ്വേഷങ്ങളും വളരുന്നു. ലൗകികവസ്തുക്കളുടെ മേലുള്ള അതിരുകടന്ന തൃഷ്ണ ആത്മാവുകളെ കലക്കുന്നു. രാഷ്ട്രത്തിന്റെയും കുടുംബത്തിന്റെയും അടിസ്ഥാനം ശിഥിലമാക്കാൻ ശ്രമിക്കുന്നു." വി. ഫ്രാൻസിസുപോലും ആപൽഘട്ടങ്ങളിൽ പുണ്യവതിയുടെ ആലോചന തേടിയിരുന്നതുപോലെ ലോകവിപത്തിൽ നാം വിശുദ്ധയുടെ സഹായം തേടണമെന്നു മാർപ്പാപ്പാ ഉൽബോധിപ്പിക്കുന്നു.

### ലിവർപ്പൂൾ കത്തീഡ്രൽ രണ്ടാമത്തെ വലിയ പള്ളി

ലിവർപ്പൂൾ മെത്രാപ്പോലീത്തായായ ഡോക്ടർ റിച്ചാർഡ് ഡൗണി തന്റെ 73-ാമത്തെ വയസ്സിലാണ് ഈയിടെ നിര്യാതനായതു്. അദ്ദേഹം ആരംഭിച്ചു് പണി നടന്നുവരുന്ന ലിവർപ്പൂൾ കത്തീഡ്രലിനു ഇതുവാസ്തവത്തിൽ ഒരു അപരിഹാര്യനഷ്ടംതന്നെ. 1933 ജൂണിലാണ് ഈ ബ്രഹ്മാണ്ഡദൈവഭവനത്തിന്റെ ശിലാസ്ഥാപനം നടന്നതു്. അന്നത്തെ നിരക്കിനു 30 ലക്ഷം പവനായിരുന്നു അടങ്കൽ. ഇന്നു അതിലും വളരെ കൂടുതൽ ആവശ്യപ്പെടും. 3 ലക്ഷം ചതുരശ്ര അടിയാണ് പള്ളിയുടെ ഉള്ളു്. പൊക്കം 520 അടിവരും. 53 അൾത്താരകളാണുദ്ദേശിച്ചിരിക്കുന്നതു്. ക്രിസ്തുരാജന്റെ നാമത്തിലുള്ള ഈ ഭദ്രാസനദേവാലയം പണി തീർന്നുവരുമ്പോൾ ലോകത്തിലെ രണ്ടാമത്തെ വലിയ പള്ളിയായിരിക്കും.

### ടിട്ടാനിക്കു കപ്പലിന്റെ നാശത്തെപ്പററി

അജയ്യമെന്ന അഹന്തയോടുകൂടി ഒന്നാമത്തെ യാത്രയ്ക്കായി അമേരിക്കയിലേക്കു തിരിച്ച ടിട്ടാനിക്ക് കപ്പൽ 1500 ആളുകളോടുകൂടി നിനച്ചിരിയാത്ത വിധത്തിൽ തകൎന്ന ചരിത്രം പ്രസിദ്ധമാണല്ലോ. ഇക്കഴിഞ്ഞ മേയ് മാസത്തിലെ "ദി പ്രീസ്റ്റ്" എന്ന അമേരിക്കൻ മാസികയിൽ തൽസംബന്ധമായി കാണുന്ന ചില വിവരങ്ങൾ സ്മർത്തവ്യമാണ്. "ടിട്ടാനിക്കിന്റെ വിനാശത്തിൽ ചില ആദ്ധ്യാത്മികവശങ്ങളും പ്രത്യക്ഷപ്പെടുന്നുണ്ടു്." സഹയാത്രക്കാരായ കത്തോലിക്കരെ അധിക്ഷേപിക്കുന്നതിനുവേണ്ടി കപ്പൽജോലിക്കാരിൽ ചിലർ കപ്പലിന്റെ വശങ്ങളിൽ എല്ലാവിധ ശാപങ്ങളും ദൈവദൂഷണങ്ങളും എഴുതിവച്ചിരുന്നു. "ക്രിസ്തുതന്നെ വിചാരിച്ചാലും ഇതിനെ മുക്കാൻ സാദ്ധ്യമല്ല" എന്നായിരുന്നു അതിലൊന്നു്. വെള്ളനിരപ്പിനു മുകളിലായി ഒരു പാർശ്വത്തു വലിയ അക്ഷരങ്ങളിൽ ഇങ്ങനെ എഴുതിയിരുന്നു: "ദൈവവുമില്ല, പാപ്പായുമില്ല." അതിന്റെ എതിർവശത്തു്, "ആകാശവും ഭൂമിയും കൂടിയാലും ഈ കപ്പലിനെ ഗ്രസിപ്പാൻ കഴിയുന്നതല്ല" എന്നും ഉല്ലേഖനം ചെയ്യപ്പെട്ടിരുന്നു. മഞ്ഞുകട്ട തട്ടി "ദൈവവുമില്ല, പാപ്പായുമില്ല" എന്ന വാക്യം നടുവേ മുറിയുകയാണു ചെയ്തതു്. പിന്നത്തെ അധഃപതനം നിമിഷനേരംകൊണ്ടു കഴിഞ്ഞു. മേല്പറഞ്ഞ ദൈവദൂഷണങ്ങൾ തന്റെ അന്ത്യഅത്താഴസമയത്തു ആവർത്തിച്ചുപറഞ്ഞു സ്ഥിതുകപ്പിത്താൻ അദ്ദേഹത്തിന്റെ ആസ്ഥാനത്തുതന്നെ നിന്നുകൊണ്ടു താഴുകയാണ് ചെയ്തതു്. ദൈവദ്രോഹത്തിൽ സമാരംഭിച്ച ടിട്ടാനിക്ക്, അഗ്നിബാധിച്ച വൈക്കോൽത്തുറുപോലെ ഇങ്ങനെ അതിശീഘ്രം ദയനീയമായി അവസാനിച്ചു."

### ന്യൂയോർക്ക് നഗരത്തിൽ

കുടിയേററക്കാരായി ഇററലിയിൽനിന്നു അമേരിക്കയിൽ എത്തിയിട്ടുള്ള ജനങ്ങളുടെ സംഖ്യ അത്ഭുതാവഹമെന്നേ പറയാനുള്ളു. പ്രസിദ്ധ അമേരിക്കൻ ഗ്രന്ഥകാരനായ ജഗൈൻഡോർഫ് എഴുതിയിരിക്കുന്നതു്, ന്യൂയോർക്ക നഗരത്തിൽ ഇന്നു 37 ഇററാലിയൻ ഡിസ്ട്രിക്ടുകളിലായി നിവസിക്കുന്ന ഇററലിക്കാരെയെല്ലാംകൂടി കണക്കാക്കിയാൽ റോമാ നഗരത്തിലുള്ളവരെക്കാൾ അധികം ഉണ്ടാകുമെന്നാണ്. അമേരിക്കൻ ജനതയോടു അവർ ഏകീഭവിച്ചിരിക്കുന്നു. അവരുടെ നാഗരികതയും സംസ്കാരവും സ്വഭാവവിശേഷവും അമേരിക്കയ്ക്കു അവർ പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നു. ന്യൂയോർക്ക നഗരത്തിനുണ്ടായിട്ടുള്ളതിലേക്കും ഏററം സമർത്ഥനായ മേയർ ഇററാലിയൻ വംശജനായ ലാഗർഡിയാ ആണെന്നു പറയപ്പെടുന്നു.

### ഹംഗേറിയൻ സംഘടനകൾ ചത്തിട്ടില്ല

കമ്മ്യൂണിസ്റ്റുഭരണത്തിൽ കിടന്നു ഊർദ്ധശ്വാസം വലിക്കുന്ന ഹംഗറിയിൽ കത്തോലിക്കാസഭ എങ്ങനെ വർത്തിക്കുന്നു എന്നു അറിയാൻതന്നെ പുറമേയുള്ളവർക്കു എളുപ്പമല്ല. എന്നാൽ "മാറിയാർ കോറിയർ" എന്നൊരു രഹസ്യ വാർത്താവിതരണ ഏജൻസി അവിടെ പ്രവർത്തനം നടത്തിവരുന്നുണ്ടു്. ഇടയ്ക്കിടെ ഏതുതരത്തിലെങ്കിലും അവർ വർത്തമാനങ്ങൾ വെളിക്കു അയച്ചുകൊണ്ടിരിക്കുന്നു. അടുത്തു കിട്ടിയ ഒരു സന്ദേശത്തിൽ പറയുന്നു: കത്തോലിക്കാസംഘടനകളെയെല്ലാം തകർക്കുന്നതിനു ഗവർമ്മെന്റു സർവ്വശ്രമവും ചെയ്തുകൊണ്ടിരിക്കുന്നുവെങ്കിലും അവയൊന്നും നാമാവശേഷമായിട്ടില്ല. കത്തോലിക്കാ പ്രവർത്തനസമിതി, സെൻറ് സ്റ്റീവൻ സൊസൈററി, സെൻറ് സിസിലി സൊസൈററി, ഹോളിക്രോസ് സൊസൈററി മുതലായവ ഒളിവിൽ ഊർജ്ജിതമായി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു.

### ഇൻഡോചൈനായിലെ കമ്മ്യൂണിസ്റ്റ് ശല്യങ്ങൾ

ചെമ്പട ഇൻഡോചൈനായിൽ വരുത്തിവയ്ക്കുന്ന നാശങ്ങൾക്കു കണക്കില്ലെന്നു റിപ്പോർട്ടുകൾ കിട്ടിക്കൊണ്ടിരിക്കുന്നു. ക്രിസ്ത്രീയ ദേവാലയങ്ങളുടെമേലും സ്ഥാപനങ്ങളുടെ മേലുമാണ് അവരുടെ വിനാശകകരങ്ങൾ കൂടുതലായി പതിയുന്നതു്. ഫക്ക് ഡോണിലേയും, ചാൻസോണിലേയും പരിപാവനങ്ങളായ ട്രാപ്പിസ്റ്റ് ആശ്രമങ്ങൾ അവർ കൈവശപ്പെടുത്തി. സന്യാസികളിൽ പലരെ അറസ്റ്റുചെയ്തുകൊണ്ടുപോയി. മററുപലരെ ദാരുണമായി ഉപദ്രവിച്ചു് പുറത്തിറക്കി. കെട്ടിടങ്ങളെല്ലാം ഇപ്പോൾ സൈന്യങ്ങളുടെ വിഹാരരംഗമായി പരിണമിച്ചിരിക്കുന്നു. കൊറിയൻയുദ്ധം അവസാനിച്ചു കഴിഞ്ഞാൽ ചൈനായുടെ ശക്തി മുഴുവൻ ഇൻഡോചൈനായിൽ ചെലുത്താനും, കഴിയുന്നിടത്തോളം ഏഷ്യായുടെ തെക്കേ അററത്തേക്കു നീങ്ങാനുമാണ് മുമ്പേതന്നെ തീർച്ചപ്പെടുത്തിയിട്ടുള്ള പ്ലാൻ. അതിനാൽ ഓസ്ട്രേലിയായുടെ ആശങ്ക നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായി കാണുന്നു.

### ഐറിഷ് പത്രങ്ങളുടെ ധീരോദാത്തത

അയർലണ്ടിലെ നാഷനൽ ലൈബ്രറിയിൽ പര്യന്വേഷണജോലി നടത്തുകയിൽ കണ്ട ഒരു കുറിപ്പു് ലിയാം റിയോർഡനാൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 1783-ലെ "കോർക്ക റിമെംബ്രാൻസർ" എന്ന പത്രത്തിൽനിന്നാണതു്: "ജോൺ ഗോൾഡ്, ജയിംസ് ഹെന്നെസി എന്ന രണ്ടാളുകൾ കോർക്കിൽവച്ചു് പാപ്പായുടെ ശുഭാശംസയ്ക്കായി പാനംചെയ്തതിനു 5 പവൻ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ പാനംചെയ്യാത്തവനു ദുരിതം എന്നാണു ഞങ്ങൾക്കു പറയാനുള്ളതു്." അക്കാലങ്ങളെല്ലാം കഴിഞ്ഞു സ്വാതന്ത്ര്യയുഗത്തിൽ ജീവിക്കുന്ന നമ്മുടെ പത്രങ്ങൾക്കു അങ്ങനെയൊരു പ്രസ്താവന ചെയ്യാൻ ഇന്നു തുനിവുണ്ടാകുമോ എന്നു ലിയാം ചോദിക്കുന്നു.

### സൽകൃത്യത്തിന്റെ ഫലം വ്യാപിക്കുന്ന വിധം

സദാ കലഹത്തിൽ കഴിഞ്ഞുകൂടിയിരുന്ന ഒരു കുടുംബത്തിലെ ഗൃഹനായകൻ ഒരുദിവസം രാവിലെ സന്തോഷമുഖത്തോടെ തന്റെ ഭാര്യയെപ്പററി കുറേ പുകഴ്ത്തി സംസാരിച്ചു. അവൾക്കു സന്തോഷമായി. ഭർത്താവു ജോലിക്കുപോയപ്പോഴും അവൾ ആനന്ദംകൊണ്ടു ഗാനാലാപം ചെയ്തുകൊണ്ടിരുന്നു. അടുത്ത വീട്ടുകാരി ഇതുകേട്ടു. അവളും പാട്ടുപാടി. അവിടെ മാംസവില്പനയ്ക്കുവന്ന ഒരു ചെറുപയ്യൻ രണ്ടാമത്തെ ഈ ഗൃഹനായികയുടെ പാട്ടുകേട്ടു്, ഉല്ലാസഭരിതനായി ചൂളംവിളിച്ചുകൊണ്ടാണു മടങ്ങിയതു്. അതുകേട്ടു മറെറാരുവൻ പറഞ്ഞു: "നോക്കുക, അവന്റെ ജീവിതം എത്ര ഉന്മേഷസമ്മിളിതമായിരിക്കുന്നു!" ഇങ്ങനെ ആ ഏകസ്നേഹകൃത്യത്തിന്റെ കല്ലോലങ്ങൾ എത്രദൂരം വ്യാപിച്ചിട്ടുണ്ടായിരിക്കുമെന്നു പരിച്ഛേദിക്കുക സാദ്ധ്യമല്ല.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

## Like the Sun

A man's growth in holiness resembles the passage of the sun from night's darkness to noonday brilliance. Born in the night of original sin, he receives light in darkness at Baptism. As that light which is life grows, so does his hope and his love. By means of the sacraments, prayer, penance and good works this man goes on increasing that light and that love until at last it bursts on him with its full splendour in the vision of heaven's eternal high noon.

—Action Now!

## Builders All

"Your task: to build a better world,"
God said. I answered "How?
This world is such a large, vast place,
So complicated now,
And I so small and useless am,
There's nothing I can do."
And God in all His wisdom said:
"Just build a better *you*."

—Dorothy Jones
in Christian Advocate

## In Praise of the Ordinary

If we would really bring before us what is both the highest blessedness in God's service, and also in fact the ordinary portion of good men, we shall find it to consist in what from its very nature cannot make much show in history: in a life barren of great events, and rich in small ones; in a life of routine duties of happy obscurity and inward peace, of an orderly dispensing of good to others who come within their influence, morning and evening; of a growth and a blossoming and bearing fruit in the house of God, and of a blessed death, in the presence of their brethren. Such has been the round of many a pastor up and down Christendom, as even history has recorded, of many a missioner, of many a monk, of many a religious woman, of many a father and mother of a family, of many a student in sacred or profane literature—each the centre of his own circle, and the teacher of his own people, though more or less unknown to the world.

—Cardinal Newman